AR
147

70
~~490~~

# MADRAS GOVERNMENT ORIENTAL SERIES

No. CXVIII.

---

# ജ്ഞാനപീയൂഷം

# JÑĀNAPĪYŪSAM

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1954

*Price, Rs.* 2-0-0.

# MADRAS GOVERNMENT ORIENTAL SERIES

**No. CXVIII.**

# ജ്ഞാനപീയൂഷം

# JÑĀNAPĪYŪSAM

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1954

# JÑĀNAPĪYŪSAM

Edited with Introduction

By

K. V. NAMBUDRIPAD, M.A.,

Assistant Professor of Malayalam, Presidency College, Madras

GOVERNMENT ORIENTAL MANUSCRIPT LIBRARY, MADRAS

1954

Price, Rs. 2-0-0.

G.B.—A-1

# MADRAS GOVERNMENT ORIENTAL SERIES

Published under the authority
of the
Government of Madras

*General Editor :*

T. CHANDRAŚEKHARAṆ, M.A., L.T.,

Curator, Government Oriental Manuscripts Library, Madras.

No. CXVIII

# ജ്ഞാനപീയൂഷം

# INTRODUCTION

The Government of Madras took up for consideration the question of publication of the various manuscripts in different languages on subjects like Philosophy, Medicine, Science, etc., early in May 1948. Important Manuscripts Libraries in the Madras Presidency were requested to send a list of unpublished manuscripts with them for favour of being considered by the Government for publication. The Honorary Secretary of the Tanjore Maharaja Serfoji's Sarasvathi Mahal Library, Tanjore, alone complied with this request. This list as well as a similar list of unpublished manuscripts in the Government Oriental Manuscripts Library, Madras, were carefully examined and a tentative selection of manuscripts suitable for publication was made. The Government in their Memorandum No. 34913/48-10, Education, dated 4th April 1949, constituted an Expert Committee with the Curator of the Government Oriental Manuscripts Library, Madras, as the Secretary for the final selection of manuscripts suitable for printing and for estimating the cost of publication.

The following are the members of the Committee :—

1 Sri T. M. Narayanaswami Pillai, M.A., B.L.
2 ,, R. P. Sethu Pillai, B.A., B.L.
3 ,, C. M. Ramachandra Chettiar, B.A., B.L.
4 ,, R. Krishnamoorthy (Kalki).
5 Dr. N. Venkataramanayya, M.A., PH.D.
6 Sri M. Ramanuja Rao Naidu, M.A.
7 ,, V. Prabhakara Sastri.
8 ,, N. Venkata Rao, M.A.
9 ,, H. Sesha Ayyangar.
10 ,, Masti Venketesa Ayyangar.
11 ,, M. Mariappa Bhat, M.A., L.T.
12 Dr. C. Achyuta Menon, B.A., PH.D.
13 ,, C. Kunhan Raja, M.A., D.PHIL.,
14 ,, A. Sankaran, M.A., PH.D., L.T.
15 Sri Polakam Rama Sastri,
16 ,, S. K. Ramanatha Sastri.
17 Dr. M. Abdul Haq, M.A., D.PHIL. (Oxon).
18 Afzul-ul-Ulama Hakim Khader Ahamed.
19 Sri P. D. Joshi.
20 ,, S. Gopalan, B.A., B.L.
21 ,, T. Chandrasekharan, M.A., L.T.



With the exception of Sri Masti Venkatesa Ayyangar, and Dr. C. Kunhan Raja, the above members continued to be members of the Expert Committee for 1950-51 also to which the following gentlemen were added in Government Memmorandum No. 7297-E/50-3, Education, dated 19th May 1950, and Government Memmorandum No. 15875-E/50-4, Education, dated 7th September 1950.

1 Dr. A. Chidambaranatha Chettiar, M.A., PH.D.
2 Sri S. Govindarajulu, B.A., B.L., LL.B., Bar.-at-Law.
3 Capt. G. Srinivasamoorthy, B.A., B.L., M.B. and C.M.
4 Dr. Muhammad Hussain Nainar, M.A., PH.D.
5 Sri T. V. Subba Rao, B.A., B.L.
6 Principal, College of Indian Medicine, Madras.

The members of the Committee formed into Sub-Committees for the various languages, Sanskrit, Tamil, Telugu, Kannada, Malayalam, Mahrathi and Islamic languages. They met during the month of May 1949 at Madras, and at Tanjore to examine the manuscripts and make a selection. The recommendations of the Committee were accepted by the Government and they decided to call these publications as the "MADRAS GOVERNMENT ORIENTAL SERIES" and appointed the Curator, Government Oriental Manuscripts Library, Madras, as the General Editor of the publications under this series.

The following manuscripts were taken up for publication during 1949-50 :—

**"A" FROM THE GOVERNMENT ORIENTAL MANUSCRIPTS LIBRARY, MADRAS.**

TAMIL

1 Kappal Śāttiram
2 Anubhava Vaiddiya Muṟai
3 Āttānakōlāhalam
4 Upadēśa Kāṇḍam
5 Cōḷaṉ Pūrva Paṭṭayam
6 Śivajñāna Dīpam

**TELUGU**

1 Auṣadha Yōgamulu
2 Vaidya Nighaṇṭuvu
3 Dhanurvidyā Vilāsamu
4 Yōga Darśana Viṣayamu
5 Khaḍga Lakṣaṇa Śirōmaṇi

## SANSKRIT

1 Viṣanārāyaṇīyam—(Tantrasārasaṅgraha)
2 Bhārgava Nāḍikā
3 Harīharacaturaṅgam
4 Brahmasūtravṛtti—Mitākṣarā
5 Nyāyasiddhānta Tattvāmṛtam

## MALAYĀLAM

1 Garbha Cikitsa
2 (a) Vāstulakṣaṇam
(b) Śilpavisayam
3 Mahāsāram
4 Kaṇakkusāram
5 Kriyākramam
6 Kaṇakkusāram—(Bālaprabōdham)

## KANNADA

1 Lōkōpakāram
2 Raṭṭamatam
3 Aśvaśāstram
4 Vividha Vaidya Viṣayagaḷu
5 Saṅgītaratnākara
6 Sūpaśāstra

## ISLAMIC LANGUAGES

1 Jamil-Al-Ashya
2 Tibb-E-Faridi
3 Tahqiq-Al-Buhran
4 Safinat-Al-Najat

---

## "B" FROM THE TANJORE MAHARAJA SERFOJI'S SARASVATHI MAHAL LIBRARY, TANJORE.

## TAMIL

1 Śarabendra Vaidya Muṛai (Diabetes)
2 Do. (Eyes)
3 Do. (Anaemia)
4 Do. (Svāsakāsam)
5 Agastiyar
6 Koṅkaṇarśarakku Vaippu
7 Tiruccirrambalakkovaiyar with Padavurai
8 Tālasamudram
9 Bharatanāṭyam



10 (a) Paṇḍikēḷi Vilāsa Naṭakam
(b) Purūrava Cakravarti Nāṭakam
(c) Madana Sundara Vilāsa Nāṭakam
11 Percy Macqueen's Collection of Folklore in the Madras University Library
12 Rāmaiyaṉ Ammāṉai

## TELUGU

1 Kāmandakanītisāramu
2 Tāladaśāprāṇapradīpikā
3 Raghunātha Nāyakābhyudayamu
4 Rājagōpāla Vilāsamu
5 Rāmāyaṇamu by Kaṭṭa Varadarāju

## MAHRĀTHI

1 Nāṭyaśāstra Saṅgraha
2 (a) Book of Knowledge
(b) Folk Songs
(c) Dora Darun Veṇi Paddhati
(d) Asvasa Catula Dumani
3 (a) Pratāpasimhendra Vijaya Prabandha
(b) Sarabhendra Tīrthāvali
(c) Lāvaṇi
4 Devendra Kuravañji
5 Bhakta Vilāsa
6 Śloka Baddha Rāmāyaṇa

## SANSKRIT

1 Aśvaśāstra with Tricolour illustrations
2 Rājamṛgāṅka
3 Ānandakandam
4 Āyurvedamahodadhi
5 Gīta Govinda Abhinaya
6 (a) Coḷacampū
(b) Sahendra Vilāsa
7 Dharmākūtam—Sundara Kāṇḍa
8 Jātakasāra
9 Viṣṇutattvanirṇaya Vyākhyā
10 Saṅgīta Darpaṇa
11 Bījapallava

During 1950, only the Sub-committee for TAMIL, TELUGU and KANNADA met in the month of July 1950 at Madras.

The following books were taken up for publication in the various languages during 1950-51 :—

TAMIL

1 Daṭcanāyaṇār-Vaiddiya-Aṭṭavaṇai
2 Vaiddiyak Kalañciyam
3 Anubhava Vaiddiya Muṛai, Vol. 3

TELUGU

1 Śaivācārasaṅgrahamu
2 Anubhava Vaidyam
3 Abhinayadarpaṇamu

SANSKRIT

1 Ārogyacintāmaṇi
2 Tattvasāra with Ratnasāriṇī
3 Sūtrārthāmṛta Lahari
4 (a) Ratnadīpikā
(b) Ratnasāram

MALAYĀLAM

1 Aśvacikitsa
2 Phalasārasamuccaya

KANNAḌA

1 Vaiḍya Sāra Saṅgraha

During 1951-52, only the Sub-committees for TAMIL, TELUGU and MALAYALAM met in the month of April 1951. The following books were taken up for publication in the various languages :—

TAMIL

1 Saptariṣināḍi
2 Kārnāṭakarājākkaḷ Savistāra Caritram
3 Bharata Siddāntam
4 Pillaippiṇivākaṭam
5 Anubhava Vaiddiyam, Vol. 4
6 Māṭṭuvākaṭam

TELUGU

1 Brahmavidyā Sudhārṇavamu
2 Rāgatāḷacintāmani
3 Vaidyacintāmaṇi
4 Kumārarāmuni Kathā
5 Kāṭamarāju Kathā



SANSKRIT

1 Devakeralam—Candrakaḷā Nāḍi
2 Pātañjala Yogasūtra Bhāṣya Vivaraṇa by Sri Śaṅkarāoārya

MALAYĀLAM

1 Kiḷivaṇḍusamvādam
2 Advaita Vedāntam
3 Bārhaspatyasūtra with Malayālam commentary
4 Karaṇapaddhati

KANNAḌA

1 Sadgururahasyam

ARABIC

2 Shawakil-Ul-Hur

In Government Memorandum No. 18947-E/52-2, Education, dated 7th August, 1952, a few changes were made in the personnel of the Expert Committee.

The names of the following members were deleted.

1 Sri V. Prabhakara Sastri.
2 „ C Achyuta Menon.
3 „ M. Abdul Haq.

The following gentlemen were included as members of the Expert Committee :—

1 Sri M. Somasekhara Sarma
2 Dr. V. Raghavan, M.A., Ph.D.
3 „ R. Nagaraja Sarma, M.A., Ph.D.
4 „ S. Krishnan Nayar, M.A.. Ph.D.
5 Professor S. A. Bukhari, M.A.

The Sub-Committee for all the languages met during September 1952 for selecting manuscripts for publication.

The following manuscripts were taken up for publication during 1952-53 :—

TAMIL

1 Saptariṣināḍi, Vol. II—Vṛṣabha Lagna
2 Temple Inscriptions of South India, Vol. I

TELUGU

1 Śārīramu

KANNADA

1 Bijjalarāya Carite
2 Vaidyasāra Saṅgraha, Volume II

## MALAYALAM

1 Vidyāmādhavīyam
2 Sarvasadarśana Cikitsa
3 Viṣa Cikitsa and Viṣappāṭṭusāram

## SANSKRIT

1 Nyāyaratnam with the commentary Dyutimālikā
2 Cikisātilakam
3 Nṛttaratnāvali

The Government in their G.O. No. 1820, Education, dated 4th August 1952, sanctioned a grant of Rs. 9,000 to the Dr. V. Swaminatha Iyer's Tamil Library, Adyar, towards the publication of the following manuscripts as part of the "Madras Government Oriental Series":—

1 Tiruvācaka Vyākhyānam
2 Mahābharata Cūḍāmaṇi

It is hoped that the publication of most of the important manuscripts will be completed within the next few years.

Some of the manuscripts taken up for publication are represented by single copies in the Library and consequently the mistakes that are found in them could not be corrected by comparing them with other copies. The editors have, however, tried their best to suggest correct readings. The wrong readings are given in round brackets and correct readings have been suggested in square brackets. When different readings are found, they have been given in the footnote except in the case of a few books in which the correct readings have been given in the footnote or incorporated in the text itself.

The Government of Madras have to be thanked for financing the entire scheme of publication although there is a drive for economy in all the departments. My thanks are due to the members of the Expert Committee who spared no pains in selecting the manuscripts for publication. I have also to thank the various editors, who are experts in their own field, for readily consenting to edit the manuscripts and see them through the press. The various Presses that have co-operated in printing the manuscripts in the best manner possible also deserve my thanks for the patience exhibited by them in carrying out the corrections made in the proofs.

The present work is based on a paper manuscipt preserved in the Government Oriental Manuscripts Library, Madras, under No. D. 60.



It is of the size 10 × 10¾ inches and contains 56 pages. The manuscript was transcribed in the year 1921–22 from an original palm leaf manuscript belonging to Sri Ankarath Achutha Valiya Mannadiar of Nallepilly, Travancore-Cochin State.

Written in simple and lucid style, this is a very usefull work on philosophy.

T. CHANDRASEKHARAN,
General Editor, Madras Government Oriental Series.

Madras, 17th August 1954.

# അവതാരിക

മലയാളക്കരയിൽ ഭക്തിപ്രസ്ഥാനം വളൎന്നുവരുവാനുണ്ടായ സാഹചൎയ്യങ്ങളെന്തെല്ലാമായിരുന്നുവെന്നു നിൎണ്ണയിക്കുവാൻ മാൎഗ്ഗമില്ലാതെയാണിരിക്കുന്നതു്. അതിന്നു സഹായകമായ സംഗതികളെന്തായാലും ആ പ്രസ്ഥാനം ഭാഷയുടെ അഭിവൃദ്ധിയിൽ മഹത്തായ ഒരു പങ്കു് വഹിച്ചിട്ടുണ്ടെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. ആ കാലഘട്ടത്തിലാണു് ഭാഷയുടെ അമൂല്യനിധികളായ എഴുത്തച്ഛൻകൃതികൾ ആവിൎഭവിച്ചതു്. അവയ്ക്കു മുമ്പും ചില കൃതികൾ—വേദാന്തപരങ്ങളും സ്തുതിപരങ്ങളുമായവ—ഉണ്ടായിരുന്നിരിക്കാം. പക്ഷെ എഴുത്തച്ഛന്റെ കാലശേഷം അത്തരത്തിലുള്ള കൃതികളുടെ ഒരു പ്രവാഹംതന്നെയായിരുന്നുവെന്നൂഹിക്കുന്നതിൽ തെററില്ല. ഭക്തിയേയും തത്വജ്ഞാനത്തേയും അധികരിച്ചുണ്ടായ കാവ്യരത്നങ്ങളിലെല്ലാം തുഞ്ചത്താചാൎയ്യനെ അനുകരിക്കുവാനുള്ള ഒരു ശ്രമം കാണുവാൻ കഴിയും.

രൂപത്തിൽ മാത്രമല്ല ആശയങ്ങളിലും ഏതാണ്ടൊരേ തോതു് പിടിച്ചുകൊണ്ടാണു് കവികൾ പുരോഗമിച്ചതു്. സ്വന്തനില മറച്ചുകൊണ്ടു് കൈകാൎയ്യം ചെയ്യാനുള്ള സൌകൎയ്യമോൎത്തോ എന്തോ അവർ കിളി മുതലായ പക്ഷികളെ വിളിച്ചുവരുത്തി അവ മുഖേന ആശയങ്ങൾ ആവിഷ്ക്കരിക്കുക എന്ന സമ്പ്രദായം തുടൎന്നുവന്നു. മാത്രമല്ല, പറയാനുള്ള സംഗതികളും ഏറെക്കുറെ തുല്യങ്ങളായിത്തന്നെ കാണപ്പെടുന്നു. വേദാന്തപരമായ കൃതികളിലാണു് ഇത്തരത്തിലുള്ള സാദൃശ്യം എത്രയും പ്രകടമാവുന്നതു്.

സംസ്കൃതസാഹിത്യത്തിൽ തത്വജ്ഞാനപരമായ ഗ്രന്ഥങ്ങൾ അതിധാരാളമായുണ്ടു്. അത്തരം ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ട ആശയങ്ങൾ സംഗ്രഹിച്ചു പറയുകയാണു് അവയെ പ്രചരിപ്പിക്കുവാൻ പററിയ മാൎഗ്ഗമെന്നു മലയാളകവികൾ തീരുമാനിച്ചു. പലേടത്തും പ്രസ്താവിക്കപ്പെട്ട കാൎയ്യങ്ങൾ ജനങ്ങൾക്കു സുഗ്രഹമായ രീതിയിൽ ആവിഷ്ക്കരിക്കുകയാണവർ ചെയ്തതു്. അങ്ങിനെ വേദാന്തത്തെ വിഷയമാക്കിക്കൊണ്ടു് നിരവധി പാട്ടുകൾ ആവിൎഭവിച്ചു. ചിന്താരത്നം, കൈവല്യനവനീതം മുതലായവ ഇവയുടെ



മുൻപന്തിയിൽ നില്ക്കുന്നു. "ഓറിയൻറൽ മാനുസ്ക്രിപ്ററസ് ലൈബ്രറി" യുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ജ്ഞാനപീയൂഷവും തത്വജ്ഞാനത്തെക്കുറിച്ചുപപാദിക്കുന്ന ഒന്നാണു്.

വേദാന്തചിന്തയുടെ പരമലക്ഷ്യം അലൌകികമായ സുഖം ജനങ്ങൾക്കെല്ലാം നേടിക്കൊടുക്കുകയെന്നുള്ളതാണു്. അതിലേക്കു ഒന്നാമതായി വേണ്ടതു് ഐഹികജീവിതത്തെ നന്നായപഗ്രഥിച്ചു അതിൽ ദുഃഖമല്ലാതെ സുഖമില്ലെന്നു കണ്ടുപിടിക്കുകയാണു്. ജീവികളെല്ലാം ജനനമരണരൂപമായ സംസാരത്തിൽ കറങ്ങിക്കൊണ്ടിരിക്കുകയാണെന്നു ബോദ്ധ്യപ്പെട്ടാൽ അതിൽനിന്നു വിടുതി നേടുവാനുള്ള ഉപായത്തെത്തേടിപ്പോകാതിരിക്കയില്ല. ഇവിടെയാണു് തത്വജ്ഞാനികൾ അവരുടെ സഹായത്തിന്നെത്തുന്നതു്. അത്തരം ചിന്തകന്മാരുടെ കാതലായ ചില ഉപദേശങ്ങളാണു് ഈ ഗ്രന്ഥത്തിൽ സംഗ്രഹിക്കുവാൻ മുതിൎന്നിട്ടുള്ളതെന്നു ഇതിന്റെ കൎത്താവു് പ്രസ്താവിക്കുന്നു.

ജീവിതോദ്ദേശ്യത്തെ നാലു പുരുഷാൎത്ഥങ്ങളായി തരംതിരിക്കാറുണ്ടല്ലൊ. അവയിലെല്ലാംവെച്ചു മോക്ഷം എന്ന നാലാമത്തെ പുരുഷാൎത്ഥമാണു് ആത്യന്തികമായ ലക്ഷ്യമെന്നു ഹിന്ദുധൎമ്മഗ്രന്ഥങ്ങളെല്ലാം ഉൽഘോഷിക്കുന്നുണ്ടു്. മോക്ഷപ്രാപ്തിക്കുള്ള ഏകോപായമായി കാണിച്ചിട്ടുള്ളതു് ജ്ഞാനസമ്പാദനവുമാണു്. ഇത്രയും തീൎച്ചപ്പെട്ടുകഴിഞ്ഞാൽ ജ്ഞാനത്തിന്റെ സ്വരൂപമെന്തു്? ആ ജ്ഞാനം എങ്ങിനെ കരസ്ഥമാക്കാം? എന്നീ രണ്ടു ചോദ്യങ്ങളാണു് അവശേഷിക്കുന്നതു്. ഇവയ്ക്കു സമീചിനമായ മറുപടി പറയുവാൻ യത്നിച്ചാൽ ഒരു തത്വജ്ഞാനഗ്രന്ഥത്തിന്റെ ചുമതല തീൎന്നു:

എന്നാൽ മേൽക്കാണിച്ച സംഗതികളെപ്പററി സവിസ്തരം പ്രപഞ്ചനംചെയ്യുവാൻ ഗ്രന്ഥകൎത്താവു് മുതിൎന്നുകാണുന്നില്ല. ഈ കിളിപ്പാട്ടു മുഖേന കവി ആവിഷ്ക്കരിച്ച ആശയങ്ങളുടെ രത്നച്ചുരുക്കമാണു് താഴെ കൊടുക്കുന്നതു്.

ജ്ഞാനംതന്നെയാണു് മുക്തിഹേതുവെന്നു സിദ്ധാന്തിച്ചതിന്റെ ശേഷം ആ ജ്ഞാനത്തിന്റെ സ്വരൂപത്തെക്കുറിച്ചു കുറഞ്ഞൊന്നു പ്രതിപാദിക്കുന്നുണ്ടു്. ഓരോരുത്തനിലുമുള്ള അഹംബുദ്ധി—മമതാബോധം—ഇല്ലാതായിത്തീൎന്നാൽ മാത്രമെ ജ്ഞാനം പ്രകാശിക്കയുള്ളൂ. 'ഞാനെന്ന ബോധം' ഉള്ളതുകൊണ്ടാണു് വിഷയങ്ങളിൽ ആസ

ക്തനാവുന്നതു്. അതിൻ ഫലമായി അർത്ഥപുത്രമിത്രകളത്രാദികളോടുള്ള ബന്ധം കൂടിക്കൂടിവരികയും ചെയ്യുന്നു. ഇവയെക്കുറിച്ചെല്ലാം യഥാർത്ഥബോധമുണ്ടാകുവാൻ നല്ല ഗുരുവിനെത്തേടി അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുസരിക്കണം. ഗുരുവിനേയും ഈശ്വരനെപ്പോലെ കരുതി ഭജിക്കണം.

ഈശ്വരൻ ഒന്നുമാത്രമെ നിത്യവും ശാശ്വതവുമായിട്ടുള്ളു. മററുള്ളവയെല്ലാം അനിത്യവും നശ്വരവുമാണു്. ഈശ്വരനെ സേവിക്കുവാൻ പലതരത്തിലുള്ള മാർഗ്ഗങ്ങൾ ഉണ്ടു്. അവയിലേതംഗീകരിച്ചാലും തരക്കേടില്ല. ക്ഷേത്രത്തിലേക്കുള്ള പലവഴികൾപോലെ അവയെല്ലാം ഈശ്വരപ്രാപകങ്ങളത്രേ.

മനസ്സാണു് ബന്ധത്തിന്നും മോക്ഷത്തിന്നും കാരണമെന്നു് കാണിച്ചുകൊണ്ടു് മനസ്സിനെ ഈശ്വരാഭിമുഖമായി സ്ഥിരമാക്കിത്തീർക്കുവാനുള്ള പ്രയത്നമാണു് ജ്ഞാനസമ്പാദനത്തിൽ പ്രധാനമായനുഷ്ഠിക്കേണ്ടതെന്നു പിന്നീടു് പ്രസ്താവിക്കുന്നു. വിഷയങ്ങളിൽനിന്നു മനസ്സിനെ വ്യാവർത്തിപ്പിച്ചു് ഏകതാനമാക്കിത്തീർക്കുക തുലോം ദുസ്സാദ്ധ്യമാണെങ്കിലും അഭ്യാസംകൊണ്ടു നേടാവുന്നതാണു്. ദുസ്സംഗാദികൾകൊണ്ടു് മനസ്സു് ചലിക്കുവാനിടയുള്ളതുകൊണ്ടു് അത്തരം സംഗങ്ങൾ വർജ്ജിക്കുന്നതു് പ്രയോജനകരമായിരിക്കും. ഇങ്ങിനെ ബ്രഹ്മത്തിൽ മനസ്സിനെ ലയിപ്പിക്കുകയാണു് മുക്തിമാർഗ്ഗം. മിഥ്യാഭാവനകളെല്ലാം നീങ്ങുവാൻ സാധനചെയ്തുകൊണ്ടിരിക്കണം. ചിത്തത്തെ സ്ഥിരമാക്കി നിർത്തുവാനുള്ള മറെറാരുവഴി ഈശ്വരന്റെ സകലരൂപങ്ങളിലേതെങ്കിലും ഒന്നിനെ ധ്യാനിച്ചുകൊണ്ടിരിക്കുകയാണു്. അതിലും മനസ്സിന്നു ലയം തോന്നുന്നില്ലെങ്കിൽ സ്വന്തം ആചാര്യനെത്തന്നെ ചിന്തിച്ചുകൊണ്ടിരിക്കുക. ഭക്തിയുടെ സഹായം മോക്ഷസിദ്ധിക്കത്യാവശ്യമാണു്. വിഷയങ്ങളിൽനിന്നു വിരക്തനായി യഥാർത്ഥ ഭക്തിയോടെ മനസ്സിനെ സ്ഥിരമാക്കിവെച്ചുകൊണ്ടു് സാധനചെയ്താൽ മുക്തിദ്വാരം തുറന്നുകിടക്കും.

ഈ കാര്യങ്ങളൊക്കെ പ്രതിപാദിക്കുവാൻ ഗ്രന്ഥകർത്താവു് സ്വീകരിക്കുന്ന രീതി പ്രശംസാർഹമാണെന്നു് പറയാം. വിവാദത്തിന്നു ഇടം കൊടുക്കുന്ന നിരവധി സംഗതികൾ വലിച്ചിഴക്കാതെ ഓരോ കാര്യവും എത്രയും ലളിതമായി സംഗ്രഹിക്കപ്പെട്ടിട്ടുണ്ടെന്നതിന്നു പുറമെ എല്ലാവർക്കും അറിയാവുന്ന ഉപമകൾകൊണ്ടു് അതെല്ലാം





വിശദമാക്കുകയും ചെയ്തിരിക്കുന്നു. എഴുത്തച്ഛൻ കൃതികളിൽ കാണപ്പെടുന്ന ചില ഉദാഹരണങ്ങൾ ഇതിലും സ്ഥലം പിടിച്ചിട്ടില്ലെന്നില്ല.

ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശങ്ങളൊന്നും ഈ ഗ്രന്ഥത്തിൽ ചേർത്തുകാണുന്നില്ല. മദ്രാസ് ഗവമ്മേണ്ടു് ഓറിയൻടൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിച്ച കൈയ്യെഴുത്തു പ്രതിയല്ലാതെ മററു പ്രതികൾ അന്വേഷിച്ചിട്ടു് കണ്ടുകിട്ടുകയുണ്ടായില്ല. ട്രാവൻകൂർ മാനുസ്ക്രിപ്റ്റ്സ് കാററലോഗിലും ഈ ഗ്രന്ഥത്തിന്റെ പ്രതി ഉള്ളതായിക്കണ്ടില്ല. മററു പല കിളിപ്പാട്ടുകളുടേയും പോലെ ഇതിന്റെയും ഗ്രന്ഥകർത്താവിനെക്കുറിച്ചു അറിയാൻ മാർഗ്ഗമില്ലെന്നു സമാധാനിക്കാനേ നിവൃത്തിയുള്ളു.

കെ. വി. നമ്പൂതിരിപ്പാടു്.

# PREFACE

It is not possible to chronicle with any amount of authenticity the various stages through which the cult of Bhakti estabished itself in Kerala. Whatever be the stages and whatever be the circumstances favourable for the development of Bhakti cult, it did surely enrich Malayalam Literature and influence its growth. It was during this period of the assimilation of this cult in the daily life of the people and their expression through the literary works, that Thuñcat Ehzuttaccaṉ's works—the invaluable gems of the language—appeared. And his works represent the quintessence of the Bhakti cult in its sublime form. Of course, there might have been some devotional and philosophical treatiser in the Malayalam language even before this great poet. But in all later works—devotional or philosophical—an attempt to imitate the great author can be noticed.

Not only in the content and style but even in technique of expression a distinct similarity can be noticed in the approach of different poets dealing with philosophical and devotional themes, and more especially philosophical. Thus, they brought in a cukoo or a parrot as a media through which the poets express their thoughts instead of the poets themselves assuming the role of the preacher or the story teller. It is not necessary, in this context, to examine the particular reasons which prompted these poets to bring in these birds. Suffice it to say, that this practice has been followed and kept up in all works of that period in Malayalam Literature.

When the poets in Malayalam turned towards Philosophy, they found that already there was a heap of literature on that subject in Sanskrit and they had only to transcribe the central ideas contained therein in their own language and this was perhaps the easiest and most effective way of propagating these ideas. Thus appeared many poems (Pāṭṭu as they are called) of which Cintāratnam and Kaivalya-navanītam were important. Jñāna Pīyūsam, now published under the auspices of the Oriental Manuscripts Library is also one of such works dealing about Philosophy.

The supreme teaching of all Phylosophy is only one, viz., that the ultimate aim of every human being should be to secure eternal bliss. To bring home to the minds of every individual the necessity to achieve this supreme and prima state, Philosophers conclusively establish, dissecting every aspect and stage of human life that there is nothing but misery in this unhappy world. And when once the human beings



are convinced that they have to go through the cycle of birth and death, which is sorrowful, they will necessarily strive for the highest perfection on reaching which there is no re-birth. The duty of the philosophers is thus to expound the secret of wisdom and knowledge, by understanding and practising which man will be released from this cycle of birth and death. The author of the present work claims and honestly too to have made an attempt to present in a nutshell the secrets of philosophical works.

Hindu Dharma classifies the aim of human life into four Purusārthas: Dharma, Artha, Kāma and Moksa and the last one meaning liberation as the supremest ideal. The only means to attain this last ideal is through knowledge. If knowledge is thus accepted as the only way to achieve salvation then the questions remaining to be answered are what is the form of this knowledge and how it can be attained. If any work on philosophy can claim to have readily answered these questions conclusively then that work justifies itself.

The author does not deal with the subject in all its meticulous detail. The ideas expressed by him can be summarised as below.

He starts with the assumption that knowledge alone is the means of liberation. Knowledge will dawn upon him who has no ego in him as it is this ego that attracts him to the objects of senses. The bonds that tie him to his wife, children and wealth become tighter. To free himself from the sense of *I* and *mine* and thus get a clear vision one must seek the advice of a *Guru* and follow him.

When one has learnt what knowledge is, he will understand that the only permanent thing is God. All other objects—movable and immovable—are bound to decay. And to reach that God many ways are open. He can be worshipped in different ways but all paths lead to Him like the many ways to a temple.

Showing that mind is the root cause of both entanglement (*Bandha*) and deliverance (*Mukti*) the author states that the concentration of the mind and making it God-ward is the prerequisite for the attainment of knowledge. Though it might be difficult in the initial stages to take the mind away from sensual objects and concentrate it, constant practice will yield good results. To keep away all the illusions the, *sadhana* should be kept up. Bad associations might affect the mind's balance and so it is advisable to cast off these associations.

He also gives an idea as to how to practice the art of concentration. You can adopt one of the many manifestations of God to concentrate upon. In case that does not prove helpful, the person of *Guru* can well

be taken as the object on which to be concentrated. Bhakti or devotion is also a necessary prerequisite for the realization of *Mukti*. The door of *Moksa* will be thrown open to those who concentrate with a deep Bhakti.

The manner in which the author deals about the things above mentioned is commendable. It is written in a simple and a lucid style. Some of the difficult subjects are explained by suitable examples.

It has not been possible to get any other manuscript other than the one supplied by the Oriental Mauuscripts Library. This manuscript does not find a place in the Travāncore Manuscripts Catalogue also.

There is no reference to the author anywhere in this work. And as n the case of many others it will remain a matter of conjecture till other conclusive evidence is forthcoming.

K. V. NAMBUDRIPAD.

# ജ്ഞാനപീയൂഷം

## കിളിപ്പാട്ട്.

["ഹരി: ശ്രീ ഗണപതയെ നമ:
അവിഘ്നമസ്തു:" എന്നു ഗ്രന്ഥമാരംഭിക്കുന്നു.]

ശ്രീരാമ രാമ രാമ ശ്രീ നീലകണ്ഠജയ
ശ്രീരാമ രാമ രാമ ശ്രീകണ്ഠജയ [ജയ]
ശ്രീരാമ രാമ രാമ ശ്രീ രമണാത്മാരാമ
ശ്രീരഘുപതേ ഹരേ ശ്രീ ജഗന്നാഥഹരേ
ശ്രീമഹാദേവ ശംഭോ ശ്രീ മഹാദേവശംഭോ.
ശ്രീമഹാദേവ ജഗൽക്കാരണ ഹൃഷീകേശ
അച്യുതാനന്ദ പരമാനന്ദ സദാനന്ദ
വിശ്വസാക്ഷിണേ പരമാത്മനെ നമോനമ:
സച്ചിദാനന്ദ പരമപദാംബുജസ്ഥലെ
നിശ്ചലമായ ഭക്തിസിദ്ധിച്ചമരുവുന്ന
വിശ്വമോഹനശീലെ വിശ്വാസ ഭക്തിയുക്തെ
വിശ്വസനുതെ ശുകബാലികെ വരികെടൊ
മായാസാഗരത്തിൽ വീണന്ധനായുഴലുന്ന
മായാ മാനസമകന്നാനന്ദം വരുവാനായ്
മായാ വഞ്ചിതകർമ്മായുള്ളൊരുപദേശ-
മായതവിലോചനെ ചൊല്ലീടുമടിയാതെ
പൈങ്കിളിമകംതാനും വന്ദിച്ചു ഭക്തിയോടെ
മംഗലം വരുമാറു പറഞ്ഞു തുടങ്ങിനാൾ.
ഗണനാഥനും മമവാണീദേവിയുമ്മുനി
ഗണവുന്നിരന്തരം തുണക്ക വന്ദിക്കുന്നേൻ
കരുണാത്മനാനമ്മെപരിപാലനഞ്ചെയ്ക
ഗുരുപാദാംഭോജാഗ്രേതൊഴുതുതൊഴുതഹം
പരമാനന്ദകരമായൊരു തത്വബോധം
പരമജ്ഞാനമിദം ചൊല്ലുവനെങ്കിൽ കേൾപ്പിൻ
വേദശാസ്ത്രാഗമ കാവ്യേതിഹാസങ്ങളിലും.



പാദമായൊരുസാരം ചേർത്തുരുക്കൂട്ടിയുള്ള
ദിവ്യന്മാരിരിപ്പൊരു ജ്ഞാനോപദേശമിതു്
ദിവ്യന്മാർ മുന്നമുള്ളോർ തന്നാൽ നിർമ്മിതമല്ലോ
മൂർത്തിഭേദവും സേവാഭേദവും മതഭേദം
പാർത്തുകാണുകിലിതിന്നില്ലെന്നു് ധരിച്ചാലും
എതിനും വിരോധമില്ലതിനാലിതിന്നുനിർ-
ഭേദമാമവിരോധമെന്നു ചൊല്ലുന്നുനാമം
ജ്ഞാനപീയൂഷമിതു കേൾക്കിലും ചൊല്ലുകിലും
മാനസേ ചിന്തിക്കിലും ദീനമെന്നിയെയവൻ
മാനഹീനമാം പരമാത്മനിലയിച്ചിടൻ.
ജ്ഞാനേന മുക്തിലഭിച്ചീടുമെന്നറിഞ്ഞാലും
അങ്ങിനെയുള്ളൊരവിരോധമാം തത്വാർത്ഥത്തെ
തിങ്ങിന ഭക്തിയോടെ കേട്ടുകൊള്ളുവിനെങ്കിൽ
മുക്തിമാർഗ്ഗത്തെത്തേടും ശിഷ്യനു മുന്നമൊരു
മുക്തനായോരു ഗുരു ഉപദേശിച്ചീടിനാൻ.
അപ്രകാരങ്ങളെല്ലാം ചൊല്ലുവാനാകുംവണ്ണം
അത്ഭുതമിൽപരമില്ലല്ലൊ അതുമൂലം
മുക്തിയാം ഗൃഹത്തിൻെറ വർണ്ണന ചൊല്ലീടുവാനു
മുക്തിയല്ലയൊ വരുത്തേണ്ടതുപാർക്കുംതോറും
നാലല്ലൊ * പുരുഷാർത്ഥമാകുന്നതവതന്നിൽ.
നാലിലുമ്മേലേതല്ലൊ മുക്തിയായതു നൂനം
ചിന്തയാവിചാരിച്ചു കാണുകിൽ മറ്റുള്ളതു-
മന്തരമില്ലമുക്തിസാധനം തന്നെതാനും
ധർമ്മാർത്ഥാദികളെല്ലാം മോക്ഷകാരണമായെ
വന്നുകൂടുമൊ എന്നു ചോദിക്കിൽ ചൊല്ലാമല്ലൊ
അർത്ഥത്തെ ശേഷിപ്പുള്ളർത്ഥങ്ങൾ കൊണ്ടുനിത്യം
മിഥ്യയായ് ചെയ്യുംധർമ്മംകൊണ്ടു് കിംഫലമോർത്താൽ
സാമ്യമില്ലാതൊരാത്മജ്ഞാനത്തെത്തരുവോരു
സമമാനസനാമാചാര്യപാദാംഭോരുഹെ
അർത്ഥമായതും ദേഹദേഹിയും നൽകുന്നതങ്ങു-

* ധർമ്മം, അർത്ഥം, കാമം, മോക്ഷം.

ത്തമമായ മുക്തികാരണം ധർമ്മമെല്ലൊ
പരമാർത്ഥത്തെ ഗുരുപക്കൽനിന്നുവാങ്ങും
പുരുഷാർത്ഥംപോലത്ത് നിത്യമായുള്ള ധനംമിത്ഥ്യമല്ലയൊ
[മററുള്ളർത്ഥങ്ങളതുല്ല-
മർത്ഥവുമുക്തിമാർഗ്ഗമെന്നതു ധരിച്ചാലും
ഗുണിതമായ നാനാകാമങ്ങൾ വെടിഞ്ഞു നി-
ർഗ്ഗുണ്യമായൊരു പരമാനന്ദം കാമിപ്പതു
മുക്തികാരണമായ കാമമെന്നറിഞ്ഞാലും
അത്രയുമല്ല ബഹുവിധമാം മുക്തികളാം
സാലോക സാമീപ സാരൂപമായതുമെല്ലാം
കാലെനസായൂജ്യമായ്വന്നുകൂടീടുമല്ലൊ.
ആകയാലിവനാലും മുക്തിമാർഗ്ഗങ്ങളെന്നു
ഭാഗനാകിയ ഗുരുതാനരുൾ ചെയ്യുന്നല്ലൊ
ചതുരംഗമായ്മേവും മുക്തിയെ വരുത്തീട്ടുവാൻ
ചതുരനാകുമവൻ സാധനം കേൾപ്പിനിനി
*ജ്ഞാനംകൊണ്ടൊഴിഞ്ഞു മറെറാന്നിനാലൊരുവനും.
സ്ഥാനമായൊരു മുക്തിവരുത്താമല്ലയല്ലൊ
സകല തപങ്ങളും സകല മതങ്ങളും
സകല കർമ്മങ്ങളും സകല വ്രതങ്ങളും
ജ്ഞാനേന ലഭിക്കുന്നു തൽഫലങ്ങളുമെല്ലാം
ജ്ഞാനേന ലഭിക്കുന്നതെന്നെല്ലൊ ചൊല്ലീടുന്നു.
ജ്ഞാനമായതും ചതുരംഗമായുള്ളൊന്നവ
ഹീനമെന്നിയെന്നാലും ചരിതാദികളല്ലൊ
ആവിധിയോടും ജ്ഞാനസാധനം ചെയ്യുന്നവൻ
ദിവ്യമാംമുക്തി അധികാരിയെന്നതു കേൾപ്പു.
ജ്ഞാനാധികാരി തനിക്കുള്ളൊരു സ്വഭാവവും
മാനസെധരിച്ചു കൊണ്ടീടുവിനിനി ചൊല്ലാം
ചിന്തയാ ഞാനെന്നതുമെൻറയെന്നതുമെല്ലാം
സന്ത്യജിപ്പവനല്ലൊ ജ്ഞാനിയായുള്ള പുമാൻ
എന്നവർണ്ടുമെന്നൊന്നായതെങ്കിലൊ ചൊല്ലാം.

* "ജ്ഞാനാദേവതുകൈവല്യ" (ഉപനിഷത്ത്) ജ്ഞാനംകൊണ്ടു മാത്രമെ മോക്ഷസിദ്ധിയുള്ളു.





തനുവും കരണവും ഭുവനം ഭോഗമതും
എന്നതിൽ തനുകരണങ്ങൾ ഞാനെന്ന ഭാവം
പിന്നെയുള്ളവരണ്ടുംഎൻെറ എന്നുള്ളതെല്ലൊ
ഇങ്ങിനെ മരുവുന്ന ദേഹാഭിമാനന്തന്നെ
എങ്ങിനെ വെടിയാവുതെന്നുള്ളതിനി കേൾപ്പിൻ
ഏഷ*ണമായവ (യും) വാസന വെടികിലെ
ശോഷണംചെയ്തിടാവു ദേഹാഭിമാനന്തന്നെ
ഇന്ധനമൊടുങ്ങാതെ ചെങ്കനലൊടുങ്ങുമൊ
എന്നതുപോലെയുള്ള ആശയുമ്മാനങ്ങളും
ഉള്ളിൽ ഞാനെന്നമദം നീങ്ങാതെ
മുന്നെപുരത്തുള്ള വാസനകൾ നീങ്ങീടുമൊ
എന്നതു കേൾപ്പിൻ ചൊല്ലുവനതിന്മുമ്പ്
പിമ്പുകൾ വഴിപോലെ ശങ്കപോവതി-
ന്നവനിക്കേണ്ടും പ്രകാരം
കരയോടടുക്കുന്ന തരണിതന്നെത്തിര
പാരമായാലച്ചീടുന്നതുപോലെതന്നെ
ആശയൊടടുക്കുന്ന ചേതസിദുർബോധവും
വാസമാമതിനാലെയാശ മുൻനീക്കീടേണം
വാരിധിതന്നിൽ തിരമാലകൾ മാറേണ്ടുകിൽ
മാരുതന്നടങ്ങാതെയടങ്ങീടുമൊദൃഢം
പരന്നുനിവന്നൊരു കാനനെ രവിപ്രഭാ
മരുവെണ്ടുകിൽമരം ഖണ്ഡിച്ചു വന്നുകൂട.
ഇങ്ങിനെ പുറത്തുള്ളൊരാശകളകലുമ്പോൾ
അങ്ങിനെതന്നെയടങ്ങീടുമുൾക്കരണവും
അരിവൃന്ദത്തെക്കണ്ടുമരമെറിനപുമാൻ
തരുശൃംഗത്തിൽക്കരമുറപ്പിപ്പതുപോലെ
അഖിലാത്മനിചിത്തമുറച്ചുചമയുമ്പോൾ
അകമെവികാരവുമതിനാൽ നശിച്ചുപോം
അക്കരശ്മികൾകണ്ടുള്ളന്ധകാരം പോലയു
മക്കനൽപററീടുന്ന കാഷ്ഠങ്ങൾ കണക്കെയും
പരമാത്മനിചിത്തമുറച്ചു ചമയുമ്പോൾ
മരുവീടുമൊമാനൊപാസന കുറഞ്ഞൊന്നും

* പുത്രേഷണ, വിത്തേഷണ, ദാരേഷണ ഇങ്ങിനെ ഏഷണം മൂന്നു തരം.

ഏവമാകിലൊ പരമാത്മനിതന്നെ.
നന്മാംപെട്ടതു മുറിപ്പിച്ചുകൊൾകയല്ലലീവേണ്ടു
ഏഷണാദികൾതന്നെമുന്നമെ നീക്കണമെന്നപി
ചൊന്നതിന്മൂലമെന്തെന്തെങ്കിലൊ ചൊല്ലാം
ജനനീ ജനകനും ദാരവും ഗൃഹങ്ങളും
ജനസംഘാദികളുമിനിക്കുള്ളവയെന്നും
ഇതിനെ പാലിപ്പതു ഞാനെന്നു മകമല
രിതമായഭിമാനിച്ചിടുന്ന പുരുഷനു-
മക്കുഡുംബങ്ങളോടു കൂടവേ യിരുന്നൊരൊ
ഭോഗങ്ങൾ ഭുജിപ്പാനായ്വിഷയങ്ങളെ തെടി
സിദ്ധിപ്പിപ്പതിന്നായെ അനിശമുത്സാഹിച്ചു
സിദ്ധിച്ചിടാതന്നേരം കോപങ്ങളും ദ്വേഷങ്ങളും
അങ്ങിനെ പണിപ്പെട്ടു ലഭിച്ച ഭോഗങ്ങളിൽ
വിഘ്നങ്ങൾ വരുന്നേര മേറിയ ദുഃഖത്താലും
പിന്നെയങ്ങിനെയുള്ള ഭോഗങ്ങൾ തന്നിൽ വിഘ്നം
വന്നുകൂടാതവണ്ണം രക്ഷിച്ചുകൊൾകകൊണ്ടും
ഭോഗവും പിന്നെക്കാലദേശവും ബഹുതര
ഭോഗവും മറിഞ്ഞുപജീവിച്ചു കൊൾകയാലും
തദ്ദേഹത്തിങ്കൽ * താപത്രയങ്ങൾ നിമിത്തമാ
യെത്തീടുന്താപങ്ങളെ കണ്ടു ദുഃഖിക്കയാലും
ഇങ്ങിനെ പുറത്തുള്ള സന്താപംപെരുക്കയാൽ
എങ്ങിനെ വിശുദ്ധമാകുന്നിതു ചിത്തമയ്യൊ
ഗുരുപാദാന്തെചെന്നു പരമ മുപദേശം
കരുതി കൊള്ളുവാനു മതിനാൽ യോഗം വരാ
അതുമങ്ങൊരു കാല മൊരുനാളൊരു നേരം
വിധിയാൽ ബന്ധുണ്ടായ്വന്നി തെന്നിരിക്കിലും
പാരമാത്മനിലയിച്ചുക വാസനയെല്ലാം
മടങ്ങാവോളം കാല മയക്കയില്ല ജനെ
ഒരുനാളത്തും യോഗം വരികിൽ കുടുംബെന
സ്ഥിരമാവതിന്നുമ്പെ ചലനം വന്നുകൂടും
അതിനാൽ സുബോധവും മറന്നു ചമകയാൽ

* ആധിദൈവികം ആധ്യാത്മികം ആധിഭൌതികം, ഇതിന്റെ സ്വരൂപം മേൽ വിവരിക്കുന്നുണ്ടു്.



മതിയും ഭ്രമിച്ചുള്ളം തെളിവാൻ യോഗം വരാ
ഗൃഹഭാരാർത്ഥ സുതസഹജൈശ്വര്യഭോഗ
സഹിതാദികളെയും വെടിഞ്ഞീടിനനര
നഖിലവികാരവും നശിപ്പിച്ചാനന്ദമാ
മഖിലാത്മനി ചെന്നൈക്യവും പ്രാപിച്ചീടും
ആകിൽ പണ്ടാരും കുഡുംബികളായുള്ള ജന
മേകമാംപദംലഭിച്ചീലയൊ എങ്കിൽ ചൊല്ലാം
കനലായൊരു മല ശിരസാ ധരിച്ചവൻ
മനസാ സ്വതന്ത്രരായുള്ളവരുമുണ്ടൊ മുന്നം
എങ്കിലും ശിലാതന്നെ പോതമായുന്ന മൊരു
സാഗരം കടന്നവരാരുണ്ടാകനിമിത്തമായി
വരികയില്ലയെന്നു ചൊല്ലുമൊ അറിവവൻ
വരുവാൻ പണിയതു ചിന്തിച്ചു കാണുന്തോറും
സാധുമാനസെ ഒഴിവിങ്ങിനെ യെല്ലാവർക്കും
ചേതസാ വന്നീടുമൊ ചൊല്ലു ചൊല്ലു നീയും
നീയെന്നനുസരിച്ചു ചോദിച്ചോരു നേരത്തിങ്കൽ
മന്ദഹാസേന കിളിപ്പൈതലു മുരചെയ്യാൾ.
എന്തിതു വിചാരിച്ച കാരണം ചിത്രം ചിത്രം
എന്തിതു വെടിഞ്ഞു കൂടായ്വതിന്നവകാശം
ഇവനാൽ കുടുംബങ്ങൾക്കെന്തൊരു ഫലമുള്ളു
ഇവനും കുടുംബത്താലെന്തുലഭ്യങ്ങളോർത്താൽ
അക്കുടുംബങ്ങൾക്കു സന്തതമായൊരൊതരം
വിഘ്നങ്ങൾ വരുന്നേര മിവനാലൊഴിക്കാമൊ
അതുമല്ലൊരുദിന മിവനുവരുന്നാകി
ലതിന്നെയവർകൾക്കു തീർത്തുരക്ഷിച്ചീടാമൊ
മടിയോടണിമാർവ്വിലണച്ചു വളർത്തൊരു
പേടമാം മിഴിയാളാം തന്നുടെ ജനനിയും
ഒരുനാൾപോലും പിരിഞ്ഞറിയാതൊരു
മഹാകരുണാപതിയായി മേവീടിന ജനകനും
അപ്രിയം പറയാതെ ബന്ധുവർഗ്ഗവും പിന്നെ
തൽപ്രിയന്മാരായുള്ള പുത്രരും ഭൃത്യന്മാരും
കനക്കക്കാലന്നെടി വരുത്തി കൊണ്ടുതന്റെ

ധനവും ധാന്യങ്ങളും മററുള്ള ഭോഗങ്ങളും
ഉന്നതസ്തനിയായ തന്നുടെ ഭാൎയ്യയാകും
കന്നൽനേർമിഴിയാളും ചുഴന്നു മരുവവെ
ചീർത്തകോപേന യമനാർത്തട്ടത്തുവന്നുയിർ
ചേർത്തു പോകുന്നനേര മിവരാലൊഴിക്കാമൊ
മാനദുർമ്മാനത്തോട്ട ഞാനെന്നു നടിച്ചൊരു
തന്നുടെ ദേഹം പോലും പോരികയില്ലയല്ലോ
എന്നിവ നിരൂപിച്ചു സജ്ജനങ്ങളുമെല്ലാ
മുന്നമേ വെടിയുന്നു സംസാര ഭാരന്തന്നെ
ചിന്തയാലിവ നിനച്ചൊഴിഞ്ഞീടിന ജന
മെന്തെന്നു കരുതീട്ട മെന്നതു മിനിച്ചൊല്ലാം.
അനിത്യ നിത്യങ്ങളാം ദേഹദേഹികൾ തന്നിൽ
അനിത്യ ദേഹത്താലെ നിത്യത്തെ സാധിക്കാവൂ
മംഗല സേവവശാൽ സമ്മതനാകുന്നൊരു
സൽഗുരു നിയോഗത്താ ലെന്നതു ധരിച്ചാലും
അശുദ്ധയനിത്യമിതഖില ദുഃഖങ്ങളും
കനക്ക വർദ്ധിച്ചൊരു കായമെന്നതും പിന്നെ
ശുദ്ധനിത്യാനന്ദമായ്‌വിളങ്ങുമ്പരമമ-
വ്യക്തമവ്യയം പരമാത്മാ വെന്നതു മറിഞ്ഞി
ശരീരത്താലൊഴിഞ്ഞൊരുനാൾ പരബ്രഹ്മ
വിശ്വസാക്ഷിയെ ലഭിക്കായ്വരികില്ല എന്നും
ജന്മജന്മങ്ങൾ തോറു മാൎജ്ജിച്ച സുകൃതത്താൽ
ജന്മമിന്നരശരീരങ്ങളായ്വന്നിതെന്നും
പ്രത്യക്ഷത്താലും മററു വേദവാക്യങ്ങളാലും
വ്യക്തമായ് വിചാരിച്ചു കണ്ടറിയുന്ന ജനം
കായത്തെ വേറുപെട്ടു മുന്നമേ യനാചാൎയ്യ
ദൃഗ്ഗുരുവിനെ വെടിഞ്ഞു വിവേകിയാം
മുഖ്യനായിരിപ്പോരു ജ്ഞാനാചാൎയ്യനെ ചെന്നു
വിഖ്യാതമായ ജ്ഞാനനിഷ്ഠകൂടിയുമല്ലൊ
ദേഹങ്ങളത്യന്തവു മശുദ്ധമെന്നും
ചൊല്ലുവാനെന്തുമൂലം ചൊല്ലുചൊല്ലെന്നു കേട്ടു
പൈങ്കിളി മകൾതാനും ചൊല്ലിനാളെങ്കിൽ



കേട്ടുകൊള്ളുവിൻ വിശ്വാസേന
ഏഴു * ധാതുക്കളോടുമെല്ലയോ ശരീരവും
† ഏഴുള്ള മലങ്ങളും ‡ നവദ്വാരങ്ങളും
മൂത്രകന്മഷമധ സംയുത മതുമെല്ലൊ പാൎത്താൽ
ഗാത്രമോൎത്താലും ശുചിയല്ലിതു ധരിച്ചാലും
ദുഃഖമായതു താപത്രയമാദികളെല്ലാം
ചൊൽകൊള്ളുമവററിന്റെ നാമവും കേട്ടു കൊൾവിൻ
ആത്മിക മൊന്നുമതിമ്പിന്നെതു ഭൌതികവും
ദൈവികമെന്നു മവമൂന്നിന്നു നാമങ്ങൾപോൽ
എന്നിവ മൂന്നുമിരണ്ടംഗമായ്ച്ചറഞ്ഞുള്ള
മാനസദേഹങ്ങളിൽ താപങ്ങൾ വരുത്തുവാ-
നെന്നതിൻ മൂന്നഞ്ചൊന്നോരാത്മികങ്ങളെത്തീടുന്ന
ദുന്നയങ്ങളെ ദേഹമാദിയായി കേട്ടുകൊൾവിൻ
ഗുന്മസഞ്ചാരജ്വര മാധിവ്യാധികളാലും
ദുൎമ്മദമേറെയുള്ള ചോരരാൽ ദുഷ്ടരാലും
ഘോരപക്ഷികളാലും മൃഗസഞ്ചയത്താലും
അഗ്രരാലും സഹിയാത കാകോളാദികളാലും
മാനസത്തിന്നു കാമക്രോധലോഭാദി
ദ്വേഷദീനമാനെന്ന പിന്നെച്ചൊന്നതു മിനിചൊല്ലാം
ശീതമാരുതഘോര വരിഷാദികളാലും
മതവാദികളാലുന്താപങ്ങൾ വന്നീടുന്നു
ഇപ്പോലെ മൂന്നാമതു ചൊന്നതിൻ ദുഃഖങ്ങളും
ഗൎഭസന്താനത്താലും പ്രസവാതുരത്താലും
ബാല്യദുഃഖവും പിന്നെ യൌവദുഃഖങ്ങളും
മാലേറും വയസ്സിങ്കൽ ജരയാദികളും
ഈവണ്ണമുള്ള നാനാ ദുഃഖങ്ങളും ചെയ്വാ

---

* രക്തം, മാംസം, മേദസ്സ്, മജ്ജ, അസ്ഥി, ശുക്ലം, രസം ഇങ്ങിനെ ധാതുക്കൾ ഏഴ്.

† സ്മൃതിയിൽ പന്ത്രണ്ടുതരം മലങ്ങളെ (ശരീരത്തിലെ അഴുക്കുകൾ) പ്പററി പ്രസ്താവിക്കുന്നു

വസാ ശുക്ര മസൃങ്മജ്ജ-
മൂത്രവിട്ഘ്രാണ കൎണ്ണവിട
ശ്ലേഷ്മാശ്രു ദൂഷികാ സ്വേദോ
ദ്വാദശൈതേനൃണാം മലാഃ

മനുസ്മൃതി.

‡ ചക്ഷുദ്വാരം രണ്ടു, ശ്രോത്രദ്വാരം രണ്ടു, നാസികാ ദ്വാരം രണ്ടു, മുഖദ്വാരം ഒന്ന്, മൂത്രപുരീഷ ദ്വാരം ഓരോന്നു ഇങ്ങിനെ ഒമ്പതു ദ്വാരം ശരീരത്തെ നവദ്വാരം എന്നു പറയാറുണ്ടു; നവദ്വാരെ പുരേ ദേഹീ ഗീതഃ

നാവതല്ലൊരുവനു മെന്നതെ പറയാവു
അനിത്യതമോപിന്നെ ചൊല്ലേണമെന്നില്ലല്ലൊ
ദിനങ്ങൾതോറും കണ്ടു കണ്ടല്ലൊ മരുവുന്നു
വാരിയിൽ ഉണ്ടാകുന്ന പോളകൾ കണക്കേയും
വാരിധി തന്നിൽ തിരമാലകൾ കണക്കേയും
പത്രപുഷ്പങ്ങളിലുള്ളംബുവിന്ദുപോലും
ചിത്രമാകാശെ കാണുമ്മിന്നൽ കണക്കേയും
ഭ്രാന്ത ചിന്ത പോലെയും ദുർജ്ജനത്തോടു ചേൎന്ന
ശാന്തമാനസനുള്ള സമ്പത്തി കണക്കേയും
ഉദരത്തിലും പ്രസവത്തിലും ബാല്യത്തിലും
മൃതനായ്വരുമത്തു ദുഷ്ടന്മാർ എല്ലൊ കാണ്മൂ
ആത്മാവിൻ ശുദ്ധമത്തു നിത്യവു മാനന്ദവു
മാത്മനാ വിചാരിച്ചു കേട്ടുകൊള്ളുവിനിനി

അശുചിയെല്ലൊ ദേഹം ശവമാവതിൻ മുമ്പെ
കിഞ്ചന ശുചിയത്തു മാത്മാവു വസിക്കയാൽ
നിത്യമല്ലയൊ അഴിവോരുനാളില്ലായ്കയാൽ
നിത്യാനന്ദവു മറിവുള്ളവക്കാത്മാവല്ലൊ
നിത്യസംപൂർണ്ണ മേകമവ്യയം പരബ്രഹ്മം
വ്യക്തമവ്യക്തപര മാത്മാവാദ്യന്തഹീനം
നിർമ്മലന്നിരാമയന്നിശ്ചലന്നിരാധാരം
സന്മയം സനാതനം സർവ്വസാക്ഷിണം പരം
അദ്വൈതമജ മഖിലാധാരകം സർവ്വ
വ്യാപ്തമായിരിപ്പോരു സച്ചിദാനന്ദമല്ലൊ

ഇശ്ശരീരത്തെ ലഭിച്ചുള്ള ജീവന്മാരെല്ലാം
ഇച്ചൊന്ന പരമാത്മ ജ്ഞാനത്തെയറിയാതെ
നിർണ്ണയിച്ചൊരോ തരം കർമ്മങ്ങൾ ചെയ്യുന്നതു
നിന്ദ്യമെത്രയു മതിലെന്തൊരു ഫലമുള്ളു
നാഗരത്നങ്ങൾ കയ്യിലിരുന്നതുമുപേക്ഷിച്ചു
രാഗേണ പാഷാണങ്ങൾ ധരിച്ചുകനക്കിനെ
ദേവപീയൂഷം വെടിഞ്ഞു മാക്കുമാകാതെയുള്ള
ലവണജലമപേക്ഷിപ്പതുകണക്കെയും
രസസാധനയെന്നി നീരസമായുള്ളൊരു



രസമെന്നുറെപ്പതിനെന്തുകാരണമയ്യൊ
ഏറിയവേലചെയ്തു ലഭിച്ചക്ഷീരംഭൂമി
കീറിയരന്ധ്രംതന്നിൽ സൂക്ഷിച്ചുവെച്ചപോലെ
ഏറിയ തപോബലാൽ ലഭിച്ച നരജന്മം *
വെറുതെകളയുന്നി തെന്തിതത്ഭുതമെല്ലൊ
മൎത്ത്യജന്മത്തിനുള്ളൊരു അത്ഭുതം കേട്ടുകൊൾവിൻ
ഉത്തരവാരാന്നിധി തന്നിൽവാഴുന്നശല്യം
ദക്ഷണാംബുധിയിമെവീടിനനുകന്മാരെ

ലക്ഷ്യമായ്ഭവിപ്പതിനെളുതായി വന്നീടുമൊ
വിരിഞ്ചപ്രളയത്തിൽ വരുമെന്നിരിക്കിലും
വരുവാമ്പണിജീവന്മാൎക്കു മാനുഷജന്മം
അണ്ഡജം സ്വേദജവും ഉത്ഭിജം ജരായുജ
മെന്നിവനാലും യോനിതന്നിൽനിന്നുണ്ടായ്വന്നു
സപ്തജാതികളതി സ്ഥാവരജംഗമങ്ങൾ
പ്രാപ്തമായഖിലജന്തുക്കളും ണ്ടായ്വന്നു
സ്ഥാവരം പത്തൊമ്പതു ലക്ഷമുണ്ടതുപോലെ
ഭൂമിയിലിരിക്കുന്ന ജന്തുക്കൾ പതിനഞ്ചു
പക്ഷികൾ മൃഗജാല ജന്തുവും പതുപ്പത്തു

ലക്ഷമങ്ങമരരേകാദശ ലക്ഷമല്ലൊ
പിമ്പുമാനുഷരുമുണ്ടൊമ്പതുലക്ഷമിവ
യെൺപത്തുനാലു നൂറായിരമുള്ളവതന്നിൽ
സ്ഥിരമായിനിന്നീടുന്ന മരങ്ങൾ തന്നിൽനിന്നു
ചരമായിജനിച്ചു പതിനെളുതല്ലൊട്ടും പിന്നെ
ചരമായിപിറികിലു മാനുഷജന്മമത്തു
വരുവാമ്പണി ജാതിനാലിലൊന്നായികൊൾവാൻ
ജാതിഭേദങ്ങളതിനില്ലെന്നുവരികിലും
ജാത്യനെ സത്സംഗമുണ്ടായ്വന്നതുമൂലം
ക്ഷത്രിയാദികളെന്നി വിപ്രനായി ജനിപ്പതി
നെളുതെത്രയും പണിപിന്നെ സദ്വൃത്തികൈകൊൾ
[വാനും
വൃത്തിയ പാലിക്കിലും വിദ്വാനായ്വരാമല്ലൊ
വിദ്വാനാകിലും ജ്ഞാനാന്വേഷണമുണ്ടായ്വരാ

* "ജന്തൂനാം നരജന്മ ദുർല്ലഭം" വിവേകചൂഡാമണി.

ജ്ഞാനവിജ്ഞാനങ്ങളൊടുമൈശ്വര്യയോഗമുണ്ടാകിലും
ജ്ഞാനോപദേശം ലഭിച്ചീടുവാൻ പണിയത്രെ
ഇങ്ങിനെ ഭാഗ്യന്മാൎക്കും ഭാഗ്യമല്ലാതവൎക്കു
മെങ്ങിനെയറിഞ്ഞുപദേശിച്ചു ഗുരുവരൻ
എന്നുചൊല്ലുന്നുകേട്ടു പൈങ്കിളിപ്പൈതൽതാനും
സന്ദേഹമില്ലാ പറഞ്ഞീടുവനെന്നു ചൊന്നാൾ
ഇജ്ജനങ്ങളെപ്പലകാലവും പരീക്ഷിച്ചേ
നിജ്ഞാനമുപദേശിച്ചീടുവാൻ ഗുരുവരൻ
പൃത്ഥ്വീദേവന്മാരാകിൽ ദ്വാദശസംവത്സരം ക്ഷത്രിയ
[രാകിൽ
കാലമൊമ്പതബ്ദങ്ങളെല്ലോ വൈശ്യ
നോരാറുമൂന്നു ശൂദ്രനും വരിഷങ്ങൾ
സൂക്ഷ്മമായ പരീക്ഷിച്ചേ ചെയ്യുമ്പോളുപദേശം
ഏകനങ്ങതിലേറെ ശ്രദ്ധയുണ്ടെന്നാകിലു
മേകവത്സരമ്മനസ്സറിഞ്ഞേ കൊടുത്തീടു
അതിലും വളൎന്നൊരു ഭക്തിയും വിശ്വാസവും
*ശ്രദ്ധയും സദ്വൃത്തിയും വിദ്യയുണ്ടെന്നാകിൽ
അപ്പോഴെതന്നെ ഉപദേശിക്കുന്നതുമ്പിന്നെ
എപ്പോലെയെന്നു കേട്ടുകൊള്ളുവിൻ ചൊല്ലീടുവിൻ
ചീൎത്തരോഗങ്ങൾതന്നാലാൎത്തിപൂണ്ടവൻതന്റെ
വ്യാധിയെനീക്കീടുവാൻ വൈദ്യന്മാരായജനം
ലക്ഷണന്തന്നിൽ കണ്ടപാസസ്സെ വരുമുമ്പെ
രക്ഷചെയ്കുന്നുള്ളതില്ലെന്നു വരികിലും
എന്നതിലിടത്തന്നെ രോഗേണ മോഹിച്ചീടിൽ
നിൎണ്ണയംമഹൌഷധം കൊണ്ടുജീവിപ്പിച്ചീടും
എന്നതുപോലെ മായാജന്മരോഗികളേയും
ജ്ഞാനവാനായ ഗുരു ജീവിപ്പിച്ചീടുമല്ലോ.
ഇങ്ങിനെയറിഞ്ഞുപദേശിച്ചാലതുതന്നെ
മംഗലമെതിയാമൊ മുക്തിക്കു ചൊല്ലീടുനീ
ചൊല്ലുവനതുഞ്ഞേവിതന്നു കേട്ടീടുന്നാകിൽ
ചൊല്ലുവാൻ പണിയതു സൂക്ഷ്മവിജ്ഞാനമല്ലോ
ആചാൎയ്യവചനവും വേദശാസ്ത്രോക്തികളും
ആത്മതന്മനോവിവേകങ്ങളുമിവമൂന്നി

* "ശ്രദ്ധാ ഭക്തിയുക്തോ വേദ" എന്നു വേദത്തിൽ,



ലൊന്നിനും വിരോധമില്ലാതെനിന്നുറപ്പതു
നിൎണ്ണയമായമുക്തിദ്വാരമെന്നറിഞ്ഞാലും
യാതൊരുമനുജനും ഗുരുവാക്യത്താലെന്നി *
വേദാൎത്ഥാദികൾ പ്രകാശിക്കയുമില്ലയല്ലോ
വേദാൎത്ഥമറിയാതെ ചേതസിവിവേകവു
മേതുമൊന്നുദിക്കയില്ലതിനാലിവമൂന്നും
ഒന്നിച്ചു ബഹുകാലം ചിരിച്ചുവരുന്നാകിൽ
ഒന്നിൽനിന്നുറപ്പിച്ചീടുമെന്നാൽ മുക്തിയുംവരും
അൎക്കചന്ദ്രാദികളു മൊന്നിച്ചുപ്രകാശിക്കിൽ
നില്ക്കുമൊ നിശതമസ്സെന്നതുപോലെതന്നെ
വേദത്തിൽബഹുവിധം വിധിച്ചപ്രകാരവും
ഭേദമില്ലാത ഗുരുവുമുപദേശവും തമ്മിൽ
ഒന്നിച്ചുവന്നീടുമൊ മാനസെ നിരൂപിച്ചാൽ
എന്നുചോദിച്ചനേരം ചൊല്ലിനാൾ കിളിമകൾ
വേദവും ബ്രഹ്മവുതമ്മിലെതുമെ ഭേദമോൎത്താൽ
വേദനായകന്തന്നെ വേദമായ്ചമഞ്ഞുടൻ
മതത്തെത്തേടുന്നോൎക്കു മതഭേദവുംചൊല്ലും
ഭേദമുള്ളവൎക്കെല്ലാം മൂൎത്തിഭേദവുംചൊല്ലും
കൎമ്മമാനസന്മാൎക്കു കൎമ്മവുഞ്ചൊല്ലുമതിൽ
ധൎമ്മമാനസന്മാൎക്കു ധൎമ്മമാൎഗ്ഗവും ചൊല്ലും
വ്യക്തോപാസനധ്യാനതല്ലലങ്ങളുംചൊല്ലും
മുക്തിയെവരുത്തുവാനെന്നിവാ കടന്നുപോയ്
ഒന്നൊന്നായി വിചാരിച്ചുകാണുകിൽവേദത്തി
ന്നൊഴിഞ്ഞല്ലമാൎഗ്ഗമൊന്നിനെന്നറിഞ്ഞാലും
ഓരോരൊവഴിപോയജനവുമെല്ലാമൊക്ക
ച്ചേരുമെന്നായുള്ളൊരു പരമാത്മാവുതന്നിൽ
പലവുംവഴിയൊരു ക്ഷേത്രത്തിനെന്നാകിലും
പലരുംപോയാൽകാണും ക്ഷേത്രമൊന്നെന്നിയുണ്ടൊ
ശാഖകൾ പലവുമുണ്ടെന്നതുവരികിലും
ഏകമല്ലയൊ വൃക്ഷമൂലത്തെ സൂക്ഷിക്കുമ്പോൾ

* "ആചാൎയ്യവാൻ പുരുഷോ വേദ"—വേദഃ..
"യസ്യദേവേ പരാഭക്തി
ൎയ്യഥാദേവേതഥാ ഗുരൌ !
തസ്യൈതേ കഥിതാഹ്യൎത്ഥാ:
പ്രകാശന്തേ മഹാത്മന."
എന്നു ശ്വേതാശ്വതരോപനിഷത്തിൽ പറഞ്ഞിട്ടുണ്ട്.

* നദികളെല്ലാംചെന്നു സാഗരന്തന്നിലെല്ലൊ
പതനം ചെയ്യീടുന്നവെന്നതുപോലെതന്നെ
ഏകമായ്‌വിചാരിക്കിലേകമായതൊന്നുമതു
ഭേദമാം വിചാരവുമെങ്ങിനെ എന്നുകേൾപ്പിൻ
അന്ധന്മാർ പലരുംകൂടി യാനതൻ കാലും വാലും
ദന്തവും ചെവി കൈയും പുറവുന്തപ്പിക്കൊണ്ടു
സിന്ധുരരൂപമിവ ഇവയെന്നോർത്തുതമ്മിൽ തമ്മിൽ
എന്തൊരുകഷ്ടം വിവാദിച്ചുതക്കിക്കുംപോലെ
അജ്ഞാനപരവശാലന്ധന്മാരായുള്ളോരു
മിജ്ഞാനമൂർത്തിതന്നെ ഭേദമായി നിരൂപിക്കും
ഇച്ചൊന്നവസ്തുക്കൾക്ക മാധാരമായമേവീടു-
മദ്വൈതമായ ജഗൽസാക്ഷിയെ നിരൂപിച്ചു.
വിദ്വാന്മാരായജനം ബ്രഹ്മത്തെ ഭജിക്കുന്നു
അവരൊരുവരുന്തങ്ങൾ ചെയ്യീടും കർമ്മങ്ങളാ
ലോരോരൊ ജാതിതന്നിൽ ഭേദമായിനിന്നച്ചുടൻ
തങ്കലത്തിങ്കലുള്ള ഗുണിതമതങ്ങളെ
യുൾക്കാമ്പിൽ ഭക്തിയോടെ ദീക്ഷിച്ചജനംപോലെ
ഗുണിച്ചീടരുതാത ജ്ഞാനെനഗ്രഹിച്ചവർ
ജനിച്ചീട്ടമോപിന്നെ യില്ലെന്നുധരിച്ചാലും
ചൊല്ലിയതെന്തുബാലെ ജാതിയും മതങ്ങളും
എല്ലാമെ ഗുണിതമൊ അഴിഞ്ഞുപോയീട്ടമൊ
എങ്കിലൊചെല്ലാമതു കേട്ടുകൊള്ളുവിൻ നന്നായി
ശങ്കകളുണ്ടാകേണ്ട ചേതസി കുറഞ്ഞൊന്നും
യാതൊരുവനുമേതു ജാതിയിലെന്നാകിലും
ജാതയായുള്ള മാനദത്താൽ നശിച്ചുപോം
മാനസവിചാരത്താൽ ഉദിക്കും സുബോധത്തിൽ
അന്യസേവകളായ മതവുംനശിച്ചുപോം
നശിക്കയില്ലജ്ഞാനം ക്രമത്താൽ വർദ്ധിച്ചീടും
നശിക്കും മററുള്ളവ യൊക്കവേ ക്രമത്താലെ
നിത്യമുന്മു കദീപസൊമരശ്മികളെല്ലാം
ഖദ്യോതപ്രഭയോളം നശിച്ചുകാണ്മീലയൊ
അക്കരശ്മികളൊന്നിലൊഴികയില്ലയെല്ലൊ

‘ യഥാനദ്യ : സ്യന്ദമാനാ സമുദ്രേ അസ്തംഗച്ഛന്തി നാമരൂപെ: വിഹായ : ”



ഉൾക്കമലത്തിലതുപോലെ കണ്ടറിഞ്ഞാലും
ഓരോരൊ മതങ്ങളെ ദീക്ഷിച്ചുനിരന്തരം
ജടകൾ ബന്ധിക്കയും മുടികൾ പറിക്കയും
ശയനമിളക്കയും അശനംകുറക്കയും
നിയതന്മാരോരൊ ദേശങ്ങളിൽ ഇചരിക്കയും
കാനനെ വസിക്കയും കായികനിഭുജിക്കയും
മൌനമായിരിക്കയും മന്ത്രങ്ങൾ ജപിക്കയും
വല്ക്കലംധരിക്കയും വസ്ത്രങ്ങൾവെടികയും
തൽഗൃഹം പേടിച്ചു ദേവാലയെ വസിക്കയും
സന്തതമനുഷ്ഠിച്ചാലെന്തൊരു ഫലംപിന്നെ
സന്താപം ദിനംതോറും വർദ്ധിച്ചുവരികെന്നി
ചിന്തയാമറന്നിട്ടു മീശ്വരസ്മരണയും
സിദ്ധിച്ചീട്ടമൊപിന്നെ ജ്ഞാനവും കൈവല്യവും
അതിനാൽ ജാതികളും മതഭേദവുമെല്ലാം
മതിയാലൊഴിഞ്ഞു നിന്നീടുന്നീതറിവുള്ളോർ
അതിനാലവക്കൊരു കുറവുമുണ്ടായ്‌വരാ
ചിത്തമാത്മാവിനെ ഭജിപ്പാനാകമൂലം
ലോകാചാരവും കുലാചാരാദികളുമെന്നി
യിവയെല്ലാമാചരിച്ചിരിപ്പവനെന്നതുവരികിലും
മാനസമതിനോടു പററുകയില്ലയെല്ലൊ
സരസ്സും സരോജപത്രവുമെന്നപോലെ
എന്നതുമെല്ലാം മനം ചെന്നീടും ജ്ഞാനത്തിങ്കൽ
എന്നതിന്നുപമയും ചൊല്ലുവിൻ കേട്ടുകോവിൻ
ശ്രദ്ധമായൊരു നാരിതന്നിൽ വർദ്ധിച്ചമോഹം
കൂടിയ പുരുഷന്നു തന്നുടെ ഭാര്യതങ്കൽ
കുന്നൊത്ത കുളുർമുലപുൽകുമന്നേരത്തിലും
ചെന്നീടും ചിത്തം പരനാരിയിലതുപോലെ
ഇക്കണ്ട ലൌകിക സംബന്ധനായ്‌വരികിലും
ഉൾക്കാമ്പു ചെല്ലുമ്പരമ ജ്ഞാനമതു തന്നിൽ
ആകിലിങ്ങിനെയുള്ള മാനവന്മാക്കു പിന്നെ
യെന്തനുഭവമതു ചൊല്ലുക മനോഹരെ
പറയാമതു മൊട്ടു ചുരുക്കി കേൾക്കേണ്ടുകിൽ
അറികയെന്നിയതു പറയാമല്ലയല്ലൊ

സർവ്വശാസ്ത്രാർത്ഥാഖ്യമായെകയായ്വേദാന്തമായി
സർവ്വസങ്കല്പ മതാതീതമായാനന്ദമായി
സർവ്വമൂർത്തികളാലും ചൊല്ലരുതാതെയുള്ള.
സർവ്വമായിരിപ്പോരു ചാരുസന്മാർഗ്ഗമതു
കൈത്തലെ മരുവുമാമലകഫലമ്പോലെ
ചിത്തമോദത്തോടെവർ കണ്ടുകൊണ്ടാടുമെല്ലൊ
വേദാന്ത സൂക്ഷ്മാർത്ഥവും മതസിദ്ധാന്തങ്ങളും
ഇന്നവയെന്നു മിനി ചൊല്ലുവിൻ കേട്ടുകൊൾവിൻ
പരവും ജീവമെന്നും ബന്ധമെന്നതും പെരായി
പരിചോടിവ മൂന്നു വിധമായിരിപ്പതെ ചൊല്ലാം
എന്നിതുതന്നെ പര്യായ ശബ്ദങ്ങളാൽ
ചൊല്ലുന്നു ബഹുതരമൊരൊ സിദ്ധാന്തികൾ
അതിനെ വിസ്താരമായി ചൊല്ലുവാൻ കാലംപോരാ
എന്നതിനാലെ ഫലമെന്നതു മറിഞ്ഞീല
മുന്നം ഞാൻ ചൊന്നപര ജീവ ബന്ധങ്ങളുടെ
വമ്പെഴും സ്വഭാവവും ചൊല്ലുവൻ ക്രമത്താലെ
പരമെതുമേ കന്നിർമ്മലം പൂർണ്ണനിത്യം
സ്ഥിരമാമതി സൂക്ഷ്മം സച്ചിദാനന്ദമെന്നും
ചൊല്ലിയ സ്വരൂപലക്ഷണങ്ങളൊടുകൂടി
ഉള്ളതു പരബ്രഹ്മ മെന്നതു ധരിച്ചാലും
വിശ്വാത്മാവാകു മതിൽനിന്നെല്ലൊ പ്രപഞ്ചമാ
ന്നിശ്ശേഷം ചരാചരജാലങ്ങളുണ്ടായതും
എന്നു ചൊല്ലുക ബാലെ സത്വസംഭവത്തിനു
പിതൃമാതൃക്കളെന്നി മറ്റൊരുവരുമുണ്ടൊ
എങ്കിലും മന്ദമതിമാന്മാരായവർകൾ
തൽശംകകളകലുവാഞ്ചൊല്ലുവൻ കേട്ടുകൊൾവിൻ
സ്ത്രീപുരുഷന്മാരിവ സത്വസംഭവത്തിനു
കാരണമാകിലവർ തങ്ങൾ പുത്രോല്പത്തിക്കും
ശുദ്ധിയാതിരിക്കുന്ന കാലത്തു സിദ്ധിപ്പതും
പുരുഷാഗ്രഹെ നാരി സംഭവിപ്പതും
ശുദ്ധയുള്ളൊരു കാലം സിദ്ധിയാതിരിപ്പതും
പിന്നെ നാരിയെ ശുദ്ധിക്കുംമ്പോൾ പുരുഷൻ ഭവിപ്പതും
രണ്ടുമൊഹവു മെന്നിയിരിക്കും കാലത്തിങ്കൽ



രണ്ടു മെന്നിയെ നപുംസകമായി ഇരിപ്പതും
ഉൽഭവ മിവരാലെ യറിഞ്ഞു കൂടാത്തതും
ഗർഭവും മാസം പ്രതി വർദ്ധിച്ചു വരുന്നതും
ജനനാതുരങ്ങളിലഴിഞ്ഞു പൊകാതതും
മനനഞ്ചെയ്തീടുകിൽ ഘട സംഭവത്തിന്നു
ഹെതുവാം കുലാല ചക്രാദികളെന്നപോലെ
മാതുരാതികളതിൽ ഹേതുവെന്നതെ വത്രു
ബുൽബുദ സംഭവങ്ങൾ സ്ത്രീപുംസയോഗമെന്നി
ബീജകാരണമായേ ഭവിച്ചല്ലയൊ കാണ്മു
ആകയാൽ ജന്തുക്കൾക്കു ജനനിജനകന്മാർ
കാരണമല്ലെന്നു നിശ്ചയിച്ചറിഞ്ഞാലും
ദേഹങ്ങൾക്കെല്ലാം പൂർവ്വപൂർവ്വ ദേഹങ്ങളുടെ
ബീജത്താലല്ലി വർദ്ധിച്ചിടുന്നു വെന്നു കെൾക്കിൽ
ഉത്തരൊത്തര ശരീരങ്ങൾക്കു പൂർവ്വന്മാരാൽ
ദത്തമായി ഒരു ബീജം കാരണ മെന്നാകിലോ
സർപ്പത്തിൻ വദനത്തിൽ രത്നവും പാഷാണത്തി-
ന്നുൾപൊത്തിൽ തവിളയു മതിനു ജനങ്ങളും
വൃക്ഷജാലങ്ങളിൽ തന്നിൽ കൃമികീടാദികളും
ഭൂമിയിൽ * ഛത്രാകവും ജലത്തിൽ കൃമികളും
എന്നവയെല്ലാം പൂർവ്വദേഹങ്ങളുടെ ബീജ
മെന്നിയെ യുണ്ടാകയാൽ ബീജമല്ലെന്നുനൂനം
എങ്കിലും സ്വേദജങ്ങൾ ഭൂതാദി പ്രപഞ്ചത്തിൽ
പിന്നുണ്ടാകയാൽ അതുതന്നെ കാരണമല്ല
ഇച്ചൊന്ന ജന്തുക്കൾക്കു കാരണഞ്ചരാചരം
നിശ്ചയമെന്നാകിലൊ മറ്റുള്ളവ മൂന്നും
ഭൂതാദിതങ്കൾനിന്നു വർദ്ധന കണ്ടീലല്ലൊ
പൊതു ജന്തുക്കൾക്കതു മല്ലെന്നു ധരിച്ചാലും
എങ്കിലഗ്നിയിൽനിന്നു ദീപമുണ്ടാകയാൽപിന്നെ
ഏകദീപത്തിന്നനെകങ്ങളുണ്ടാകുംപോലെ
ആകാശമൊഴിച്ചുള്ള ചതുർഭൂതത്തിൽ
ജനിച്ചാകവെ ജന്തുക്കളും വർദ്ധിച്ചീടുകയല്ല.
ആരുമാരുമെയതു കണ്ടതും കെട്ടലാറും
ആരാബ്ധിയില്ലാഖ്യയാലതു മല്ലെന്നുവരും

* കൂൺ.

അഗ്നിക്കു ദീപം ദീപത്തിന്നനേകം ദീപവും
അഗ്നിക്കും ദീപത്തിനും തന്നെനിർമ്മിച്ചീടാമെ
കണ്ടാലുമതുപോലെ ലോകജന്തുക്കളെല്ലാം
ഉണ്ടാകുന്നതിന്നൊരു മൂലമുണ്ടതിന്നു
മായയാലതു ലോകം നിർമ്മിച്ചീടുന്നതും
മായമെന്നിയെയതു പരമെന്നറിഞ്ഞാലും
ചൊല്ലുവനിനീജീവനെന്നതും പലപല
സിദ്ധിമുക്തികളെല്ലാം പരമകാരുണ്യത്താൽ
സിദ്ധിച്ചു കാണ്കമൂല മാദ്യമായനേകമായി
സ്വാതന്ത്ര്യവിഹീനമാം ജീവനമെന്നു നൂനം
സിദ്ധിമുക്തികളെല്ലാം ജീവനെന്നു ചൊൽവാ
നെന്തുകാരണമെന്നു ചൊല്ലേണമെങ്കിൽ ചൊല്ലാം
ഈദേഹം വെടിഞ്ഞന്യ ദേഹങ്ങൾ തപോഫല
സിദ്ധിക്കു സിദ്ധിപ്പതും ജീവനായതിനെല്ലോ
മൂർത്തിയെന്നതും ബന്ധമോക്ഷമായവയെല്ലാം
ജീവനെന്നിയെ പരമാത്മാവിനില്ലയെല്ലോ
ആദ്യനെന്നതും പരസൃഷ്ട്യാദി കൃത്യങ്ങൾക്കും
ബദ്ധനായി വരികയാൽ എന്നതു ധരിച്ചാലും
കർമ്മസംബന്ധത്താൽ മേൽകീഴുകളൊരു
ഉറുതികൊണ്ടു ജീവന്നു മനേക (മെന്നുര ചെയ്കമൂലം)
സ്വാതന്ത്ര്യഹീനം ജീവനെന്നതിൻ മൂലമതു
സ്വാതന്ത്ര്യത്വവും പരനെന്നിയെ യില്ലായ്കയാൽ
ഇങ്ങിനെ ജീവനെ നിബന്ധമായുള്ളെന്നതു
മെങ്ങിനെയെന്നുകേട്ടുകൊള്ളുവിൻ വഴിപോലെ
ബന്ധംവേർപെട്ടല്ലയോ സായൂജ്യംവന്നീടുന്നു
ആകയാലനാദിയെ ജീവന്മാരെയുമെല്ലാം
ബന്ധിച്ചുവരുന്നൊരു ബന്ധമുണ്ടെന്നുതന്നെ
അന്തരമില്ലാ പറഞ്ഞീടുന്നു മഹാജനം
ബന്ധവുമനാ(ദി) യെന്നുര ചെയ്യുതിന്മൂലം
ജീവനുള്ളന്നെ ബന്ധമുണ്ടാക നിമിത്തത്താൽ
ബന്ധവു മാത്മാവിന്നു ത്രിവിധമായുള്ള പോൽ
എന്തവ മൂന്നുമെന്നു ചൊല്ലുവ നിനി കേൾപ്പിൻ
ജീവാവസ്ഥകൾ മൂന്നാകുന്നിതവ മൂന്നും
സകലകൈവലശുദ്ധങ്ങളെന്നറിഞ്ഞാലും





കേവലാവസ്ഥതന്നിൽ ഉണ്ടാകുമജ്ഞാനവും
സകളാവസ്ഥതന്നിൽ ഉണ്ടാകുംമായായതും
സകലന്തന്നിൽ മനൊ വാക്കുകായത്താൽ
(കൃ ല്യ) മവർ കരുതുന്നതു വെവ്വേറെ എന്നാശു
ചൊന്നതിന്മൂലം കേട്ടുകൊള്ളുവിനിനി
ഇജ്ജനങ്ങളും കർമ്മ ജാലങ്ങളനേകമാ
യുണ്ടാകമൂല മവരനിനെക്കുംവണ്ണം
വേദാദിശാസ്ത്രാർത്ഥ വാക്യങ്ങളെ തന്റെ
ബുദ്ധിയാലറിവിനു തക്കതായനുഷ്ഠിക്കും
ബ്രഹ്മാദി ജീവാന്തമായി ചൊല്ലായ മൂർത്തികളിൽ
ഓരൊരൊ മൂർത്തികളെ പരമെന്നു നിനച്ചു
പ്പരമ്പൊരുളിൻ പശുപാശങ്ങളിവഭേ-
ദമാഭേദമാം ഭേദാഭേദമായെന്നു നിശ്ചയിച്ചിട്ടു മവരവർ
[കളുള്ളം
ഇജ്ജനമമനങ്ങൾ വെവ്വേറെയെന്നതഹോ
ഇജ്ജീവ പരങ്ങൾക്കു മതഭേദങ്ങൾ ചൊല്ലും
ഭിന്നാഭിന്ന വാദങ്ങളെന്നിനാലുണ്ടായ്‌വന്നി
തെങ്കിലൊ ജീവപരമദ്വൈതമതം തന്നെ
പൂർവ്വവിജ്ഞാനികളും വേദവും ചൊല്ലുന്നതെ
ദ്വൈതമാമെന്നു ചിലർ ചൊല്ലുന്നവതുമ്പിന്നെ
ഏവണ്ണമെന്നു കേട്ടുകൊള്ളുവിൻ പറഞ്ഞീടാം
ഏവമെന്നതും ദ്വൈതമെന്നതും ചൊല്ലീടാതെ
അദ്വൈത മെന്നുവേദാന്താദികൾ ചൊല്ലുകയാൽ
ദ്വൈതമെന്നതു വരുമെങ്കിലൊ മോക്ഷത്തിങ്ക-
ലൊന്നാവാനവകാശമുണ്ടാകയില്ലല്ലൊ
ഒന്നാകിലൊന്നു നശിച്ചൊന്നുണ്ടായ്‌വന്നീടേണ
മൊന്നതിൽ നശിക്കിലൊ മോക്ഷവും ചെയ്യും
കർമ്മവുമിവ മൂന്നില ജ്ഞാനം മികച്ചുടൻ
തത്സ്വഭാവവും തന്നൊടാക്കയാല
ജ്ഞാനത്തെപ്പോലെ പലപ്രകാരങ്ങളായി ചൊല്ലീടുന്നു
ആത്മാവിൻ ഗുണമെന്നും ബന്ധകാരണമെന്നും
മാനസഭാവമെന്നും മോഹമാദികളായി
അജ്ഞാന ബന്ധത്തിന്നു ത്രിവിധമെന്നു തന്നെ

വിജ്ഞാനിജനങ്ങളാം വിദ്വാന്മാർ ചൊല്ലീടുന്ന
പലവുമുള്ള മതങ്ങളുടെ സിദ്ധാന്തങ്ങൾ
പരമാദികളായ ത്രിവിധമെന്നാകിലും
അജ്ഞാനമെല്ലാം കരുതീടിന മനനങ്ങൾ
അഞ്ജസാ ബഹുവിധമായിരുന്നു താനും
ശാരികെ ബഹുവിധം മതസിദ്ധാന്തമെല്ലാം
പരമാദികംതന്നെ എന്നതെങ്ങിനെ ചൊൽ നീ
സർവ്വശാസ്ത്രങ്ങളാലുമിജ്ജനത്തിന്നു ചൊല്ലും
ധർമ്മാദി പുരുഷാർത്ഥം നാലിന്നു മോക്ഷമെന്നു
ചൊല്ലായവചനത്തിന്നർത്ഥവുമൊഴിച്ചെല്ലാ
ഒഴിയാവതും ബന്ധന്നീങ്ങുന്നതെല്ലോ താനും,
ആകയാൽ ബന്ധമൊന്നൊന്നുള്ളതു തന്നാൽ
ബന്ധിച്ചതൊഴിഞ്ഞു നില്പതിനൊന്നുണ്ടെന്നതും
ബന്ധവും ജഡകാകയാൽ അബദ്ധത്തിന്നു
കർത്താവായിട്ടുവൊന്നും സ്വതന്ത്രനാകയാലും
ബന്ധത്തെ നീക്കി ജീവന്മാർക്കു കൈവല്യമതു
സന്ധിപ്പിപ്പതിന്നൊരു സ്വതന്ത്ര കർത്താവുണ്ടെ
ന്നുള്ളതു സർവ്വശാസ്ത്രസമ്മതമതുമല്ല.
സർവ്വദാസർവ്വമത സമ്മതമറിഞ്ഞാലും
ആവില്ലയെല്ലോ എന്നതുമൂലമിതുദ്വൈത-
മാകുന്നതെന്നു നിർണ്ണയിച്ചാരാലുമേ ചൊല്ലിയല്ലോ
സ്വർണ്ണവും ഭൂഷണവും മെന്നതുപോലെയല്ലി
എന്നുചോദിക്കിലിതിൻഭേദവും കേട്ടുകൊൾവിൻ
ഏകമെന്നതു ചൊല്ലീടാതെയദ്വൈതമെന്നു
ചൊല്ലിയവാക്യാർത്ഥവുമേകമെന്നായെവത്രു
ഏകമാകിലൊ പരമാകിയവസ്തുവിന്നു
ബന്ധവും മോക്ഷമതു മുണ്ടെന്നുവരുമല്ലോ
ബന്ധമോക്ഷങ്ങളതു ബ്രഹ്മത്തിനില്ലായ്കയാൽ
ഏകമെന്നതുചൊല്ലീടാവതല്ലറിഞ്ഞാലും
ദ്വൈതവുമദ്വൈതവുമെന്നു ചൊല്ലീടുന്നിതു
ദേഹദേഹികൾപോലെ നിർഭേദമാകമൂലം
ദ്വൈതമായ്ക്കലന്നിരിക്കുന്നതെന്നതെല്ലോമതം
വാദികൾപോലുമെല്ലാം ചൊല്ലുന്നു നിരന്തരം





ഏങ്കിലൊ കേട്ടുകൊൾവിൻ പരവുംജീവമതും
ഏകമെങ്കിലൊബന്ധം പരത്തിനുണ്ടാമല്ലോ
ബന്ധമില്ലായ്കമൂലംമ്മോക്ഷവുമില്ലയല്ലോ
ബന്ധമുണ്ടെന്നാകിലുമുണ്ടാകയില്ലമോക്ഷം
പരമലീലാവശാൽ മുക്തിയുണ്ടെന്നാകിലൊ
ലീലയാതന്നെവീണ്ടു ബന്ധവുമുണ്ടായ്വരും
ബന്ധമുണ്ടാകുമ്പോളൊമുന്നമെ ലഭിച്ചോരൊ
മുക്തിയും നിഷ്ഫലമാം നിത്യമാം ബന്ധമതുമാകയാ-
ലേകമെന്നുചൊല്ലാവതല്ലയെല്ലോ
ആകവെ കേട്ടുകൊൾവിനിനിയുമൊരുവഴി
ഏകമായിപരണ്ടുമെന്നതുവരികിലൊ
ദ്വൈതഭാവങ്ങൾ വരുവാനവകാശ
മെന്നബന്ധത്താലെന്നാകിലൊ പരമവസ്തുവിന്നു
ബന്ധബന്ധത്വമുണ്ടെന്നുള്ളതൊവരായല്ലോ
എന്നിയെ ബ്രഹ്മത്തിന്നു ബന്ധമുണ്ടെന്നാകിലും.
ബന്ധവുമ്പരത്തിന്നു ഭിന്നമൊ അഭിന്നമോ
പരമമേകത്തോടുകൂടാതെവേറായൊരു-
ബന്ധമുണ്ടാകിൽ പരമേകമെന്നതുംവരാ
എന്നിയെ ബന്ധമുടയവനായ്വരികിലൊ
ബന്ധനസ്വതന്ത്ര്യവുമില്ലാതെവരുമല്ലോ
ആകിലൊ ബന്ധംതീർത്തുമുക്തിയെവരുത്തുവാൻ
പരത്തിൽ മീതെയൊരുപരമുണ്ടായിടേണം
അവ്വണ്ണമൊരു പരമില്ലാകനിമിത്തമായി
വണ്ണമുള്ളബന്ധന്നീങ്ങുകയില്ലയല്ലോ.
അതുമെന്നിയെബന്ധമഭിന്നമാകിലുമെ
തന്നുടെ സ്വഭാവമായിട്ടുകനിമിത്തമാ-
യൊരുകാലവും ബന്ധന്നീങ്ങുകയില്ലയെല്ലോ
ഇങ്ങിനെയാകമൂലം പരമാം വസ്തുവിന്നു
ബന്ധമുണ്ടെന്നാകിലും മുക്തിയില്ലെന്നുവരും
ബന്ധമില്ലായ്കയിന്മുക്തിമുന്നമെ ഇല്ലയല്ലോ
ആകയാൽ പരമതു ജീവമായിരിപ്പൊന്നു
മേകമൊന്നുചൊല്ലീടാവതല്ലറിഞ്ഞാലും
ഏകവാദത്തിൽ ബന്ധം ഭ്രാന്തിയെന്നതു ചൊൽകിൽ

ചൊല്ലുവനതിന്നു കെട്ടീടുവിൻവഴിപോലെ
ജലത്തിൽ പ്രതിബിംബംപൊലിനെജീവന്മാരും
പരത്തിൽ പ്രതിബിംബമ്മായയിൽ ജനിച്ചീടും
അമ്മഹാമായയതും ഭ്രാന്തിയെന്നതുചൊൽകിൽ
ഭ്രാന്തിയുന്നിർമ്മലമാം ബ്രഹ്മത്തിനില്ലായ്കയാൽ
ജീവന്മാരുടെ യജ്ഞാനാദിബന്ധങ്ങളതു്
മിത്ഥ്യയല്ലതു പുനരെങ്ങിനെയെന്നു കേൾപ്പിൻ
ഭ്രാന്തിയായതും വിഷയാദിമോക്ഷത്താൽതോന്നും
രജ്ജു * സർപ്പാദികളാം ഭ്രാന്തിജ്ഞാനങ്ങളെല്ലാ
എന്നിവ ഉദിപ്പതും ജീവനിലെന്നാകിലൊ
ജീവന്നമ്മായാതന്നിൽ ഉദിക്കനിമിത്തമായി
മായയിൽ ജീവനതും ജീവനിൽ മായായതും
അന്യോന്യാത്തവമൊന്നുമൊന്നുമുണ്ടാകയാൽ
ജീവന്നു ബന്ധമതു തോന്നിയെന്നതുംവരാ-
എങ്കിലിബ്രഹ്മത്തിനൊ എന്നു ശങ്കിക്കിൽചൊല്ലാം
പരവു മേകമ്മഹാന്നിർമ്മലമെന്നാകയാൽ
വിഷയമോക്ഷങ്ങളും കാരണകർത്തൃത്വമാം
മോക്ഷവുമൊന്നുമില്ലായ്കനിമിത്തമായി
ഭ്രാന്തിയായവയൊന്നും ബ്രഹ്മത്തിനുദിച്ചീടാ
ഉദിക്കായ്കയാൽജ്ജീവന്മാരുമില്ലെന്നുവരും
അതിന്നുമുമ്പുതന്നെ ബന്ധവുമില്ലെന്നാകു
മതിനാൽ ബന്ധമതുംമിത്ഥ്യയല്ലെല്ലെന്നുനൂനം
ആകിലൊ ബാലേ ജീവപരമെന്നതുരണ്ടും
ദ്വൈതമെന്നതുതന്നെ തോന്നീടുമെല്ലൊതാനും
ചൊല്ലുചൊല്ലെന്നുകേട്ടു ചൊല്ലിനാളതുമെങ്കിൽ
ദ്വൈതമെന്നതും പറയാവല്ലാരാലുമെ
ദ്വൈതമായിരിക്കിലൊ ഭഗവൽ കാരുണ്യത്താൽ
ആദിയെജീവന്മാരു മുക്തിയെ ലഭിച്ചുടൻ
ബ്രഹ്മാണ്ഡമൊക്കെ നിറഞ്ഞിക്കാലം സൃഷ്ടിപ്പാനും
മണ്ഡമായ്വരുമെല്ലൊ ഭൂതലമില്ലായ്കയാൽ
ഇസ്ഥലമുണ്ടാകയാൽ ജീവന്മാർപരത്തിനും
ഭേദമായവരായതുമെങ്ങിനെയെന്നുചൊല്ലാം.

* കയറുകണ്ടു പാമ്പാണെന്നു ധരിക്കുക.



ബ്രഹ്മത്തെവെറായോരു ജീവനുണ്ടെന്നാകിലൊ
അവനജ്ഞി * ത്താകയാൽ ബന്ധമെങ്ങിനെവന്നു.
അതുതാമ്രാദികളിൽ കന്മഷമായുള്ളൊരു
കളമ്പുപോലതന്നെ സഹജമെന്നുംവരും
ആകിലൊ ജീവനതും ബന്ധത്തെ നീക്കിക്കൊൾവിൻ
ആദിയെബന്ധമതു നീങ്ങിപോയിട്ടുമെല്ലൊ
അതുമാമല്ലായ്കയാൽ ബന്ധത്തെ നീക്കുന്നതു്
പരനെന്നാകിൽ കേട്ടുകൊൾവിനതുമഹോ
ആനന്ദപ്രദനായ ചിത്സ്വരൂപത്തിന്നിവ
കർമ്മവും ഫലങ്ങളും വെണമെന്നില്ലായ്കയാൽ
ഇച്ചൊന്ന ജീവന്മാരും മുക്തിയെലഭിപ്പതി
നാഫലമെന്തുപരമ (ജ്ഞ?), നമതുഞ്ചൊൽക
ഫലത്തെ ശ്രദ്ധിച്ചല്ല ബന്ധത്തെ നീക്കുന്നതു
ജീവന്മാർകളിലുള്ള കൃപയെന്നാകിലൊ
ആദിയെത്തന്നെബന്ധംനീക്കിക്കൊള്ളേണമല്ലൊ
അതുനീക്കീടായ്കയാലശക്തനെന്നുംവരും
അതുമില്ലതുംക്രമാൽ നീക്കീടുമെന്നാകിലൊ
പരവുമ്പരമത്വമുടയൊനെന്നുംവരാ
അതുമെന്നിയെ ജീവൻ നിത്യമതാകകൊണ്ടു്
മുക്തിയെ സിദ്ധിപ്പവൻ ജനിച്ചീടായ്കകൊണ്ടും
ആദിയെ മുന്നം മമചൊല്ലിയതു കൃത്യങ്ങളാം
സൃഷ്ടിയാദികളെല്ലാംമൊഴിഞ്ഞീടെണമെല്ലൊ
ജീവന്മാരനവധിയായാലവരാവർ
പുണ്യപാപാദി നിവിർത്തിയുമിമ്മലാപരിഭാഗവും
വരുന്നതുമേലുമുണ്ടാകമൂലം
സൃഷ്ട്യാദികളൊഴിഞ്ഞീടുമെന്നതുംവരായിന്നി-
യേയസംഖ്യയായുള്ളൊരു ജീവന്മാരു-
മെകൈകസൃഷ്ടിക്കൈകൈകം ഗതിയാകിലും
അസംഖ്യസൃഷ്ടികളിലസംഖ്യം മുക്തിലഭി-
ച്ചീടിലുമൊരുകാലം സൃഷ്ട്യാദിയൊഴിഞ്ഞീടു
മവ്വണ്ണമൊരുകാലം സൃഷ്ട്യാദിയൊഴിഞ്ഞീടിൽ.

* ജ്ഞാനസ്വരൂപം.

കഴിഞ്ഞകാലത്തിനു സംഖ്യയില്ലാകകൊണ്ടു
ആദിയെ സൃഷ്ട്യാദികളൊഴിഞ്ഞീടണൎത്തു
മൊഴിയായ്കയാൽ മെലിലൊഴിയുമെന്നുചൊൽവാൻ
എന്തുനിശ്ചയമതു മല്ലിവയിവമെലിൽ
ഒഴികിലിവററിനുമവധി ചൊല്ലീടേണം
അതുചൊല്ലീടായ്കയാൽ സൃഷ്ടിയാദികളൊന്നു
മൊഴിയുമെന്നു ചൊല്ലീടാവതല്ലെന്നേവരു
എന്നിയെ ജീവന്മാരും അടങ്ങീടില്ലുമൊട്ടു-
ങ്ങാതനിക്ഷേപംപോലെ
അതിനൊരവധിപതിയായൊരു പരമതു
ജീവനെപരമതു മോക്ഷത്തെ ചേൎക്കുന്തോറും
വൎദ്ധിപ്പിച്ചീടുന്നതെന്നാകിലുമതുമെന്നി
ഇപ്പരന്തന്നെ കാരുണ്യത്താൽ വൎദ്ധിപ്പിക്കിലും
ജീവന്മാരും നിത്യമെന്നതോ സദാ കണ്ടറിഞ്ഞീടാമല്ലൊ
അതുമെന്നിയെ ജീവന്മാൎദ്ദമമാംസാഖ്യങ്ങളെന്നു [ചൊല്ലിയ
വചനമെന്തതെന്നുമായെങ്ങാം ജീവബോധത്താൽ
അറിയാവതല്ലെന്നീ ഇവപരനാൽ ഗുണിതമല്ലെന്നതൊ [വരായല്ലെ:
അതിനും അവ്വണ്ണമെന്നാകിലൊ ജീവന്മാരും
ചെയ്യീടും സഞ്ചിതകൎമ്മമളവില്ലായ്കയാ-
ലസംഖ്യജീവന്മാരുണ്ടെതിടുമസംഖ്യമാം കൎമ്മവും ഫല [ങ്ങളും
സൎവ്വമുക്തിയുമല്ലയാതൊരുകാലം ഗുണിച്ചീടാവു
പരനെന്നു ജീവന്മാരുടെ സംഖ്യാഗുണിക്കാമല്ല [എങ്കിൽ

വിയഷ്ടികണ്ടുള്ളവക്കൊന്നായിപ്പറയുന്ന
സമഷ്ടിയായൊമല്ലെന്നുവന്നീടുമൊ
എന്നിയെ സംഖ്യസാംഖ്യ ഗുണിച്ചീടാതെബഹുവിധം
ജീവന്മാരവരവർ ചെയ്യീടും കൎമ്മത്തിനു
തക്കതായവരോടുകൂടി വാണിട്ടാകിപരനെ
സൎവ്വജ്ഞനെന്നെങ്ങിനെപറയുന്നു
സംഖ്യയായി ഗുണിക്കുന്നതല്ലയൊ സൎവ്വജ്ഞത്വം



അതുമെന്നിയെ മൂന്നുവകയായി ജീവന്മാൎക്കു
ആദികാലമെ സൃഷ്ടിചെയ്യീടുന്നേരത്തിങ്കൽ
വരനാൽ. തനുകരണങ്ങൾ നൽകീടാമെങ്കിൽ
ഇവതൻസംഖ്യ അറിയാവതല്ലെന്നുംവരാ
ഇനിയുമൊരുവഴി ചൊല്ലുവൻ കേട്ടുകൊൾവിൻ
വരവില്ലാതെ ചിലവുള്ളൊരുദ്രവ്യം ക്രമാ-
ലളവുപെടുമതുമല്ലൊടുങ്ങീടുമെന്നു
നിശ്ചയമല്ലൊപ്പുനരെന്നതുപോലെതന്നെ
മുക്തിയുമുണ്ടാമൊടുങ്ങീടാതെ ജീവന്മാരും
ജന്മമുണ്ടെന്നതിന്നും കണ്ടറിഞ്ഞീടാമെല്ലൊ
ഇങ്ങിനെയാകമൂലമെതൊരു പ്രകാരത്തിൽ
സൃഷ്ട്യാദികൃത്യങ്ങൾക്കുമൊടുക്കമുണ്ടാകുന്നു
ജീവന്മാൎക്കുമെല്ലാം നിത്യസംസാരികളും
അനിത്യമായുള്ള സംസാരികളുമായുള്ളതി-
ലനിത്യസംസാരികൾമുക്തിയെ ലഭിച്ചാലും
നിത്യസംസാരികളായുള്ളവരിരിക്കയാൽ
സൃഷ്ട്യാദികൃത്യങ്ങളായുള്ളവയൊന്നുമൊന്നും
നഷ്ടമായ്വരികെന്നതില്ലല്ലൊ അതുമെന്നി
അനിത്യസംസാരികൾ മുക്തിലഭിച്ചിതനി-
ത്യസംസാരികളിക്കണ്ടവരെല്ലാമെങ്കിൽ
ഇജ്ജനത്തിനുമ്മനൊ ശാന്തിയുമ്മൊക്ഷമതും
വരുമെന്നതോ മേലും കണ്ടറിഞ്ഞീടാമല്ലൊ
ഇങ്ങിനെ ലയിപ്പതും മുന്നമേ ജനിപ്പതും
കാൺകയാൽ ജീവപരദ്വൈതമെന്നതുപര-
ദ്വൈതപാദത്താൽ ബന്ധംനിത്യമെന്നതുതന്നെ.
ചൊല്ലുകിലതിന്നു ചൊല്ലീടുവാൻ കേട്ടുകൊൾവിൻ
ജീവബന്ധത്വമായൊരു ജന്യമായുള്ളൊ-
രാണവമെന്നുപേ * രാം
മലത്തെ ജന്യമായമായാകാൎയ്യങ്ങൾ തന്നാൽ
മുക്തമെ പ്രതിബന്ധ
ഞ്ചെയ്യാതെ നിത്യമ്പരമെന്നാകിലൊ
അപ്പരമ്പൊരുളതുമശക്തനെന്നുവരാ

* ഉപമലം.

അതിനാൽ ബന്ധമതുനിത്യമെന്നതുംവരാ
അതുമെങ്ങിനെ എന്നു ചോദിക്കിൽ ചൊല്ലാമെല്ലോ
ഏതൊന്നുനിത്യമതാമജന്യമെന്നാകയാ
ലങ്ങിനെയജന്യമായുള്ളൊരാണവമലം
നേത്രത്തിനെല്ലാന്തൊന്നു മന്ധകാരംപോലെയും
താമ്രത്തിൽ ഭവിക്കുന്ന കന്മഷം കണക്കെയും
ആദിയെ ആത്മജ്ഞാന ശക്തിയെ നിരന്തരം
വെറന്നികലന്നിതു മറച്ചു നിന്നീടിലും
അധികം പ്രഭയോടു ചേർന്നു താമ്രത്തിൽ
കലുഷവുമില്ലാതെപോലെതന്നെ നിത്യ
സംപൂർണ്ണശുദ്ധമായുള്ള പരത്തോടുകൂടി
വാണീടുന്നൊരു ജീവാത്മാവിനെയെന്നു
മജ്ഞാനമായുള്ളതു ബന്ധിക്കയില്ലല്ലോ
ബന്ധിക്കിൽ പരമനാം ജ്ഞാനകാരണന്തന്നെ
അജ്ഞാനവിരോധിയെന്നുമ്പറയാമെല്ലോ.
ഇങ്ങിനെയാകമൂലം ആണവാദികളായ
ബന്ധത്തെനിത്യമെന്നു ചൊൽകയില്ലാരുമാരും
ഇങ്ങിനെപരജീവ ബന്ധമെന്നവമൂന്നും
സന്ദേഹരഹിതമായി ചൊൽവിയെന്നെന്നാകിലും
ഉപ്പുരമാദികളെ മതവാദികളെല്ലാം
അല്ലഭേദഭേദാഭേദങ്ങളെന്നതുചൊല്ലു
മതിന്റെ പരമാർത്ഥം നിശ്ചയിച്ചുരചെയ്വാൻ
ആരാലുമരുതരുതെന്നതേ പറയാവൂ.
മനനംചെയ്തിടുന്ന മാനസമപ്പൊലും മായാ
കാര്യമായാത്മാവിനുബന്ധമായിട്ടകയാൽ
അറിയുമ്മനസ്സിനുമ്പറയുംവചസ്സിനും
* അറിയാമല്ലപറയാവതല്ലെന്നല്ലയൊ
വേദശാസ്ത്രാദികളും ചൊല്ലുന്നുനിരന്തരം
ആദരാലതുമൂലമിച്ചൊന്ന മൂന്നിനെയും
നിശ്ചയിച്ചറിഞ്ഞുകൊള്ളാവതല്ലെന്നുതന്നെ.
ഇച്ഛയാനിരന്തരം നിശ്ചയിച്ചറിഞ്ഞാലും

* "യതോ വാചോ നിവർത്തന്തെ
അപ്രാപ്യ മനസാസഹ"— ഉപനിഷത്ത്.



തച്ഛേഷമെനിചൊല്ലേണമെന്നാകിലൊ
വിശ്വാസഭക്തിയോടും ചോദിക്കിൽ ചൊല്ലീടുവിൻ
ഇത്തരമരുൾചെയ്തു ശുദ്ധമാനസത്തോടും
അത്രൈവ വസിച്ചിതു പൈങ്കിളിമകളുമന്നെ
ബാലെശുകകുലമൗലെമനോഹര
ശീലേ! ഇദമിതികൌതുകമെത്രയും
ഏകമവ്യക്തമനന്തമനാമയ
മേകാന്തമാമ്പരമാർത്ഥതത്വാർത്ഥമിത
തൽഭുത, മൽഭുത, മൽഭുത, മൽഭുത,
മത്ഭുതശീലേയിതൽഭുത മൽഭുതം
നാരായണശിവ നാരായണശിവ
നാരായണ ഹരെ നാരായണഹരെ
നാരായണ ശശി ചൂഡസർവ്വേശ്വര
നാരായണ ശശി സൂര്യാനലെക്ഷണ
നാരായണ ജഗദീശ ഗംഗാധര നാരായണ
[പരമേശ നമോസ്തുതെ.
ശംഭോ ഹരെ ശിവ ശംഭോ ഹരെ
ശിവ ശംഭോ ഹരെ പരമാത്മനെ പാഹിമാം
ആരാലുമൊന്നും അറിഞ്ഞുകൂടാതൊരു
കാരണാ പൂരുഷ തത്വമത്യാദരാൽ
നേരോടെ ഇന്നു പറഞ്ഞു കേൾപ്പിക്കയാൽ
നേരായിനിക്കാരുമില്ലപാരേഴിലും
ബാലെ പറകനിശ്ശേഷവും വൈകാതെ
കാലമിനിക്കളഞ്ഞിടരുതൊട്ടുമെ
എന്നതു കേട്ടു പരമപദാംബുജം
നന്നായി തൊഴുതു പറഞ്ഞാൾ കിളിമകൾ
അദ്ധ്യാത്മസാരമത്യന്തശ്രദ്ധമിദം
അത്യാശയോടു കേട്ടീടുവിനെങ്കിലൊ
ചൊല്ലുവാനാവതല്ലെന്നു വരികിലും
ചൊല്ലേണമെല്ലോ അറിവതിനാകയാൽ
ചൊല്ലുമനവും സ്ഥിരമല്ലയായ്കിലും
ചൊല്ലുവാനായവണ്ണം കേട്ടുകൊള്ളുവിൻ
മാനസം ജീവനു ബന്ധമായൊന്നെന്നു
മുന്നമെല്ലാം പറഞ്ഞീടിനെനെങ്കിലും
മാനസം മായാസമ്മിശ്രമെന്നാകിലും

മാനസം സുസ്ഥിരമെന്നുവരികിലും
വാസനയുള്ള പരിമളസാധനം
നാസികയാലറിഞ്ഞീടാമതുപോലെ
മാനസത്താലറിയേണ്ടവയൊക്കവെ
മാനസത്താലൊഴിഞ്ഞൊന്നറിയാവതൊ
ന്നായുള്ളന്ധതമസ്സിലകപ്പെട്ടു
ഖിന്നനായൊരു പുരുഷന്നിശിതന്നിൽ
മിന്നാമിനിങ്ങയെ ദീപമാക്കിക്കൊണ്ടു
തന്നുടെ മന്ദിരം പൂകുംകണക്കിനെ
ബദ്ധമായോരുമായാന്ധകാരെയുഴ-
ന്നന്ധനായേററം വലയുന്നജീവനും
കിഞ്ചനമായ മനസ്സിൽപ്രകാശേന
തച്ചരിതത്തെയറിഞ്ഞുകൊള്ളേണ്ടതും
മാനസത്താലറിയുംകണക്കിനെയറിഞ്ഞുകൂടായ്കിൽ
വന്നിതാനും ബന്ധത്തോടുകലർന്നുള്ളൊരുജീവനും
അന്തരമെന്നിയെ തന്നുടെ വസ്തുത
ദുർവ്വികാരമൊഴിഞ്ഞേതുമറിഞ്ഞുകൂടാകയാ
ലിച്ചൊന്നബന്ധമകററുവാൻ കാരണമാം
പരമദർശനംവരുവാനായ്മനോലയസാധന
[ഞ്ചെയ്യേണം
മാനസത്തിൽ ലയംവന്നൊഴിഞ്ഞെന്നുമെ
വന്നുകൂടീടാപരമദർശനം
ഇപ്പരമദർശനം വന്നുകൂടാതെ
ഉൽപൂർവ്വമെന്നുമെ ശാന്തിവരായല്ലൊ
ഒന്നിച്ചിരിക്കുമിവരണ്ടുമാകയാൽ
ഒന്നിച്ചുതന്നെസാധിക്കേണ്ടിയുംവരും
മാനസശാന്തിവരാതെയൊരിക്കലും
ജ്ഞാനമായുള്ളതു കൈവരികില്ലല്ലൊ
മാനസ്സമല്ലെയൊ മാനസമാകുന്നതും
മാനസമെല്ലോ ബന്ധത്തെ * വളർപ്പതും
ദീനകോപദ്വേഷമാനലോഭാദിയും
മാനസത്തിങ്കൽനിന്നല്ലോ ജനിക്കുന്നു

* "മന ഏവ മനുഷ്യാണാം
കാരണം ബന്ധമോക്ഷയോഃ "—ബന്ധമോക്ഷങ്ങൾക്കു കാരണം മനസ്സാണ്.



അന്ധകാരത്തിങ്കലുള്ളിലുണ്ടായ്വരും
രജ്ജുസർപ്പാദിയാമുംഭ്രമംപോലിനെ
ചിത്തമായോരു തമസ്സിനാലല്ലയോ
സക്തനാകുന്നിതുഭോഗഭോജ്യങ്ങളിൽ
ദുർവ്വികാരത്തിൻവിളഭൂമിയായതു
മിമ്മനതാരന്നറികാ നിരന്തരം
ഉല്പത്തിനാശം വരുന്നാകിലെങ്ങിനെ
ഉരുവമുണ്ടായ്വരുന്നിതതുപോലെ
മാനസനാശം വരികിലവനൊരു
ദിനമൊന്നാലു മൊരിക്കലും കൈവരാം
മാനസവും ലയിച്ചു പരമനിൽ
താനുംലയിച്ചമരുവുന്നതാകിലെ
ഭൂതലത്തിങ്കലവനുനേരായൊരു
പൂതരുമില്ലെന്നു നിശ്ചയിക്കാമല്ലൊ
സർവ്വവും താനായിരിക്കുന്നവന്തന്നെ
സർവ്വദാതാനെന്നറിഞ്ഞുണർന്നീടുകിൽ
അപ്പുമാനല്ലോ സമസ്തവസ്തുക്കളും
സർവ്വസ്വമായതു സംശയമെന്നിയെ
ഉള്ളംകരത്തിലെ നെല്ലിപ്പഴംപോലെ
ഉള്ളവണ്ണമറിഞ്ഞുള്ളവന്നിർണ്ണയം
ഇങ്ങിനെയുള്ള മനോലയ സാധനം
എങ്ങിനെ എന്നു കെട്ടിടുവാൻ ചൊല്ലുവൻ
ബന്ധനിക്കത്തിനു ഹേതുവമ്മനശന്തിയുന്നിക്ഷയും
സാധനംകൂട്ടുവാൻ ബന്ധമറിഞ്ഞു നീങ്ങേണ്ടുകയാൽ
പൂരാബന്ധത്തിനു കാരണമായൊരു
ദേഹേന്ദ്രിയപ്രാണ മാനസാദിയും
മായാവികാരമൊന്നിച്ചുകളഞ്ഞുടൻ
താനായിരിക്കും പരമമുണരുവാൻ
ദേഹിദേഹങ്ങൾ വേർപെട്ടുമുന്നെയറി
അജ്ഞസാതങ്കലുള്ളോരു മൂഢതമാ
മജ്ഞാനതാപമൊഴിഞ്ഞു നിന്നിടേണം
ദേഹമാകുന്നതു താനതല്ലാതൊരു
ദേഹി ഇല്ലെന്നു ശങ്കിക്കിലോ ചൊല്ലുവൻ
ഭിന്നമല്ലാതദേഹന്താനതാകിലൊ

എന്നുടെ ദേഹമെന്തെന്നുചൊല്ലീടുവാൻ
ബാല്യകൌമാര വാർദ്ധക്യഭേദങ്ങളും
സ്ഥൂലവും പിന്നെ കൃശമായ്ച്ചമവതും
സ്വപ്നത്തിലന്യമാമോരോദിശികളിൽ
യത്നവിഹീനംഗമിച്ചീടുകയാലും
ഇശ്ശരീരന്താനതെന്നുവരായിതു
പഞ്ചഭൂതങ്ങൾതൻ കാര്യമെന്നേവരു
ആകിലിന്ദ്രിയമെന്നു ശങ്കിച്ചിടി
ലാകയില്ലത്തുമങ്ങിനെ എങ്കിലൊ
ശ്രോത്രാദിയായുള്ളൊരിന്ദ്രിയമൊക്കയും
ശബ്ദാദിയായ വിഷയങ്ങളൊക്കവെ
നന്നായറിഞ്ഞിതിദമിദമൊട്ടുമേ
നന്നായറിഞ്ഞുതില്ലെന്നാപതിന്നാലും
കാഷ്ഠകൾ കാതും സുഗന്ധനയനവും
ശബ്ദങ്ങൾ നാവും രസനാസികയതും
ഒന്നിതവിഷയമതെന്നിയെ മറ്റുള്ള
തൊന്നിനാലുമറിഞ്ഞീടാ മതി (നാ) ലും
പഞ്ചേന്ദ്രിയങ്ങൾതാന്നെന്നുംവരായിതു
പഞ്ചഭൂതാംശ മെന്നല്ലോ പറയുന്നു
മാനസമാദിയന്ത : കരണങ്ങളോ താ-
നായതെന്നു ചോദിക്കിലോ ചൊല്ലുവൻ
എന്മനമെന്നറിഞ്ഞീടാതതിനാലും
സംകല്പസാധനമാകയാലും മനം
വായുവിനാശ മെല്ലോന്നതുമെന്നിതു
ബുദ്ധിയും സൽബുദ്ധിയെന്നല്ലോ ചൊല്ലുന്നു
നിശ്ചയിപ്പാനൊരു സാധനമാമതു
മഗ്നിയിന്നാ ശമാകുന്നതറിഞ്ഞാലും
അപ്പോലെ തന്നെയഹംകാരമായതു
മപ്പുവിന്നം ശമാകുന്നതു നിർണ്ണയം
ആക്കമഭിമാനസാലംമുളപ്പതു
പാക്കിലഹംകാരഭൂതലത്തിന്നെല്ലൊ
ചിത്തവുഞ്ചിന്തിത സാധനമായിതമാ
പൃത്ഥ്വിയിന്നംശ (വും) മുൽഭവമായതു്



ആകയാലെട്ടു കാരണങ്ങൾ ഇല്ലയെന്നാകി
ലിപ്രാണനാമെന്നു ശങ്കിക്കിലൊ ചൊല്ലാമതും
പൃത്ഥ്യംശമായുള്ളപോൽ ചൊല്ലായവായു
ദേശത്തിനു മൂലമായ മത്ത്യ പ്രാണനെന്നു പറകെയാലും
[പൂന :
പ്രാണവായുവു മല്ലെന്നു നിശ്ചയം
എന്നിവയേഴു മല്ലാതെ താനായതെ
തെന്നുചൊൽകെന്നുചൊദിക്കിലാം ചൊല്ലുവൻ
പത്തുനരന്മരൊരു നദിതന്നിൽ വീണൊ-
ത്തലായൊട്ടൊഴുകി ക്കരയേറിനി
ന്നന്യോന്യമെണ്ണി എണ്ണന്നോരുതന്നെ
എണ്ണിടാതെ ദുഃഖിച്ചു മേവുന്ദശാന്തരേ
അന്യപുമാനവനൊമ്പതു പേരെയും
പത്താമതു ദർശിപ്പിച്ചതു പോലിനെ
ചിത്താദിയേഴിനേയും കണ്ടു കണ്ടുടൻ
അത്രവാഴുന്നൊരു കാരണ വസ്തുവേ
സൽഗുരുനാഥൻ കൃപാനുഗ്രഹവശാൽ.
അക്കാരണം ഭവാനെന്നറിയിക്കുന്നു
ദേഹാദിയോടും സമയുക്തമായ്‌മേവുമ്പോൾ
ശുദ്ധവിഹീന മെന്നുമ്പറഞ്ഞിടുന്നു
ദേഹത്തിലുള്ള മമത്വ മകലുമ്പോൾ
ശുദ്ധമെന്നു പറയുന്നു വേദാന്തികൾ
ഇങ്ങിനെയുള്ള സുജ്ഞാന സ്വരൂപനാം
തൻവടിവേതു മറിയാന തെന്നിയെ
ആദിയെ തന്നെ മറന്നുള്ളൊരജ്ഞാന
മാദിപാശങ്ങളശേഷമേ പോകുവാൻ
തന്നാലനുസരിക്കായ ദുർവ്വാസനാ
തന്നയശേഷ മൊഴിഞ്ഞു നിന്നീടേണം
വേദങ്ങളിൽ വിധിയല്ലാതെ വാസന
ബോധം കുറക്കുന്ന ദുർവ്വാസനയെല്ലോ
ലോക സമാതുര സങ്കല്പ വാസനാ
ഭോഗ ഭോജ്യങ്ങളിലുള്ളൊരു വാസന
അർത്ഥകളത്ര കുഡുംബാദി വാസന

വ്യർത്ഥമായോരു ദേഹാദിയാൽ വാസന
അന്യമായുള്ള വിദ്യാഭ്യാസ വാസനാ
അന്യദൈവങ്ങളെ നിന്ദിത വാസന
ഇത്യാദിയെല്ലാ മൊഴിഞ്ഞുള്ള മൌനിപോ
ലുത്തമനായുള്ളവനെന്നറിഞ്ഞാലും
ജന്മങ്ങൾ തോറു മിവാസനയും ബഹു
കർമ്മങ്ങൾ ചെയ്കിലും മുക്തിവരായല്ലോ
വേദാന്തവാക്യ മറിഞ്ഞവ വാസനാ
യാദിയാതെ നിത്യതയുള്ള കൈവല്യം ഭവിക്കുമൊ
മുക്തിക്കിവണ്ണം വിരുദ്ധമായുള്ളൊരാ

സക്തി ചെരുന്നദുർവ്വാസനയൊക്കവേ
ദൂരനിർത്തി സമാധിക്കനുകൂലമാം
ചാരുസുഖാസന തന്നിൽ മേവീടണം
അന്യശ്രുതികളു മന്യവിരോധവും
അന്യസംഗങ്ങളു മില്ലാത സൽസ്ഥലെ
തത്ര മൃദുലമൃദുല മായുള്ളൊരു
വസ്ത്രാദിയാൽ ചമച്ചുള്ള സുഖാസനെ
വാമജാനുസ്ഥലെ വാമേതരാംഘ്രിചെ ,
ർത്താമോദമേറും മരപ്പാവപോലിനെ
കാലും കരവും ശിരസ്സും ഭുജങ്ങളും

മാലാറുമാറിരുന്നേതു മിളകാതെ
നാസികാ പൃച്ഛദേശേനയനങ്ങളും
മാനസമാദി പരമ * പദത്തിലും
ചേർത്തു കാമാദിയായുള്ള വിരാഗങ്ങൾ
തീർത്തു നിശ്ചഞ്ചല മായിരുന്നീടണം
ഇങ്ങിനെയുള്ളൊരാ സമാധിയാൽ മാനസ-

* " ശുചൗ ദേശേപ്രതിഷ്ഠാപ്യ
സ്ഥിര മാസനമാത്മന നഃ. . . . . . .
സംപ്രേക്ഷ്യ നാസികാഗ്രംസ്വം.
ദിശശ്ചാനവ ലോകയൻ . . . .
മനഃസംയമ്യ മച്ചിത്തോ യുക്ത
ആ സീത മൽപര : "
എന്ന ഗീതാവാക്യങ്ങൾ ഇവിടെ അനുസ്മരിക്കുക.



ഭംഗം വരാതൊരു നി ം കൂട്ടീടുവാൻ
പഞ്ചേന്ദ്രിയങ്ങളിലുള്ള ശബ്ദാദിയാം
പഞ്ചവിഷയങ്ങളെ കവരുന്നൊരു
മാനസമീവിഷയങ്ങളെ വെറുതായി

തന്നിലടങ്ങിയിരിക്കുംദശാന്തരെ
വീണ്ടും വിഷയങ്ങളിൽ മനം വയ്യാതെ
കണ്ടുമേവീടുവ ദനിർവ്വാസനകളെ
കിഞ്ചന പോലും മനസ്സൊടു പറയാതെ
നിശ്ചല മാക്കിവെച്ചീടണം
ഇങ്ങിനെ ചൊല്ലിയൊ രിന്ദ്രിയ നിഗ്രഹ
മെങ്ങിനെയെന്നു കേട്ടീടുവിൻ ചൊല്ലുവാൻ
അഞ്ചു ശിരസ്സുള്ള പന്നഗത്തെ വധി
ച്ചഞ്ചും കളയെണമെന്നു വരികിലൊ
ഓരോ ശിരങ്ങളെ ഖണ്ഡിച്ചതിൽ
റ്റൊരോ ശിരസ്സാലുപദ്രവിക്കുമതു

മഞ്ചുശിരസ്സിനു മാധാരമാം ഗളം
ഖണ്ഡിക്കിലൊ നശിച്ചീടു മൊരിക്കലെ
എന്നതുപോലെ പഞ്ചേന്ദ്രിയ ജാലവു
മൊന്നിനെതിർക്കിൽ മറ്റൊന്നു വർദ്ധിച്ചിടും
അഞ്ചിന്ദ്രിയങ്ങൾക്കു മാധാരമായുള്ള
നെഞ്ചടങ്ങുംപോ ളടങ്ങുംസമസ്തവും
ഇങ്ങിനെയുള്ള വിഷയങ്ങൾ വെറ്റൊം
മംഗളസ്ധ്യാന മുറച്ചു ചമയവേ
ചിത്തവികാരം കലർന്നു പരവശാ
ലത്തൽ പെരുകിയുഴലുന്നിതാകിലൊ

വീണ്ടും തവതപൊ ബോധവിവേകങ്ങൾ
കൊണ്ടു വികാര മൊഴിച്ചുനിന്നീടണം
ഇങ്ങിനെ തന്നെ നിരന്തരം നിർത്തുകിൽ
നന്നായുറക്കു മതിനില്ല സംശയം
മുന്നാം കഴിഞ്ഞതു മിനിവരുന്നതു
മൊന്നുമനസി വികാരമുണ്ടാകാതെ
അന്നന്നുവന്ന സുഖദു:ഖ ജാലവും

മാനസത്തോടു പററാതെ നിരാശയാ
ഭോഗമോഹങ്ങളിലുള്ള വികാരവു
മാകവെ തീൎത്തു കൊണ്ടീടുകയും വേണം
ഇങ്ങിനെ സാധനാ സന്തതമ്മെങ്കിലൊ
യെങ്ങുന്നിലയാത ചിത്തം * നിലച്ചിടും
പിന്നെച്ചലനം വരാതെ മേവിടുവാൻ
ചിത്ത ചലനത്തിനാധാരമായുള്ള
ദുസ്സംഗ ദുൎവ്വികാരംകളയൊക്കവേ
സത്സംഗ സൽബോധ ധൈൎയ്യങ്ങളെക്കൊണ്ടു
നിത്യവും തീൎത്തുതീൎത്തേകാന്തമാം മററു
ചിത്താംബുജത്തെ സ്ഥിരമാക്കി വെക്കേണം
ചാലപ്പരന്നു വരുന്നൊരു പാവക
ജ്വാലമാലാവലിയെപ്പൊലിച്ചൊക്കവെ
അല്പമാകുമ്പോളതിങ്കലുത്സാഹവു
മല്പമായീടിൽ ക്രമത്താൽ വളൎന്നുപോം
പിന്നെയാരാലും ശമിപ്പിച്ചു കൂടുമോ
എന്നതു പോലെ കണ്ടാലും വികാരവും
അല്പമായിതൊരു കാലമെ കാലമെന്നാകിലൊ
അപ്പോഴെ തന്നെ മൂലച്ഛേദമാക്കേണം
എന്നിയേ ലേശം കിടക്കിൽ വളൎന്നുപോം
പിന്നെയാരാൽ ജയിക്കാവു മനസ്സിനെ
ഇങ്ങിനെ മാനസത്തിന്മലത്തെക്കള
ഞ്ഞെങ്ങു മെങ്ങുഞ്ഞെന്നു പററാതെ സൂക്ഷിച്ചു
സൌഖ്യ ദുഃഖങ്ങളും ജാഗ്രാദ്യവസ്ഥയും
ഒക്കയഭേദമായേകാഗ്ര ചേതസാ
ബോധദുൎബോധങ്ങളൊന്നിലും പററാതെ
തത്സ്വഭാവത്തോടെ കൂടി നിരന്തരം
കാലമനവധി സാധനം ചെല്ലുമ്പോൾ
കാലസ്വരൂപനാകും കരുണാനിധി
ആദ്യന്ത ജനകിലാധാര നവ്യയൻ

* മനസ്സിനെ നിയന്ത്രിക്കുവാനുള്ള ഉപായങ്ങൾ യോഗസൂത്രത്തിൽ ഇങ്ങിനെ വിവരിക്കുന്നു: "അഭ്യാസ വൈരാഗ്യാഭ്യാം തന്നിരോധഃ".





വേദ്യനല്ലാതെ വേദാന്ത വേദ്യൻ പരൻ
നിത്യന ഖണ്ഡന നന്തനനാമയൻ
വ്യക്തൻ അവ്യക്തനദ്വൈതനാത്മാപരൻ
നിൎവ്വാണ കാരണ നിൎമ്മല നിശ്ചല
ന്നിൎവ്വികാരൻ നിരാമയൻ
ദേഹാദിയായൊരു പാധി ളെഴൊടും
മാഹന്തപോറായനന്ത തേജസ്സോടും
തത്വപാദാൎത്ഥമാം ആത്മക സ്വരൂപവു
നിറഞ്ഞ പത്മമായുള്ളൊരു നിത്യ
സ്വരൂപൻനിൎഞ്ജിതത്തിൽ വന്നലിച്ചിട്ടുമറിഞ്ഞാലും
ഇങ്ങനെയുള്ള ശുദ്ധാവസ്ഥയിൽ തൊന്നു
മെങ്ങുന്നിറഞ്ഞ പരമമായുള്ളൊരു
നിത്യസ്വരൂപനിൽ ജീവനൈക്യമായിത്തന്നിലുണ്ടായ
[വികാരവസ്തുക്കളാം
ചിത്താദിയാകുമന്തഃകരണങ്ങളാം
ശബ്ദാദിയായുള്ളൊരിന്ദ്രിയജാലവും
മററും ബഹുതരമുള്ള തത്വങ്ങളു
മൊക്കവെ നന്നായടങ്ങിയവ്യക്തമായി
കാണുതി നൊന്നൊന്നു കാൎയ്യമില്ലാതെ
പെററുമാറു കലൎന്നു നില്ക്കുന്നൊരു
തൽപ്രകാശത്തെ യുടയൊരു നിഷ്കപോ
ലദ്വൈതമായുള്ള മൊക്ഷ മറിഞ്ഞാലും
ഇങ്ങിനെ ചേരുന്നു ജീവനനുഭവ
മെങ്ങിനെയെന്നു മൊട്ടൊട്ടു ചൊല്ലീടുവിൻ
ബന്ധതയുള്ളവക്കില്ലോകമിന്നിയെ
ചിന്തയിൽ തൊന്നാപരമമതുപോലെ
മുക്തരായുള്ളാജനത്തിന്നു മാനസെ
യെത്തുകയില്ലല്ലോകമ്പര മെന്നിയെ
ലോകങ്ങളായതും ലോകികളായതും
ഏകമായൊരു പരമമായ കാരണം
ഉണ്ണെന ദണ്ഡിച്ചു പൂരുഷൻ സജ്ജലേ
തൃഷ്ണാകളെ വാന്മൃഴകി വാണിടുമ്പോൾ
തന്നുടെച്ചിഹ്നവും താനും മത്തുതന്നി

ലമ്മയമായെ വസിക്കും കണക്കിനെ
ബന്ധുശോകോഷ്ണം കളെവാമ്പരമമാ
മാനന്ദ സിന്ധുവിൽ മഗ്നനായുള്ളൊരു
ജീവനും, തൽവികാരങ്ങളെ വെറുപെട്ടവമ്പരമാനന്ദ
[മാകുന്നു
വാരിധി തന്നിൽ മുഴകിയ കൂപവും
ഭേരീനാദത്തിലടങ്ങിയ വാദ്യവും
ഉണ്ടോ നിശാകര ശോഭയിൽ താരയും
കണ്ടാലു മെന്നതു പോലെ ജീവനും
തൽവികാരങ്ങളകന്നു പരമനി
ലൊന്നായവരുവുമതിനില്ല സംശയം
ഇല്ലെന്നു മുണ്ടെന്നു മുള്ള ദൃശ്യങ്ങളു
മെല്ലാ (പ) രമമതെന്നു കാണ്മെടത്തു
കാണുന്നതു ജീവബോധമെന്നാകയാൽ
കാണ്മതു വസ്തുതയല്ലെന്ന തോരാതെ
(ഏതു ?) പ്രയാസിച്ചു മജ്ജീവ ബോധങ്ങൾ
തോന്നിതുറപ്പതെല്ലോ നിശ്ചയായതും
കിഞ്ചന മാത്രമീ ബോധമുണ്ടാകിലൊ
സംശയ മില്ലതും ഭാവനയായിവരും
ഭാവിക്കിലന്ത: കാരണമായുള്ളൊരു
മാനസമാധിയും വേണ്ടി വരുമല്ലോ
ഉല്ക്കരണങ്ങൾ ഒഴിച്ചു ഭാവിക്കിലു
മിപ്പരമമ്പരി പൂർണ്ണമെന്നുംപരം
ഭവനയാലെ ഭവിച്ചുകൂടായെന്നും
ഭാവിക്കിലൊ അതുതന്നെവേണ്ടുന്നതും
ഉല്ക്കരണങ്ങളുമിജ്ജീവബോധവു
മൊക്കെയടങ്ങിയിരിക്കുന്ദശാന്തരെ
തോന്നി നിലക്കുന്ന ശുദ്ധാവസ്ഥയെ . . . . .
[ന്നെ (നിരൂപിച്ചിടും).
അക്കേവലത്തിനുണ്ടായൊരന്ധത്വവും
ഒക്കെ നശിച്ചിടുകയാലിതിന്നു ശു
ദ്ധാവസ്ഥയെന്നൊരു നാമമുണ്ടായതും



പഞ്ചഭൂതങ്ങളും വാക്കുമനസ്സതും
ഇജ്ജീവബോധവും തത്ഭാവനായതും
ഒക്കെനശിച്ചു പരമസ്വരൂപമായി
നില്ക്കുന്നതു പരമൈക്യമാകുന്നതും
ഇങ്ങിനെ നിശ്ചസാധിച്ചുറയാതവ
ർക്കിന്നിയൊരു വഴിചൊൽവാനുപായമാ
യൊന്നുമനേകമായുള്ളൊരു ഭാവന
തന്നെയുഴിച്ചുറച്ചാദരാൽ
മറ്റുള്ള ഭാവനയെല്ലാം നശിക്കവെ
മുറ്റുമിതിനെ ക്രമത്താൽ നശിപ്പിക്കിൽ
മുന്നംപറഞ്ഞൊരു നിശ്ചയുറച്ചീടു
മെന്നതിനില്ലൊരു സംശയമേതുമേ
ഉണ്ടാകുമോശശത്തിനു ശൃംഗദ്വയം
ഉണ്ടെന്നുമില്ലെന്നുമുള്ള വിവാദങ്ങൾ
കണ്ടാലുമെന്നപോലെയ സൽഭാവന
യുണ്ടാകുമൊ പരമജ്ഞാ നിനാമഹൊ
ആകയാലാവതെല്ലാം പ്രയാസിച്ചുമി-
യ്യേകമാമൂഹമുറെപ്പവനുത്തമൻ
ഏകമാം ഭാവനയല്ലാതെചിന്തിക്കി
ലേകമുണ്ടോ മറ്റൊരൂഹം ത്രിഭുവനെ
പഞ്ചഭൂതങ്ങളുമഗ്നിയു മർക്കനും-
കഞ്ജാരിപുവുമായ മൂർത്തികളും
ഈരേഴുലോകവുമീരേഴു ഭൂമിയും
വാരിധിയേഴുമഹാഗിരിജാലവും
താനായതിനിടയുള്ള ജന്തുക്കളും
താനായവർകൾക്കു ദേഹമായ് ദേഹിയായ്
ദേഹംധരിച്ചുള്ള ദേഹികൾക്കൊക്കവെ
യൂഹമായികാര്യമാം കർമ്മാദികളുമായി
ലോകന്നിറഞ്ഞുള്ള ലോകേശ്വരനെല്ലോ
ദേഹത്തിനും ദേഹദേഹികളായതും
സൃഷ്ട്യാദികൾക്കു വിരിഞ്ചാദിരൂപമായി
സൃഷ്ടിച്ചു വിശ്വം ഭരിച്ചഴിച്ചീടുന്നു
തല്ലീലയാഭവിച്ചുള്ള ജന്തുക്കളും
തല്ലീലയാലയിക്കുന്നതന്നിതു

തന്നിലെ തന്മായയാജനിച്ചീടുന്നജന്തുക്കൾ
തന്മതിഭേദനം ചെയ്യുപോരുന്നോരു
കൎമ്മങ്ങളായതും കൎമ്മികളായതും
കൎമ്മഫലവും ഫലത്തെകൊടുപ്പതും
ഊഹമാകുന്നതു മൂഹിയാകുന്നതു
മൂഹഫലാഫലമെല്ലാം കൊടുപ്പതും
താനായിരിപ്പോരു കാരണപൂരുഷൻ
താനെന്നിയെയൊന്നുമില്ലെന്നറിഞ്ഞാലും
ആകയാൽ മററുള്ള ഭാവനയെകള
ഞ്ഞേകമായതിനെ ഉറെക്കെന്നുസജ്ജനം
മുന്നുപറഞ്ഞൊരു മൂൎത്തികളെട്ടുമി
ബ്രഹ്മസ്വരൂപികളെന്നുവേദാന്തികൾ
സാദരഞ്ചൊല്ലിയുമില്ലോകവാസിക
ളാദരിയാതതിനെന്തൊരു കാരണം
മായാജനിതമിതെന്നുവരികിലും
മായയും ബ്രഹ്മമല്ലാതെ വേറെയല്ലല്ലൊ
ലോകൈകകാരിണിയാകിയ മായയും
ലോകകൎത്താവുമ്പരത്തിൽ ജനിപ്പതു
തന്നിൽകലൎന്നു വസിക്കയാൽ ബ്രഹ്മത്തി
നന്യമെന്നാരുമെ ചൊല്ലുമാറില്ലല്ലൊ
ചൊല്ലുവാനിന്നിയും കേട്ടാലുമാദരാൽ
ചൊല്ലെഴുന്നൊരു ശ്രീമായയും ബ്രഹ്മവും
ഭേദമെന്നും ഭേദമില്ലയെന്നും ബഹു
വാദമീരണ്ടു വഴിപറഞ്ഞീടിലും
മുക്തികാലത്തിലെ ഭേദമായല്ലയോ
സത്യമായികാണുന്നു നാനാജനങ്ങളും
എന്നിയെ ഭേദമായികാണവൎക്കുംശുദ്ധ-
സത്തായൊരുപരം സംപൂൎണ്ണമായകാൽ
എങ്ങുന്നിറഞ്ഞൊരു ബ്രഹ്മമിരിക്കവെ
അന്യമാമ്മായയെവിടെ വാണീടുന്നു
അഗ്നിചേൎന്നുള്ളൊരു കാഷ്ഠങ്ങളൊക്കവെ
അഗ്നിയെപ്പോലെ ചമയും കണക്കിനെ
തൽസ്വഭാവത്തെ വേൎപെട്ടുമായാപരം



മസ്വഭാവത്തോടു ചേൎന്നു ശോഭിച്ചിടും
ആകയാലപ്പരന്തങ്കലുദിക്കുന്ന
ശബ്ദാദിയായ വിഷയവസ്തുക്കളിൽ
നിന്നു ചിലചില യാകാതവയെന്നു
കൈക്കൊൾകയും വെടിഞ്ഞീടുകയുംപരം
കൈക്കൊള്ളുമാകിൽ മുന്നംപറഞ്ഞീടിന
നിഷ്ഠയും പൂൎണ്ണമായവന്നു കൂടായെല്ലൊ
ഏവമല്ലാതെയോരോരൊ കാലങ്ങളിൽ
നിൎമ്മല ഭാവന ചേൎന്നു വാഴുംവിധൌ
പെൎത്തുമാകാതവൻ നന്നെന്നു തോന്നുന്നു
ചിത്തവികല്പവുമുണ്ടാകരുതെല്ലൊ
എന്നിയേ കാലദേശങ്ങളുംമായയാകയാൽ
എന്നതിലോരൊ ശുഭാശുഭഭേദമായി
അമ്പിൽ വിളങ്ങും ഭുവനഭോഗങ്ങൾത-
ന്നധീനമായതനുകരണങ്ങളെ
ബാധിച്ചതെന്നി നിരാമയമായുള്ളൊരു
ആത്മസ്വരൂപത്തിനോടൊരുകാലവും
ഭോഗാദിഏതുമെ പററാതതിനാലും
ഏകാന്തനിഷ്പന്ദമായിബന്ധിച്ചൊരു
ദേഹം വെടിയേണ്ടതില്ലായ്കയാലുമി
മററൊരുവസ്തുവിൽ ഭേദമുദിപ്പതു
നിൎബ്ബീജസംകല്പമാകയാലും തദാ
സങ്കല്പനാശമായുള്ളനിഷ്ഠക്കെന്നു
മില്ലവികല്പമതൊന്നുമൊരിക്കലും
ആകയാൽ മായാപ്രപഞ്ചങ്ങളൊക്കയും
ഏകനിൽനിന്നുത്ഭവിച്ചു നശിക്കയാൽ
അമ്മായയും പരബ്രഹ്മത്തിനന്യമെന്നു
മാരാലും പറയാവതല്ലല്ലൊ
രജ്ജുവിൽ സൎപ്പമെന്നുള്ളൊരു ഭാവനാ
വ്യക്തമായി സൃഷ്ടിക്കയില്ലാതെപോലിനെ
മായാജനിതമീലോകവും സൃഷ്ടിക്കി-
മ്മായയും ബ്രഹ്മമാകെന്നതുനിൎണ്ണയം
ഇങ്ങിനെ സൎവ്വം പരനെന്നുറച്ചീടിൽ
ഞാനെന്നുമന്യമെന്നും ഭേദമുണ്ടാമൊ

ഉണ്ടാകുമാകിൽ കളവാനുപായവു
മുണ്ടുചൊല്ലീടുവിൻ കേട്ടാലുമാദരാൽ
ഞാനെന്നുമന്യനെന്നും ഭേദമുണ്ടാകിൽ
ഉണ്ടാം സുഖദുഃഖ രാഗദ്വേഷാദിയും
ദുഃഖാദിനീക്കി സമസ്തമായീടുവാൻ
നീക്കേണമന്യ ഭാവങ്ങളെ മുന്നമേ
ചൊല്ലായ ജീവജാലങ്ങളിലൊന്നിനു
മില്ലസ്വതന്ത്രമെന്നോർത്തുകൊണ്ടാദരാൽ
അന്യഭാവത്തെയശേഷം കളയുമ്പോൾ
നീങ്ങുംസുഖദുഃഖ രാഗദ്വേഷാദിയും
ജീവങ്ങൾതാനും തനുകജീവനുംതന്നെ
കരണങ്ങളെ കാട്ടാതെ കാലമറിവുദിയായ്കയാൽ
ജീവനുതന്നെ തനുകരണങ്ങളെ
ചെരുവാനാവതല്ലായ്കയാലും ബത
ജീവനെക്കൂടാതെ കാര്യകരണവും
ശോഭനമെന്നിജഡമാകയാലു
മിക്കാരണന്തന്നെ ഇവററിനെ സന്ധിച്ചു
ജീവനറിവുശോഭിപ്പിച്ചുകൊള്ളുന്നു
ആകയാൽതാനുമന്യർക്കും സ്വതന്ത്രമി
ല്ലെന്നുചിന്തിച്ചുറക്കേണം നിരന്തരം
ഖേദമോദാദിവന്നെത്തുന്ന നേരവും
ഭേദമില്ലാതെ പരനിൽസമർപ്പിച്ചു.
മേവുന്നതാകിൽ മററുള്ളജനങ്ങളിൽ
ദ്വേഷരാഗാദികളുണ്ടായവരായെല്ലൊ
ഉണ്ടൊപരമനിൽ ദ്വേഷവും രാഗവും
കണ്ടറിയുന്നോക്കിതെല്ലാസമസ്തവും
ഈവണ്ണമുള്ള സർവ്വസ്വതന്ത്രവും
ദേഹങ്ങൾതന്നോടു ചേർന്നുവരികയാൽ
ദേഹംഭരിപ്പതഹമെന്നുറെപ്പോരു
മാനവുമ്പിന്നെയശേഷംവെടിയേണം
സർവ്വജീവങ്ങൾക്കു മീഭൂതലെബഹു
ദേഹംലഭിപ്പതും ദേഹംത്യജിപ്പതും
തദ്ദേഹകാരണമായന്നുകൂടുന്ന
ദുഃഖസുഖങ്ങളും സ്വർഗ്ഗനരകവും
ഭോഗമോഹജരാരോഗങ്ങളാകിയും



സൃഷ്ട്യാദികൃത്യവും ചെയ്തുപോന്നീടുവാൻ
പുഷ്ടനാംനാഥനധികാരിയാകയാ
ലെത്തീടുമോ മററൊരുനിലയെങ്ങുമെ
യാതൊരുത്തനിലുമന്യദാം ഭാവവും
മദ്ദേഹരക്ഷിതാവായതഹമെന്നുള്ള
ദുർമ്മാനമശേഷം വെടിയുമ്പോൾ
എല്ലാമ്പരമനിൽതന്നെയൊഴിയേണം
രക്ഷിതാവാമഹമെന്നതൊഴിയവെ
ദേഹബന്ധാൽവരും സ്വന്തവും വേർപെടും
തല്ക്കാലമോപരമകൃപയായവരും
സുഖദുഃഖത്തിനന്താപമുണ്ടാകൊലാ
പൂർവ്വജന്മാർജ്ജിത കർമ്മബലമിവ
സർവ്വവുമെന്നു സഹിക്കുന്നതെന്നിയെ
ആരാലുമൊന്നുമൊഴിച്ചുകൂടായതു
നേരോടുമെങ്ങിനെയെന്നു കേട്ടീടുവാൻ
പൂർണ്ണത്വവും സ്വതന്ത്രത്വമൊക്കവെ
സർവ്വമറിഞ്ഞിരിക്കുന്നൊരു കാരണൻ
സർവ്വജീവങ്ങൾതൻ കർമ്മഫലങ്ങളും
കാര്യത്തിനെററാതനു കരണാദിയു
മേതൊരുനാളുമറിഞ്ഞു സന്ധിച്ചീടിൽ
അക്കർമ്മബന്ധങ്ങളാൽവന്നുകൂടുന്ന
സൌഖ്യദുഃഖങ്ങളനുഭവിയാതവ
രാരുമെയില്ലതുമെങ്ങിനെ എങ്കിലൊ
നേരോടെചൊല്ലുവൻ കേട്ടുകൊണ്ടീടുവിൻ
യാതൊരു ജീവനുപായങ്ങളാൽ
ഖേദങ്ങൾ നീക്കി മോദങ്ങൾ വരുവാൻ
ആദരവോടു തുനിയുമെന്നാകിലും
നാഥനറിഞ്ഞു വരുത്തും സുഖാദിയെ
യാതൊരുത്തനുമുപേക്ഷയപേക്ഷകൾ
ചെയ്തുകൊള്ളാമെന്നതും വൃഥാ നിർണ്ണയം
എന്നിയെ സർവ്വസുഖദുഃഖവുമ്പരന്തന്നെ
വരുത്തിയൊഴിച്ചു കൊള്ളേണമൊ
എന്നു ചോദിക്കിൽ പറയുന്നതുണ്ടു ഞാൻ
വരുത്തിയൊഴിക്കുമൊ യെന്നിയെന്നാൽ

നമ്മാലൊഴിഞ്ഞറിഞ്ഞാകിൽ പരനു
കർത്തൃത്വ സർവ്വജ്ഞത്വവുമില്ലയെന്നൊരു
മെന്നിയേ നാഥൻ വരുത്തി ചമച്ചോരു
സൌഖ്യദുഃഖാദികളെ ചെന്നനുദിനം
സൌഖ്യം ലഭിച്ചു ദുഃഖങ്ങളായുള്ളവ
തൻ കൌശലത്താലൊഴിഞ്ഞു നീക്കാമെങ്കിൽ
നിത്യനാകും പരൻ സംപൂർണ്ണനാകയാ
ലെത്തീടുമൊ മറെറാരു നിലയങ്ങുമേ
ഏവമെന്നാകിലും കാരണനല്ലാതെ
മൂന്നുവകയുള്ള ജീവന്മാർകളിൽ
വരും ഖേദാദികൾ തന്നുപായതന്ത്രങ്ങളാ
ലാദിയെതന്നെ നീക്കീടാമതെങ്കിലൊ
സർവ്വ ജീവന്മാരെയും കർമ്മമാർഗ്ഗേണ
തന്നെ നടത്തും സ്വതന്ത്രപരനാകയാൽ
അപ്പരമസ്വരൂപത്തിനെ കൂടാതെ
താനുമന്യർക്കും നടക്കക്കൂടീടുമൊ
ഈവണ്ണമസ്വതന്ത്രത്തിൽ ജനമായൊരു
തന്നെയുമററുമുള്ള ജനത്തെയും
എല്ലാം സ്വതന്ത്രരെന്നോഷ ഭാവിച്ചീടിൽ
നല്ല പരമവിദ്വേഷനെന്നും വരും
ആകിൽ ജനന മരണ രോഗങ്ങളെ
ആർക്കും ത്യജിക്കാവതല്ലയെന്നും വരും
ആകയാൽ സർവ്വപരനെന്നു ചിന്തിച്ചു
താനന്യനെന്നു ചൊല്ലും ഭേദവും തീർത്തു
കൈകൊണ്ടു നി ദേഹമതിനടുത്തുള്ള
പാപികർമ്മമെന്നു നിരൂപിച്ചുറപ്പിച്ചു
മാനസാവാക്യ ഭേദങ്ങളിലൊന്നുമേ
ഭേദമില്ലാതെ മേവീടും മഹാജനം
താനെന്നു മന്യനെന്നു പറയുന്നൊരു
മാനമായുള്ള ദുർഭാവനായായതും
ഇങ്ങിനെയാകിലൊഴിയുമെന്നുള്ളവ
മങ്ങാതെ ചൊൽവൻ തെളിഞ്ഞു കേട്ടീടുവിൻ
മുക്തിയടുത്താൻ പുരുഷനുത്സാഹേന





മിത്ഥ്യയാം ഭാവന നീങ്ങുമല്ലാതെ മ-
റെറാന്നിനാലും മൊരുനാളുമൊരുവനു
വിഭാവനയൊഴിഞ്ഞേകാന്തമായിവരാ
ചൊല്ലാവതങ്ങിനെയെന്നു ചോദിക്കിലൊ
കല്യാണരൂപനായുള്ള സർവ്വേശ്വരൻ
സർവ്വമറിഞ്ഞിരിക്കുന്നവനാകയാൽ
ആർക്കുംപരമഗതിവരും കാലവും
മാനസം ഭേദവും ഭാഗവുമൊക്കവെ
നാഥനാലോർത്തു മതിക്കായവരുമെല്ലൊ
അങ്ങിനെ നാഥനറിഞ്ഞ നാളെന്നിയെ
മുന്നമേ ഞാനെന്നു മന്യനെന്നുമുള്ള
ഭാവനനീങ്ങി പരമഗതിയായ
മുക്തിവരുത്താവതല്ലെന്നറിഞ്ഞാലും
ആകിലിച്ചൊന്നൊരു സാധനനിഷ്ഠയു
മാർക്കുചൊല്ലീടിനതെന്നു ചോദിക്കിലൊ
നിർമ്മലനാം പരൻ സർവ്വജീവങ്ങൾ തൻ
ഭാവങ്ങളെല്ലാം മറിഞ്ഞതിനൊപ്പൊരു
വേദശാസ്ത്രങ്ങളെന്നാദിയെ ചൊൽകയാൽ
മുക്തിയടുത്തുള്ള ഭാഗമുടയോർക്കു
മാനസെയുള്ളൊരു സത്യമാം ഭാവന
നന്നായൊഴിഞ്ഞിവണ്ണം പറഞ്ഞിടുന്ന
ശാസ്ത്രം ഗ്രഹിപ്പതിൽ ചൊല്ലുന്ന വണ്ണമെ
ഉത്സാഹമുണ്ടായിവരുമെന്നറിഞ്ഞാലും
ഇന്നിയും പോന്നു ജനിപ്പതിന്നുള്ളവ-
ക്കന്യമഹമെന്ന ഭാവന നീങ്ങുവാൻ
ശാസ്ത്രങ്ങളിൽ പ്രതിഭക്തിയുമപ്പോലെ
ഉത്സാഹവും വന്നുകൂടുകയില്ലല്ലോ
താനെന്നു മന്യരെന്നുമുള്ള ഭാവനയെ
ക്ഷമിപ്പിച്ചതിനായുള്ളൊരുത്സാഹ
മെന്നല്ലോ നിമിത്തമാകുന്നതു്
നിശ്ചലമായ കൈവല്യം വരുത്തുവാൻ
ഇങ്ങിനെയുള്ള സമാധിയൊന്നിനെയെ

മംഗലന്മാർ മഹാ യോഗമെന്നല്ലയോ
ചൊല്ലുന്നിതത്യാദരാൽ
അഖണ്ഡാകാര ശുദ്ധചൈതന്യപരത്തെ
യർച്ചിപ്പതും ഇന്നിലവന്നു കൈക്കൂടവെ
ഇച്ചൊന്നനിഷ്ഠചെയ്യുമെളുതായാലഭിക്കുദ്രുതം
ഇങ്ങിനെയുള്ളൊരു നിഷ്കാമമഹായോഗ
മെന്നുചൊൽവാനെന്തു കാരണമെങ്കിലോ
ലോകമെല്ലാമതിലെ പ്രകാശിക്കയാൽ
യോഗമെന്നുള്ളൊരു നാമമ്പറവെത്തും
പഞ്ചഭൂതങ്ങളും സർവ്വമതങ്ങളും
മന്ത്രജപങ്ങളും വേദവും ശാസ്ത്രവും
മററും പുരാണവും വിദ്യാസമസ്തവും
മററുമുള്ളോരക്ഷരങ്ങളൈമ്പത്തൊന്നും
അണ്ഡങ്ങളും മഹാ സ്വർഗ്ഗാദിലോകവും
ഭണ്ഡമില്ലാതെ ചരാചര ഭൂതവും
സ്രഷ്ടാവു മുമ്പായ മൂർത്തികളും സദാ
പുഷ്ടികലർന്നോരു നാദവും ബിന്ദുവും
ഇത്യാദികൾ തത്സ്വരൂപമായെ പ്രകാ
ശിക്കയാലെല്ലോ മഹായോഗമായതും
ഇങ്ങിനെ പൂർണ്ണമായി നിർഗ്ഗുണ്യമായൊരു
ഭാവനയിൽ മനംനിന്നുറെയ്ക്കിലൊ
ചൊൽവനവക്കു ഗുണിതമായുള്ളോരു
ഭാവനയെയതുകേൾപിൻ വഴിപോലെ
ഇച്ചൊല്ലീയോരുപദേശം ഗ്രഹിപ്പിച്ചു
രക്ഷിച്ചുകൊണ്ടു ഗുരുവരരൂപത്തെ
ഉൾത്താരിലാമ്മാറുറപ്പിച്ചു ധ്യാനിച്ചു
ചിത്തത്തിലുച്ചരിക്കേണമേകാക്ഷരം
ആകിലും പോരുമതെങ്ങിനെയെങ്കിലൊ
ആകുലമെന്നിപ്പറയുന്നതുണ്ടുഞാൻ
പൂർണ്ണമാം പരമാചാര്യരൂപമാം
ഏകനിദംഗ്രഹിപ്പിച്ചൊരുനേരത്തു
കൈക്കൊണ്ടു രൂപമാചാര്യരൂപമെന്നാ-
കയാലും മൽഗ്ഗുരുവരാനുഗ്രഹാൽ





മററുമോരോരൊ ഗുണിത രൂപങ്ങളെ
മുററുമവന്നു സിദ്ധിക്കയാലുംപുന
രിങ്ങിനെയുള്ളതദ്രൂപമായതു
ഗുണ്യമായുള്ളോരു രൂപമറിഞ്ഞാലും
ഗാരുഡരൂപം കരുതുന്ന നേരത്തു
ഘോരവിഷങ്ങൾ നീങ്ങീടും കണക്കിനെ
ചാരുഗുരുവിനെ കരുതീടുകിൽ ദുഷ്കൃതം
വേരററു മുക്തിയുഞ്ചേരുമസംശയം
ഇങ്ങിനെ ചൊന്നതു സാധിച്ചുകൂടായ്കിൽ
പിന്നിയും ചൊൽവനെളുതായൊരു വഴി
പഞ്ചാക്ഷരങ്ങൾതാനഷ്ടാക്ഷരങ്ങൾ താൻ
നെഞ്ചകവുമുറപ്പിച്ചുമറെറതന്നിരിക്കിലും
ഏതൊന്നിലെ തോന്നിലിച്ഛയെന്നാലതു
തന്നെ നിയതമേകാഗ്ര ചിത്തത്തൊടും
മാനസത്താലുച്ചരിച്ചീടിലുമ്മതി
മാനസന്നേരതിലുന്മീലയായ്ക്കിലോ
ചിത്തന്നിലെ'പ്പതിന്നായ്' വായുധാരണാ
മുമ്പാമവററിനാലെ യോഗമാദിയാം
സാധനയാകിലും സാധിച്ചുകൊള്ളേണം.
എന്നവ എന്തിനെന്നാകിലൊ ചൊല്ലുവൻ
ഇപ്രാണവായു നിലക്കുന്ന നേരത്തു
മൂലപാടുതന്നെ മനസ്സുന്നിലെച്ചീടും
മാനസന്നിശ്ചലമായ്മരുവീടുമ്പോൾ
മാനം കുറയു * മിന്ദ്ര്യങ്ങൾക്കുമപ്പോഴെ
ആകിൽ പ്രപഞ്ചവികാരവും വേർപെട്ടു
ഏകാന്തമാകുമാനന്ദമുദിച്ചീടും
ആകയാലിച്ചൊന്നവററിനെല്ലാം മൂല
മാകിയ വായുവെ സാധിച്ചടക്കേണം
ചിത്തസ്ഥിരത † യോഗാഭ്യാസമെന്നിവ
രണ്ടിനു പാത്രമല്ലെന്നു ഫലിക്കിലൊ

* ഇന്ദ്രിയങ്ങൾ.   † "യോഗശ്ചിത്തവൃത്തി നിരോധ."—യോഗസൂത്രം.

ചൊല്ലീടുമവനവൎക്കുമൊരുവഴി
ചൊല്ലുമമ്മാറിതു കേട്ടു ഗ്രഹിച്ചാലും
ബ്രഹ്മാവുമുമ്പായുള്ള ദേവന്മാരു
ന്ദ്യമാകുമവർ തങ്ങൾ വേഷങ്ങളും
ആചാൎയ്യവേഷവുമാചാൎയ്യരൂപവും
നാഥനല്ലാതെ വേറല്ലാത കാരണം
ഈശാദികളിലും മൂൎത്തികളുടെ
വേഷം ധരിച്ച ജനങ്ങളിലാകിലും
യാതൊന്നു തന്നിൽ പരനെന്നുറക്കുന്നു
തദ്ദേഹ രൂപത്തെ യാതൊരു നേര(വും)
സത്യഭക്ത്യാമനോവാക്കു കായങ്ങളെ
യൊക്കവണങ്ങി ഭരിച്ചുകൊണ്ടീടേണം
സത്യവും ഭക്തിയും എന്നവയും ബഹു
വിശ്വാസവുമാദരവുമാകുന്നതും
ഭക്തിയെല്ലാററിനും കാരണമായതു
ഭക്തിയില്ലെങ്കിൽ മററെല്ലാം * വൃഥായല്ലോ
ആജ്യമില്ലായ്കിൽ ക്രതുക്കളുമൊന്നുമേ
പൂൎത്തി വരികയില്ലല്ലോ അതുപോലെ
യാതൊരുഭോഗവും യാതൊരു മുക്തിയും
ഭക്തികൊണ്ടെന്നിയെ സാധിക്കയില്ലല്ലോ
സൎവ്വവും ഭക്തിയാലെന്നീമററൊരു
ന്നീ (നാ) ലുൎവ്വിയിൽ സാധിപ്പതിനില്ല നിൎണ്ണയം
നാനാവിധമായിഹ ലോകഭോഗവും
ദാനവാരാതി ലോകാധിവാസങ്ങളും
ധൎമ്മഫലങ്ങളും കൎമ്മങ്ങൾകൊണ്ടുള്ള
നാനാഫലങ്ങളും ആശ്രമവാസഫലങ്ങളു
മററുള്ളാശ്രമം ചെയ്യുന്ന പൂജാഫലങ്ങളു
മന്ത്രയന്ത്രസ്തുതിസ്തോത്രജപാൎച്ചനാ
തന്ത്രഹോമവ തോവാസഫലങ്ങളും
സാലോകസാമീപസാരൂപസായൂജ്യ
മെന്നവയെല്ലാം ലഭിക്കുംപ്രകാരവും

* "ധൎമ്മ: സത്യദയോപേതോ വിദ്യാവാ തപസാന്വിതാ ·
മദ്ഭക്ത്യാ പേതമാത്മാനം ന സമ്യക് പ്രപുനാതിഹി"—ഭാഗവതം.





ഭക്തികൊണ്ടല്ലോ സാധിക്കുന്നതേവരും
ഭക്തിയില്ലായ്കിൽ മററെല്ലാം വൃഥാഫലം
ഭക്തിയില്ലായ്കിലുപദേശവുംവൃഥാ
ഭക്തനുള്ളത്തിലുണ്ടാവുമുപദേശവും
ഭക്തികൊണ്ടേ പ്രസാദിക്കുംപരംപുരാൻ
ഭക്തിയെല്ലോപരനാകുന്നതാകയാൽ
ധൂപമുണ്ടാകിലവിടെയനലനും
മേവിയല്ലോ ത കാണുന്നതൽപോലെ
ഭക്തിയുണ്ടെങ്കിലവിടെ വാണീടുന്നു
ഭക്തിപ്രിയനായ മുക്തിപ്രദനഹൊ
ഇച്ചൊന്ന ഭക്തിതന്നൊടുചേൎന്നീടാതെ
ദുശ്ശീലമുള്ളൊരു ചിത്തത്തെയും ക്രമാൽ
ഭക്തിതന്നോടുസംയുക്തമാക്കീടേണം
എത്രയുന്നല്ല തത്വാൎത്ഥവാക്യങ്ങളാൽ -
നിത്യമല്ലാതപ്രപഞ്ചത്തിൽ വീണുടൻ
ഭക്തിമാനുഴലുന്ന ദുൎമ്മാനസം
വ്യക്തമായുള്ളോരുഭോഗാദിവസ്തുക്കൾ
മിത്ഥ്യയല്ലോ നിരൂപിച്ചുകണ്ടീടുകിൽ
ദുഷ്ടമായുള്ള ഭോഗങ്ങളെക്കാമിക്കിൽ
വിഷ്ടപത്തിൽ സുഖവൎജ്ജിതനായ്വരും
നഷ്ടമായിടും സുകൃതവുമൊക്കവെ
ദൃഷ്ടകാലത്തുവന്നീടുന്നരകവും
നിദ്രയിൽ കാണുന്ന സ്വപ്നങ്ങളൊന്നുമെ
നിത്യമല്ലല്ലോ ഉണൎന്നുനോക്കുംവിധൌ
അപ്പോലെതന്നെ ലോകാധിവാസങ്ങളും
പില്പാടനിത്യമായുള്ള സമസ്തവും
പുത്രദാരാദിമിത്രാദികളൊക്കവെ
സ്വപ്നസമാനമതിനില്ലസംശയം
കണ്ടതെല്ലാമഴിയുന്നിതനുക്ഷണം.
ഉണ്ടവയെല്ലോമ്മലങ്ങളായ്പോകുന്നു
പൂൎണ്ണമായുള്ള തപ്പൂൎണ്ണമായിടുന്നു.
തൂൎണ്ണമെല്ലോ ജനിച്ചാൽമരിക്കുന്നതും
വിദ്യാമതികൾ ബലസമൎത്ഥന്മാരും

അൎത്ഥപതികളും കൎമ്മികൾനിൎമ്മല
ന്മാരാമജരസ്സുകൾ ധൎമ്മദാനതപോ
യജ്ഞപതികളും സംഖ്യയില്ലല്ലൊ മുന്ന
മൃതിവന്നപസംഖ്യയില്ലിന്നിജ്ജനിപ്പതിന്നുളളവ
ന്നീപ്പോളപോലെയും പല്ലവാഗ്രെയുളെളാ-
രംബുവിന്ദുക്കളതെന്നകണക്കയും
അല്പമായുള്ള ശരീരനിവാസങ്ങൾ
കെല്പു കലൎന്നിതു നിത്യമിന്നുകൊണ്ടു്
ആനന്ദമായുള്ള ഭക്തിയെ വഞ്ചിച്ചു
നാനാവിഷയങ്ങളിൽ ചെന്നു ചെന്നു
പണ്ടുശ്ശുണാദിയാമഞ്ചു ജന്തുക്കൾക്ക
മിണ്ടലുണ്ടായി വിഷയങ്ങളഞ്ചിനാൽ
ശബ്ദത്തെ ഇച്ഛിച്ചു ശ്ശുണനാം പക്ഷിയും
മത്തഗജ സ്പൎശങ്ങളെയിച്ഛിപ്പും
രൂപത്തെ ഇച്ഛിക്കയാൽ ശലഭങ്ങളും.
താപേനമത്സ്യംരസങ്ങളെക്കാമിച്ചു
മന്തരമെന്നി അളിവൃന്ദവുംമ്മലാ-
ഗന്ധങ്ങളിച്ഛിച്ചു നാശംഭവിക്കുന്നു
അഞ്ചുമൊരെവിഷയങ്ങളിച്ഛിക്കയാൽ
നെഞ്ചുമഴന്നഴിയുന്നിതെല്ലൊംബലാൽ
അഞ്ചുമിച്ഛിച്ചുമേവുന്ന പുരുഷനു
രഞ്ജിക്കുമൊ ഭക്തിയും മഹാജ്ഞാനവും
ഭക്തിക്കീവണ്ണം വിരുദ്ധമായുള്ള
ശബ്ദാദിയായ വിഷയമവററിലും
സ്ത്രീവിഷയം വെടിയെണ്ടവ ഏററവും
സ്ത്രീയിലല്ലൊയിവ അഞ്ചുമിരിക്കുന്നു.
സ്ത്രീസംഗമാത്രനീക്കേണമെത്രമല്ല
സ്ത്രീസംഗി * സംഗമമ്പേലും വെടിയേണം
അന്തരമെന്തതിനാലെന്നു ചോദിക്കിൽ

* "നതഥാസ്യ ഭവേൽ ക്ലേശോ ബന്ധശ്ചാന്യ പ്രസംഗത:!
യോഷിൽ സംഗാൽ ദൃഥാപുംസോതഥാ തത്സംഗിസംഗത:"
—ഭാഗവതം.



അന്തരമില്ലപറയുന്നതുമുണ്ടുഞാൻ
ഉളളം കുതിച്ചുകളിച്ചു ഭ്രമിക്കയും
ഉളളവണ്ണം കാണുമപ്പോൾ മയക്കവും
ഉണ്ടാകയാൽ മദ്യപാനിയിൽ വെച്ചിവ
നിണ്ടിലുണ്ടാകുമതിനില്ല സംശയം
എന്തുസുഖമതിൽ ചിന്തിച്ചുകാണുകിൽ.
സന്താപമെന്നിയൊന്നില്ലെന്നു നിൎണ്ണയം
മൎത്ത്യരെഹേഗുരുദ്രോഹമുണ്ടായവരി
ലെത്രനഖങ്ങളെകൊണ്ടു തലോടികി-
ലല്പമാകും സുഖമപ്പോളുണ്ടായ്വരും
പിൻപാടതിനാൽ വളൎന്നുചമഞ്ഞുപോം
കീറികളഞ്ഞു ചികിത്സചെയ്യും വിധൌ
തേറുന്ന ദു:ഖം പറയാവതല്ലല്ലൊ
എന്നപോലെ നരന്മാൎക്കു നാരീജനം
തന്നാൽവരുന്ന സുഖദു:ഖമൊക്കവെ
അല്പമേവന്നുകൂട്ട സുഖദു:ഖങ്ങ
ളല്പമല്ലൊട്ടുമനുഭവിക്കുന്നവ
രക്തവും മാംസവും മസ്ഥിയും മജ്ജയും *
മൂത്രമലങ്ങളുമുളളിൽ പൊതിഞ്ഞു
കാന്തികലൎന്നുളളതൊക്കു തന്നിൽ
പുതെച്ചന്തരമെന്നീ ദുൎഗ്ഗന്ധങ്ങൾ മററു
നീങ്ങുവാൻ ചാന്തണിഞ്ഞെന്തുകുറിയും
തിലകവും കുന്തലും കൂറയും കാഞ്ചന കാഞ്ചിയും
ഹേമാഭരണയും കൈക്കൊണ്ടു കോമള
വാമാക്ഷിമാർകളെ കണ്ടു കാമാശയാ
ശൌൎയ്യവും ഗൎവ്വവും മാനവും നാണവും
ധൈൎയ്യതപോബല ജാലവും കൈവിട്ടു
കഞ്ജാക്ഷിമാരെ നിനച്ചു സ്വയംബുദ്ധി

* "മാംസാസ്ഥി മജ്ജാ മലമൂത്രപാത്രം
സ്ത്രീയംസ്വയം രമ്യതൈവപശ്യതി."
—സൎവ്വവേദാന്ത സിദ്ധാന്ത സാരസംഗ്രഹം.

വഞ്ചിച്ചൂരെ കളഞ്ഞധികാർത്ഥരായി*
ദപ്കനിഷ്ടസഖിയാം യമന്റെ
കെല്പെഴും പാശമിന്നാരിയെന്നോരാതെ
ഭോജനംകണ്ടുവലയിലകപ്പെട്ടു
മേവും കളിക്കരങ്ങെന്ന കണക്കിനെ
കോപ്പുകൾകണ്ടു ഭ്രമിച്ചുചെന്നെത്രയും
പെപ്പെട്ടുതന്നെ ചമയുന്നിതേവനും
അഗ്നിയുമസ്ത്രവുമെങ്കിലും കാമത്തിൽ
മഗ്നനായൊള്ളമഴലില്ല നിർണ്ണയം
അക്കനെന്നാലുമുള്ളിൽ ചുട്ടുകയി
ല്ലിക്കനലുള്ളമെല്ലാം ദഹിച്ചീടുന്നു
അഗ്നിചുഴന്നു ദേഹംദെഹിക്കിൽജലേ
മഗ്നനായീടുകിൽ താപന്തണിഞ്ഞുപോം
വിഘ്നമെന്നാലും വരുത്താനാവതല്ല
കാമാഗ്നിവളർന്നു ചമെകിലൊരുവനും
ദാനമാനാദിനീറാക്കുവാനിന്ധനം
കാമിനിമാർകൾ കാമാഗ്നിക്കു നിർണ്ണയം
വിദ്യാതപോവിവേകാദികളൊക്കവെ
വെന്തുനീറായ്ച്ചമഞ്ഞിട്ടുമനുക്ഷണം
ദുർവൃത്തിയും ദുരാചാര ദുർമ്മാനവും
ദുഷ്ക്കീർത്തിയും ഭുവിനീളെപരന്നുടൻ
അത്രഭ്രൂമൌമഹാദു:ഖിതനായവരും
മൃത്യുകാലകത്തിൽ നരകവും കൈവരും
ആകയാൽ കാമിനിവൃത്തനായുള്ളവ
നാകുലമേതുമൊന്നില്ലെന്നു നിർണ്ണയം
ഭോഗങ്ങളെല്ലാം വെടിഞ്ഞുവെന്നാകിലും
ഭോജ്യങ്ങളെ വിവർജ്ജിച്ചേസുഖംവരു
ചക്ഷുരസത്തെ വിരസംവരുത്തിലെ
സ്വാസ്ഥമായ്വന്നുകൂട്ടുഹൃദയാംബുജെപോൽ

---

* കാമനും യമനും ഏററവും അടുപ്പമുണ്ടെന്നു കാണിച്ചുകൊണ്ടു—
'കാമ ഏവ യമ സാക്ഷാൽ
കാന്താവൈതരണീ നദീ' എന്നു ശങ്കരാചാര്യർ.



പഴമെന്നാകിലും ലവണം വെടി
ഞ്ഞെഴുന്നാളെ പുളിക്കഞ്ഞിയെന്നാകിലും
ഭക്ഷിക്കിലേതും പ്രതിപക്ഷമില്ലല്ലോ
കുക്ഷിക്കിതെല്ലാം കണക്കെന്നറിഞ്ഞാലും
സ്വാദാകിലുമതി ദുസ്വാദതാകിലും
ജഠരെ ചെന്നാൽ മലമായ്വരുമെല്ലൊ
കണ്ഠമതിന്നുമേലെന്നിയെയൊന്നിനു
മുണ്ടൊരുചിക്കുഭേദങ്ങളോക്കിലും
ആകയാലെന്തുഭജിപ്പതെന്നാലതു
ശോകശാന്തിക്കുപജീവിച്ചുകൊള്ളണം
അല്ലാതെ മുന്നമ്പറെഞ്ഞരസങ്ങളെ
വല്ലാതെ മോഹിച്ചു ഭുഖിക്കരുതല്ലോ
ഹൃദ്യമായാനന്ദവാരിയായത്ഭുതം
സ്തുത്യമായുള്ളഭഗവൽ ചരിതങ്ങൾ
ഭക്തിയോടെ ജപിക്കേണമതിൽപരം
ഭക്തങ്ങളെന്തുരസം പറഞ്ഞീടുവിൻ
അപ്പോലെതന്നെ സുഖദു:ഖജാലവു-
മുൾപൂവിലോർത്തു നി(ർവ്വ)ദം ഭവിക്കേണം
മുജ്ജന്മനിചെയ്തു പുണ്യപാപങ്ങളാ
മിജ്ജന്മനീസുഖദു:ഖങ്ങൾ നിർണ്ണയം
ഏതൊന്നിഹ കൃതമായതെന്നാലവ
യന്തരമില്ല ഭവിക്കുമെന്നോരാതെ
യാതൊരുനാളും സുഖങ്ങൾ തേടീടുകിൽ
ഖേദമെന്നുകൂട അവനെന്നുമെ
സൌഖ്യം വരുമ്പോഴും ദു:ഖംവരുമ്പോഴും
സൌഖ്യദു:ഖങ്ങൾ സമമായിവരുമ്പോഴും
ഏതൊന്നതാകിലു മേതൊരുകാലവു
ന്നാഥനനുഗ്രഹമെന്നുചിന്തിച്ചുടൻ
ഭേദമില്ലാതെമേവീടുന്നു സജ്ജനം
നാഥനല്ലാതെ സ്വതന്ത്രമല്ലായ്കയാൽ
ഏവംബഹുവിധമായ്പ്പറഞ്ഞീടിന
ഭാവനയാദിയാംനിഷ്ഠാവിധങ്ങളെ
സത്യമായി വിശ്വസിച്ചേകാന്തചേതസാ

നിത്യംവ്ളന്നോരുസാധനയാദൃഢം
ഭാവനാതീതമാംനിഷ്ഠയെചെന്നധി
കാനന്ദസൌഖ്യമനുഭവിച്ചീടുക
ഭാവനയാദികളെന്നു പറഞ്ഞതും
ഭാവനയാദികൾ തന്നിൽ ബഹുവിധം
ഓരോന്നു തന്നിലനേകം വിധംവഴി
നേരൊടടങ്ങുകയാലുമതെന്നിയെ
കൂറായ വേദശാസ്ത്രങ്ങളിലുമ്പല
കൂട്ടുകയാലും പറഞ്ഞിതു നിർണ്ണയം
ഇങ്ങിനെയുള്ള സമാധിയാന്നി ഠയെ
മംഗലാത്മേന സാധിച്ചപാരുംവിധൌ
കായവും വാക്കുമിളക്കമൊഴിഞ്ഞൊഴി
ഞ്ഞെന്നുമെ ഇന്നിലാ കൈവരികില്ലല്ലൊ
പംകമൊഴിഞ്ഞ നിർജ്ജലമാകിലും
ന്നിൽകമ്പമുണ്ടാകിലുംണ്ടാകാതതുപോലെ
നാനാ ഉപാധികളുമടങ്ങീടുകിൽ
നന്നായുറക്കമതിനില്ല സംശയം
മൌനമത്രെ ഇതിന്നാധാരമായതു
മൌനിക്കു പിന്നെ വരുത്തേണ്ടതില്ലല്ലോ
സാഗരത്തിൽ തിരമാറിയതുപോലെ
യേകാന്ത നിഷ്ഠയുറച്ചവാഴുംവിധൌ
ഇപ്പോഴുറെച്ചു ചമഞ്ഞിതെന്നുള്ളൊരു
ദുർബ്ബോധമുള്ളിലുറച്ചിതെന്നാകിലൊ
അപ്പൊഴെ നിഷ്ഠയന്യൂനമല്ലന്നാശു
മുല്ലാട്ടുവേദങ്ങൾ കൂറുക കാരണം
കിഞ്ചനപോലും വികല്പമുണ്ടാകാതെ
രഞ്ജിച്ചതന്നെ മരുവുകയുംവേണം
എന്നിയെയെന്മനനംവന്നൊത്രയും
അഞ്ചുകർമ്മേന്ദ്രിയജാലവും ശേഷിക്കും
എന്നാലിവർണ്ണം പറഞ്ഞൊരു നിഷ്ഠയും
എങ്ങിനെവന്നു ഞായം പറഞ്ഞീടുവിൻ
ആകയാലിച്ചൊന്ന സാധനഞ്ചൈവവ



ക്കാകവചനവും കർമ്മവുമൊട്ടുമെ
ഏവമ്പറഞ്ഞ സമാധിയാന്നിഷ്ഠയിൽ
ഭാവനയെല്ലാ മൊഴിഞ്ഞു ലയിച്ചവൻ
പിന്നെയൊന്നോ നടനാദികൾ ചെയ്കിലും
ആനന്ദ ലീലയെന്നേവരു നിർണ്ണയം
ആനന്ദവാരാന്നിധിയിൽ മുഴുകി
യജ്ഞാനികൾ തൻസ്വഭാവങ്ങളെ ചൊല്ലുവാൻ
വേദാദിയാലും വിരിഞ്ചാദികളാലും
മേതുമരുതതിന്നില്ലകില്ലേതുമെ
കാമകോപാദിയിൽ തന്നിൽ മുഴുകിയ
പ്രേമനമുള്ളവർ കാട്ടുന്നതുപോലെ
ജ്ഞാനവാരാന്നിധിയിൽ പതിച്ചെത്രയും
ആനന്ദമോട്ടു പരവശ ചിത്തരായി
ഒട്ടുകളിച്ചു ചിരിച്ചുമത്യാദരാൽ
പുഷ്ടമോദമെഴുന്നീററുനമിക്കയും
പാടികളിക്കകൂടി സ്തുതക്കയും
നാടിസ്മരിക്കയും പാടെ ജപിക്കയും
ഭക്ത്യാപരവശരായവർ തന്തൊഴിൽ
ചിത്രമെന്നെ പറയാവിതു* നിർണ്ണയം
അത്രയുമല്ല പ്രപഞ്ച പതികളെ
ചിത്തമോദേന സേവിക്കയുമില്ലല്ലൊ
ഭക്ഷണത്തിന്നു നാട്ടുംപരിപൂർണ്ണമാം
വസ്ത്രത്തിനുവരും കുപ്പക്കളമതും
ഉണ്ടാകുമലമവരോരൊ പേരെയും
കൊണ്ടാട്ടമാറില്ലൊരിക്കലുമെന്നുമെ
പ്രാരബ്ധകർമ്മമാം ബന്ധിച്ച കായത്തെ
പെട്ടവോളവും ഭക്ഷണാന്ന്യങ്ങൾക്ക

---

ഭക്തിയാൽ ഉന്മത്തനായവന്റെ സ്ഥിതി—

* " ഏവംവ്രതഃ സൽപ്രിയനാമകീർത്ത്യാ
ജാതാനുരാഗോദ്ഭൃത ചിത്ത ഉച്ചൈഃ
ഹസത്യഥോ രോദിതി രൌതിഗായ
ന്നുന്മാദവന്നൃത്യതി ലോകബാഹ്യഃ "—ഭാഗവതം.

സേവിക്കവേണ്ടിവരുമെന്നിരിക്കിലും
സേവിക്ക വേണ്ടിവരാ അവക്കൊട്ടുമെ
ഭക്ഷണത്തിന്നും ഭിക്ഷാന്നവും കൌപീന
വസ്ത്രങ്ങളുമതുപോലെ ലഭിക്കയാൽ
അത്രയുമല്ല ഭിക്ഷാന്നങ്ങൾ വാങ്ങുവാൻ
പാത്രങ്ങൾ പോലുമില്ലന്നുവരികിലും
സേവിക്കയില്ലവർ മൂഢരെ തങ്കര
പാത്രമനുകൂലമായുണ്ടാകയാൽ
മാലറുമാറവർകൾക്ക വന്ദിപ്പതി
നാലയമാരണ്യവും പർവ്വതങ്ങളും
അത്രപോലും മഹാദുശ്ശീലികളോടു
ശ്രദ്ധിക്കയില്ലൊരു ദേശമെന്നാകിലും
ദുഷ്ടരോടുകൊണ്ടു കർമ്മം വളരുന്നതും
*സംഗേനതന്നെ സുഖദുഃഖജാലവും
സംഗേന ബന്ധമോക്ഷങ്ങൾ സാധിപ്പതും
ആകയാൽ ദുസ്സംഗതി വെടിഞ്ഞീടുവാ
നേകാന്തമായ്മരുവിടുന്നൂതിങ്ങിനെ
കോമളമായ തല്പങ്ങളവർകൾക്ക
ഭൂമിതന്നെ ഉപധാനമാകുന്നതും
അർത്ഥിക്കയില്ല പുരുഷാർത്ഥമെന്നിയെ
നിത്യമല്ലല്ലൊ സുഖമതു കാരണം
ആദ്യന്തഹീനമായി നിത്യമായി പൂർണ്ണമാം
ലോകങ്ങളായി ബഹു ലോകിനാം ജീവനായി
ദൃഷ്ടങ്ങളായ ദൃഷ്ടങ്ങളായി ജഗൽ
പുഷ്ടനാകുമ്പരൻ മേവുകാരണം
ബന്ധു ശത്രു സമഭേദങ്ങളൊന്നുമെ
ചിന്തിക്കയില്ല സുജ്ഞാനികളായവർ
അന്യജനവുമനന്യവുമെന്നുള്ള
തൊന്നൊഴിയാതെ പരമായകാരണം
അപ്പരമസ്വരൂപത്തിന്മയമായന്യ
പുമാന്മാരിൽ പറഞ്ഞവയൊന്നിനെ

* "പ്രസംഗമജരം പാശമാത്മന! കവയോ വിദുഃ
സ ഏവ സാധുഷു കൃതോ മോക്ഷദ്വാരമപാവൃതം."



കൈകൊൾകയും പേടിക്കുന്നതും കൂടാതെ
യൊക്കെയൊഴിയും വിധിയും നിഷേധവും
പ്രാരബ്ധകർമ്മകാലം വെടിവോളവും
പൂരിച്ചുചെയ്യുന്ന പുണ്യപാപങ്ങളും
തങ്ങളൊടൊന്നുമെ പററുകയില്ലല്ലോ
മംഗലബ്രഹ്മസമർപ്പണം ചെയ്കയാൽ
വന്ദ്യരായുള്ളൊരവർകളയെത്രയും
നിന്ദാമതികളാം മൂഢരായുള്ളവർ
പാപംപരിഹരിപ്പു കരുതുമവർ
പുണ്യങ്ങളെ പുകൾത്തിടുന്നവർകളും
ഇങ്ങിനെ കൈകൊൾവതിന്നു ഭക്ഷിക്കുന്ന
ഗർവ്വികളായ മൂഢന്മാരിലൊട്ടുമെ
മോക്ഷമുണ്ടാകയില്ലന്നതുമല്ലവർ
ക്കേഷ്യുകാരുണ്യമുണ്ടാകുമവർകളിൽ
കാരുണ്യമേതൽ സ്വരൂപമായിമേവുന്ന
നാഥനിലൈക്യം ലഭിച്ചുമുക്തന്മാരും
അങ്ങിനെതന്നെ കാണായജനങ്ങളിൽ
എങ്ങുംകരുണയുണ്ടായ്‌വരുന്നിർണ്ണയം
ഇച്ഛയാതന്നെ വിധിനിഷേധങ്ങളെ
വർജ്ജിപ്പു സ്വസ്ഥരായ് വാഴുംവിവേകികൾ
ജീവജന്തുക്കൾക്കിതങ്ങളെ ചെയ്യുമൊ
എന്നുചോദിക്കിലൊ ചൊല്ലുന്നതുണ്ടു ഞാൻ
ചെയ്യുമവർക്കസ്വഭാവമതുതന്നെ
മെയ്യെപറയാമിതെന്തിനെന്നാകിലൊ
കാരിരിമ്പിന്നു ചൂടില്ലെന്നിരിക്കിലും
പാരമുണ്ടല്ലൊ കനലൊടടുക്കുമ്പോൾ
എന്നതുപോലെയനുഗ്രഹശീലനാം
നാഥനിൽവേരററുമാറു കലന്നവർ
കാണായ ജീവജന്തുക്കൾക്ക സർവ്വദാ
നാനാഹിതങ്ങളും ചെയ്യുന്നതൊക്കയും
മായാസ്വരൂപത്തിനെന്നിയെനിത്യമാ
മാത്മസ്വരൂപത്തിനില്ലെന്നിരിക്കിലും

അസ്സംബോധങ്ങൾ ബന്ധത്തിൽതനിക്കില്ല
യാഞ്ഞപോലെ മററുള്ളോൎക്കുമില്ലായ്കയാൽ
ആയവൎക്കുള്ള താപങ്ങളെ പാൎത്തുപാ
ൎത്തായവണ്ണം ഹിതംചെയ്യുവാണീടുന്നു.
ചിത്താദിയോടും പ്രപഞ്ചവികാരവും
പററാതെയെല്ലാം നിവൃത്തിവരുത്തിലും
പ്രാണികളിൽ കൃപയുണ്ടായ്വരുമത്ര
ജ്ഞാനിയായുള്ള സ്വഭാവമാകുന്നതും
ഇങ്ങനെവൎത്തിച്ചു പോരും ഗുണികളാം
മംഗലമായമഹൽജ്ഞാനികളുടെ
ദേഹവിദേഹമുക്തിപ്രകാരങ്ങളെ
യാഹന്ത ചൊല്ലുവാൻ കേട്ടുകൊൾവിൻമുമ്പാ
കീഴിൽ കഴിഞ്ഞ സുഖദുഃഖജാലവും
മേൽനാളിനിവരും ചേതലാഭങ്ങളും
ഒന്നുമൊന്നുമെ മനസാ വിചാരിക്കാതെ
സന്ദേഹഹീനമമാന്നിശ്ചഞ്ചലത്വമായ
തൽക്കാലയൊ പരിവാസികൾ തങ്ങളൊ
ടൊക്കെയൊരുപോലെ മേവുമഹാഭ്രമൌ
ഭക്തരിൽ വെച്ചതിഭക്തനായുമമ
താന്ധവാന്മാരൊടു ബാന്ധവനായിലും
ബാലൎക്കു ബാലനായും വയസ്സുള്ളൊരു
വൃദ്ധരൊടെത്തുകിൽ വൃദ്ധസ്വഭാവവും
കൎമ്മാക്കന്മാൎക്കു മഹാകൎമ്മിയെപോലെ
കാമികൾക്കൊക്കവെ കാമിയെപോലെയും
ധൎമ്മികളൊടതിധൎമ്മിയായുമമഹാ ;
ദുഃഖിതന്മാരോടു ദുഃഖിതപോലെയും
യാതൊരുത്തൎക്കു മവൎഗ്ഗുണമ്പോലിനെ
ചെതസാതൊന്നിച്ചു താനതിധീരനായി
ഉൎവ്വികമിഴിലും സ്വൎഗ്ഗം നശിക്കിലും
പൎവ്വതമെല്ലാമിളകിനടക്കിലും
വാരിധിയേഴും വരണ്ടുചമകിലും
സൂൎയ്യചന്ദ്രന്മാർ നിറംകറുത്തീടിലും
അഗ്നിതണുക്കിലും അംബുവുഷ്ണിക്കിലും



ആകാശയൊനിന്നുഴിയിറങ്ങീടിലും
പ്രേതരായോരെഴുനീല്ക്കിലുംമാതൃതാ-
നെന്നെമരിക്കിലും കല്പമിരിക്കിലും
ദീനമാനെന്നഭേദിച്ചുഴന്നിടാതെ
ആനന്ദമായി മരുവീടുന്നീതശ്രമം
എന്നവർതന്റെ വിദേഹമുക്തിപ്രകാ
രങ്ങളുമിന്നുകേട്ടീടുവിൻ ചൊല്ലുവൻ
സഞ്ചിതപ്രാരബ്ധമാഗാമ്യമെന്നുള്ള
മൂന്നുകൎമ്മങ്ങളുമ്പിന്നെയുഞ്ഞൊല്ലെഴും
സ്ഥൂലവും സൂക്ഷ്മവും കാരണമെന്നുള്ള
മൂന്നുദേഹങ്ങളും പുണ്യവും പാപവും
എന്നിവയെല്ലാം നശിച്ചുപരമനിൽ
ഒന്നായിലയിക്കുമതെങ്ങിനെയെങ്കിലൊ
മുന്നമെയുള്ളൊരു സഞ്ചിതകൎമ്മമി
ജ്ഞാനമാമഗ്നിയിൽ വെന്തുനിറായ്വരും
അഗ്നിഖണ്ഡിക്കിച്ചവിടെവാഴുന്നവ
വിഘ്നതയെന്നീവരുമൊ ശിവശിവ
ആഗാമ്യ കൎമ്മംവറുത്തു ചമഞ്ഞുള്ള
ബീജങ്ങളെപ്പോലെ വൎദ്ധിക്കയില്ലല്ലൊ
അപ്പോലെതന്നെ പ്രാരബ്ധമാം കൎമ്മവും
കെല്പോടനുഭവിച്ചു നശിക്കായ്വരും
കാരണമായെയൊ (രിന്ധന) ശരീരത്തെ ?
മാരണഞ്ഞെയ്ത്തീടുമജ്ഞാനപാവകൻ
സ്ഥൂലശരീരവും പ്രേതമായിടുന്നു.
ചാലെശരീരകാൎയ്യം നശിക്കും വിധൌ
സ്ഥൂലത്തിലെന്നിയെ സൂക്ഷ്മമിരിക്കയി-
ല്ലായ്കയാൽ സൂക്ഷ്മവുംകൂടെ നശിച്ചുപോം
പാപപുണ്യങ്ങളുമെന്നപോലെതന്നെ
സേവിച്ചവൎക്കും ദുഃഖിച്ചവൎക്കുംപോകും
എട്ടുമീവണ്ണമെ നഷ്ടമായ്വന്നതിൽ
നഷ്ടമാവാതെതാനാകുമാത്മാവതും
പുഷ്ടസൌരഭ്യം ഗ്രഹിച്ചുകൊണ്ടങ്ങിനെ

വായ്വോട്ടുപോകുന്ന മന്ദമാം മാരുതൻ
ഒട്ടുനടന്നുചെന്നാകാശസീമനി
പെട്ടെന്നു നിശ്ചലംസ്തംഭിച്ചതുപോലെ
ആദ്യമാം നിഷ്കളമായി നിരാകാരമായി
സത്യമായി സർവ്വമായി സാക്ഷിസ്വരൂപമായി
ശുദ്ധമായി നിത്യമായാനന്ദപൂർണ്ണമായി
സത്തുചിത്താപദമായി . . . .
ഒന്നായിരിക്കും പരമസ്വരൂപത്തി-
ലൊന്നായി മരുവിന്നിതാത്മാവനാമയം
യോജ്യമായിങ്ങിനെ മേവുന്നതെല്ലോ
സായുജ്യമായുള്ളോരു മോക്ഷമെന്നറിഞ്ഞാലും
ഇങ്ങിനെ ദേശികവാക്യം ഗ്രഹിച്ചതി
മംഗലനായൊരു ബാലകനമ്മുദാ
നന്ദിച്ചതൻ ഗുരുപാദ പങ്കരുഹെ.
വന്ദിച്ചു നന്നായി സമാധിയാം നിഷ്ഠയാൽ
നന്നായുറെച്ചു പരമനിർഭേദമാ
യൊന്നിച്ചുനിന്നു ജീവന്മുക്തനായിനാൻ
നിങ്ങളുന്നന്നായിഗ്രഹിച്ചുകൊണ്ടീടുവിൻ
മംഗലമേന്മേൽ നന്നായി വളർന്നുവന്നീടുവാൻ
ചൊല്ലേറുന്നൊരു തത്വാർത്ഥവാക്യങ്ങളി
ലില്ലിതിന്മീതെയിനിയൊന്നു ചൊല്ലുവാൻ
സർവ്വവേദാന്തസാരാർത്ഥനിരൂപമാം
സർവ്വവിജ്ഞാനിനാ സമ്മതന്നിർണ്ണയം
അർത്ഥാശയുള്ള ജനങ്ങളവനിയിൽ
ഒക്കത്തിരഞ്ഞൌഷധങ്ങളെ കൈകൊണ്ടു
പാകത്തിലാമ്മാറുയോജിച്ചൊരഞ്ജന
യോഗത്തെയുള്ള കരത്തിലിട്ടാദരാൽ
മണ്ണിൽമറഞ്ഞു മേവീടുന്ന നിധികളെ
ദണ്ഡമൊഴിഞ്ഞു കണ്ടീടിനപോലിനെ
വേദകാവ്യാഗമ ശാസ്ത്രപുരാണങ്ങളാം
തന്നിലുള്ളോരു തത്വാർത്ഥവാക്യങ്ങളെ
ചേർത്തുയോജിച്ചു തൽജ്ഞാനാനാഞ്ജന-
പരമാർത്ഥമാകുന്നിധികണ്ടുതരുമല്ലോ



ഓർത്തു മനസാ വിചാരിച്ചുകാണുകിൽ
ചേർത്തിതിന്മീതെ പറയേണ്ടതെന്തിനി
പുഷ്പങ്ങൾതോറുമുള്ളോരുമധുവതു
ഷട്പദമെല്ലാം ഗ്രഹിച്ചൊരുക്കൂട്ടിയ
നൽത്തേൻനുകർന്നു പശിയടക്കാതവ-
രിപ്പാരിലുണ്ടോ നിരൂപിച്ചുകാണുകിൽ
പാൽക്കടലിൽ ഗിരിചേർത്തുകടഞ്ഞെടു
ത്താക്കമായ്വെച്ചിരിക്കുന്ന പീയൂഷത്തെ
മേലെയാശിച്ചു ജരാനരമാററുവാൻ
നല്ലാതവക്കു ചൊല്ലാവതെന്തിനി
ഭക്തിവിശ്വാസാദിയാൽ വിചാരിച്ചു കാണുകിൽ
മുക്തിക്കിതിന്മീതിനിയെന്തുവേണ്ടതും
ജന്മസംസാരാംബുധി കടന്നീടുവാ
നന്മതേടീടുന്നതോണീയിതുതന്നെ
അജ്ഞാനമായതമിസ്രമകററുവാൻ
സുജ്ഞാനമായൊരു ദീപമിതായ്വരും
ദുർവ്വാസനകളായുള്ള മേഘങ്ങളെ
ഛിന്നമാക്കുഞ്ചണ്ഡമാരുതനാമിത
സൽബുദ്ധിചേരും വിവേകികൾ മാനസ
പത്മത്തിനർക്കനെന്നേ പറഞ്ഞിടാവൂ
ഇങ്ങിനെ ചൊന്നാരവിരോധമാകു
മിജ്ഞാന ചൂഡാമണിയായൊരിതുമുദാ
കേൾക്കിലും ചൊല്ലുകിലുമുള്ളതിൽ സ്മരിക്കിലും
ആക്കമുള്ളൊരു വിജ്ഞാനമുണ്ടായ്വരും
കാട്ടുമിതുമഹാ സൽഗുരുനാഥനെ.
കാട്ടും ഗുരുവും പരമസ്വരൂപത്തെ
കാട്ടുകയില്ലനാഥന്മാറുകിഞ്ചന
കൂട്ടുംപരമസായൂജ്യം പരാപരം
ഇത്ഥമുരചെയ്തു വേദാന്തവേദ്യമാം
നിത്യസ്വരൂപനിൽ ചിത്തമുറപ്പിച്ചു
ബുദ്ധിതെളിഞ്ഞു ഭഗവൽ സ്തുതിചെയ്തു
ഭക്ത്യാപറന്നുപോയാൻ കിളിപ്പൈതലും.

[ജ്ഞാനപീയൂഷം സമാപ്തം]

# LIST OF AGENTS FOR THE SALE OF MADRAS GOVERNMENT PUBLICATIONS.

---

## IN MADRAS CITY.

ACCOUNT TEST INSTITUTE, Egmore, Madras.
CITY BOOK COMPANY, Madras-4.
HIGGINBOTHAMS, LIMITED, Madras-2.
P. VARADACHARI & Co., Madras-2.
THE SOUTH INDIA SAIVA SIDDHANTHA WORKS PUBLISHING SOCIETY, Madras-1.
VENKATRAMA & Co., Madras-1.
V. PERUMAL CHETTY & SONS, Madras-1.
M. DORAISWAMY MUDALIAR & Co., Madras-1.
C. SUBBAIAH CHETTY & SONS, Madras-5.
SOUTH INDIA TRADERS, Madras-14.
FREE INDIA CO-OPERATORS' AGENCY, Madras-14.
THE SECRETARY, THE CENTRAL POLYTECHNIC CO-OPERATIVE STORES, LIMITED, Madras.

## IN MUFASSAL.

THE EDUCATIONAL SUPPLIES COMPANY, (R.S. Puram) Coimbatore.
D. SREEKRISHNAMURTHY, Ongole, Guntur district.
M. SESHACHALAM & Co., Masulipatnam, Krishna district.
HINDUSTAN DIARY PUBLISHERS, Vijayavada, Krishna district.
THE COMMERCIAL LINKS, Governorpet, Vijayavada, Krishna district.
E. M. GOPALAKRISHNA KONE, Madurai, Madurai district.
K. P. AHMED KUNHI & BROS., Cannanore, Malabar district.
P. K. BROTHERS, Kozhikode, South Malabar district.
A. VENKATASUBBAN, Vellore, North Arcot district.
TIMES MODERN MART, Salem, Salem district.
K. BHOJA RAO & Co., Mangalore, South Kanara district.
U. R. SHENOY & SONS, Mangalore, South Kanara district.
P. N. SWAMINATHA SIVAM, Pudukkottai, Tiruchirappalli district.
S. KRISHNASWAMI & Co., Tiruchirappalli.
PALANIAPPA BROTHERS, Tiruchirappalli.
S. R. SUBRAMANIAM, Tirunelveli, Tirunelveli district.
ARIVUNOOLAGAM, Ootacamund Nilgiris.
TRIVENI PUBLISHERS, Masulipatnam.

## IN OTHER STATES.

JAIN BOOK AGENCY, New Delhi-1.
INTERNATIONAL BOOK HOUSE, Trivandrum.
BHARAT STORES, Ernakulam.

## AGENTS SPECIALLY APPOINTED FOR THE SALE OF SRI BHARATHIAR'S PUBLICATIONS.

ANANDAVIKATAN, Madras-2.
THE SWADESAMITRAN, Madras-2.
SRIMAGAL & Co., Madras-1.
M. PALANI & Co., Pudukkottai.
THE KALAIMAGAL & Co., Colombo-11.
MOHAN & Co., LIMITED, Colombo.